കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കോട്ടയം നഗരസഭ

# ഓഡിറ്റ് റിപ്പോർട്ട് 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
നഗരസഭാ ഓഡിറ്റ് കാര്യാലയം, കോട്ടയം

**e-mail: mlktm.ksad@kerala.gov.in**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം. കെ.എസ്.എ-കെ.എം.എം.3/483/2017.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
നഗരസഭാ ഓഡിറ്റ് കാര്യാലയം, കോട്ടയം,
തീയതി: 30.12.2017.

ഡെപ്യൂട്ടി ഡയറക്ടർ.

ചെയർമാൻ/ചെയർപേഴ്സൺ

കോട്ടയം നഗരസഭ.
(സെക്രട്ടറി മുഖേന)

സർ,

വിഷയം : കോട്ടയം നഗരസഭ 2016-17 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ നഗരപാലികാ നിയമം 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോട്ടയം നഗരസഭയുടെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ 2(1), 2(2), 2(3), 2(4), 2(5), 2(9), 2(10), 2(14), 2(15) ഖണ്ഡികകളിലേയ്ക്കും ഭാഗം 3 ലെ, 3(4), 3(11), 3(12), 3(15), 3(24) എന്നീ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 കേരള മുനിസിപ്പാലിറ്റി (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997-ലെ കേരള മുനിസിപ്പാലിറ്റി പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും

ചട്ടങ്ങളിലെ ചട്ടം 21(1) (2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

3) റീജീയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ് കൊല്ലം.

4) കാര്യാലയ പകർപ്പ്.

നം. കെ.എസ്.എ-കെ.എം.എം.3 /483/2017. തീയതി: 30.12.2017.

കോട്ടയം ജില്ലയിലെ കോട്ടയം നഗരസഭയുടെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള നഗരപാലിക നിയമം- വകുപ്പ് 295(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം നഗരസഭയുടെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി നഗരസഭ 31/03/17 വരെ വിവിധ ഇനങ്ങളിലായി രസീത് മുഖേന നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 58 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥർ | | ശ്രീ. ഷൈജു. എസ്, ഡെപ്യൂട്ടി ഡയറക്ടർ. (01.06.2017 മുതൽ 31.07.2017 വരെ) |
| | | ശ്രീ. സാബു ജോസഫ്, ഡെപ്യൂട്ടി ഡയറക്ടർ. (01.08.2017 മുതൽ തുടരുന്നു.) |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 01.06. 2017 മുതൽ 30.11. 2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | 1 | ശ്രീമതി ബീനാകുമാരി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| | 2 | ശ്രീ. കെ. വി സന്തോഷ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| | 3 | ശ്രീമതി കൊച്ചുമോൾ. എം, സീനിയർ ഗ്രേഡ് ഓഡിറ്റർ. |
| | 4 | ശ്രീ. മനേഷ്കുമാർ. ജി, സീനിയർ ഗ്രേഡ് ഓഡിറ്റർ. |
| | 6 | ശ്രീ. ശരത്. എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ. |
| | 7 | ശ്രീമതി. ജ്യോതിലക്ഷ്മി. ആർ, ഓഡിറ്റർ |
| | 8 | കുമാരി. സിനി ടി.എസ്, ഓഡിറ്റർ. |

(ബി) നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| ചെയർമാൻ | : | ഡോ.സോന പി.ആർ. | 01-04-2016 മുതൽ 31-03-2017 വരെ |
| സെക്രട്ടറി | : | ശ്രീ. എ. സി.കുര്യാക്കോസ് | 01-04-2016 മുതൽ 31-05-2016 വരെ |
| | : | ശ്രീ.പി.പി.മോഹനൻ (പി.എ.ടു സെക്രട്ടറി, ഇൻ ചാർജ്ജ്) | 01-06-2016 മുതൽ 31-03-2017 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ :

| ക്രമനം. | ഉദ്യോഗപേര് | പേര് | കാലയളവ് |
|---|---|---|---|
| 1 | എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീ. എം. മുരളീകൃഷ്ണൻ | 01-04-2016 മുതൽ 31-05-2016 വരെ |
| 2 | എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീ. റ്റി.ജി. പ്രതാപൻ | 01-06-2016 മുതൽ 31-03-2017 വരെ |
| 3 | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ: സി. വി. ശ്രീലത | 01-04-2016 മുതൽ 31-03-2017 വരെ |
| 4 | മെഡിക്കൽ ഓഫീസർ (അലോപ്പതി) | ഡോ: അനുഷ് | 01-04-2016 മുതൽ 31-03-2017 വരെ |
| 5 | വെറ്റിനറി സർജൻ | ഡോ: ബി. അജയകുമാർ | 01-04-2016 മുതൽ 31-03-2017 വരെ |
| 6 | ഹെൽത്ത് സൂപ്പർവൈസർ | ശ്രീ. ടോമി തോമസ് | 01-04-2016 മുതൽ 31-12-2016 വരെ |
| | | ശ്രീ. പി. വിദ്യാധരൻ | 01-01-2017 മുതൽ 31-03-2017 വരെ |
| 7 | പ്രോജക്റ്റ് ഓഫീസർ ദാരിദ്യലഘൂകരണവിഭാഗം | ശ്രീമതി എ. ബി. വിലാസിനി(ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് | 01-04-2016 മുതൽ 31-03-2017 വരെ |
| 8 | കൃഷി ഓഫീസർ | ശ്രീമതി ഗീതാ അലക്സാണ്ടർ | 01-04-2016 മുതൽ 31-03-2017 വരെ |
| 9 | എസ്.സി.ഡി.ഒ | ശ്രീ. അജിത്കുമാർ. എം.ആർ. | 01.04.16മുതൽ 10.8.16വരെ |
| | | ശ്രീ. ഡായിമോൻ. ജി. എസ് | 10.08.16 മുതൽ 31.3.17വരെ |
| 10 | സി.ഡി.പി.ഒ | ശ്രീമതി സാറാമ്മ എബ്രഹാം | 01-04-2016 മുതൽ 31-03-2017 വരെ |
| 11 | ഹെഡ്മിസ്ട്രസ് | ശ്രീമതി മിനി. സി | 01-04-2016 മുതൽ 31-03-2017 വരെ |
| 12 | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഫീസർ | ശ്രീ കേശവൻ നമ്പൂതിരി ശ്രീമതി ശാന്തി ആർ.പൈ | 01-04-2016 മുതൽ 25-02-17 വരെ |

| | | | |
|---|---|---|---|
| | | | 25-02-17മുതൽ<br>31-03-17 വരെ |

<u>ഉള്ളടക്കം</u>



| ക്രമ നം. | ഭാഗം – 1 | ഖണ്ഡിക നം. |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം - 2 | |
| 12 | വസ്തുനികുതി ഈടാക്കിയിട്ടുള്ളതിൽ അപാകത -83,575/- രൂപയുടെ കുറവ് | 2-1 |
| 13 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് | 2-2 |
| 14 | തൊഴിൽ നികുതി ഈടാക്കുന്നതിൽ വീഴ്ച- നികുതി പിരിവിലെ അപാകതകൾ നഗരസഭാ പരിധിയിൽ തൊഴിൽ നികുതി പൂർണ്ണമായും പിരിച്ചെടുക്കുന്നില്ല | 2-3 |
| 15 | നഗരസഭയുടെ കുമാരനല്ലൂർ മേഖലാ കാര്യാലയത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 2-4 |
| 16 | നഗരസഭയുടെ നാട്ടകം മേഖലാ കാര്യാലയത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 2-5 |
| 17 | നഗരസഭയുടെ കുമാരനല്ലൂർ മേഖല കാര്യാലയത്തിലെ സ്ഥാപനതൊഴിൽ നികുതി പിരിവ് കാര്യക്ഷമമല്ല | 2-6 |
| 18 | നഗരസഭയുടെ നാട്ടകം മേഖല കാര്യാലയത്തിലെ സ്ഥാപനതൊഴിൽ നികുതി പിരിവ് കാര്യക്ഷമമല്ല | 2-7 |
| 19 | 08.11.15ൽ നെഹ്റുസ്റ്റേഡിയത്തിൽ വെച്ച നടന്ന ഡോഗ്ഷോ യിൽ നിന്ന് വിനോദനികുതി ഈടാക്കിയിട്ടില്ല | 2-8 |
| 20 | നിർമ്മാണങ്ങൾ അനധികൃതമായി ഉടരുന്നു; നഗര സഭ നടപടി സ്വീകരിക്കുന്നില്ല | 2-9 |
| 21 | സ്വർണ്ണ വിൽപ്പന നടത്തുന്ന വ്യാപാരസ്ഥാപനങ്ങളിൽ നിന്നും ഡി & ഒ ലൈസൻസ് ഫീസ് കുറവായി ഈടാക്കിയത് സംബന്ധിച്ച്. | 2-10 |

| | | |
|---|---|---|
| 22 | റേഷൻ കടകളുടെ ഡി & ഒ ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല | 2-11 |
| 23 | ഡി & ഒ ലൈസൻസ് ഫീസ് കുറവായി ഈടാക്കിയത് സംബന്ധിച്ച്. | 2-12 |
| 24 | 2016-17 പൊതുലേലങ്ങൾ | 2-13 |
| 25 | വാടകക്കാലാവധി യഥാസമയം പുതുക്കി നൽകിയിട്ടില്ല. വാടക വരുമാനത്തിൽ നഷ്ടം. | 2-14 |
| 26 | കോടിമത കാന്റീൻ ലേലം-ചട്ടങ്ങൾക്ക് വിരുദ്ധമായി ഇളവ് അനുവദിച്ചു-മുനിസിപ്പൽ ഫണ്ടിനു നഷ്ടം | 2-15 |
| 27 | ഓപ്റ്റിക്കൽ ഫൈബർ കേബിൾ ഇടുന്നതിന് അനുമതി - തറവാടക ഈടാക്കിയിട്ടില്ല. | 2-16 |
| 28 | ഇ-ടെണ്ടറിൽ പങ്കെടുക്കുന്ന വ്യക്തികൾ ഒടുക്കുന്ന ടെണ്ടർ ഫോം വില മുനിസിപ്പൽ ഫണ്ടിൽ വരവ് വന്നിട്ടില്ല-2,73,650/- രൂപയുടെ കുറവ് | 2-17 |
| 29 | നഗരസഭയിൽ ഡിമാൻഡ്രാഫ്റ്റ് ആയി ലഭിച്ച EMD തുകകൾ തനതു ഫണ്ടിൽ നിക്ഷേപിക്കാൻ കാലതാമസം | 2-18 |
| 30 | ടെണ്ടർ ഫോം വില ഈടാക്കിയതിൽ കുറവ് | 2-19 |
| 31 | നിരതദ്രവ്യം മുനിസിപ്പൽ അക്കൗണ്ടിൽ വരവുവച്ചിട്ടില്ല. | 2-20 |
| 32 | സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കിയതിൽ കുറവ് | 2-21 |
| 33 | 2,68,78,336/- രൂപയുടെ ചെക്കുകൾ യഥാസമയം ബാങ്കിൽ സമർപ്പിച്ച് പണമാക്കി മാറ്റിയിട്ടില്ല | 2-22 |
| | ഭാഗം - 3 | |
| 34 | മുനിസിപ്പൽ ഓഫീസ് - ഇന്റീരിയൽ മോഡിഫിക്കേഷൻ - രണ്ടാംഘട്ടം സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി അധികം തുക നിർവ്വഹണ ഏജൻസിക്കനുവദിച്ചു. | 3-1 |
| 35 | മുനിസിപ്പൽ ഓഫീസിൽ ജനറേറ്റർ സ്ഥാപിക്കൽ - പദ്ധതി നിർവ്വഹണത്തിൽ അപാകതകൾ | 3-2 |
| 36 | മുള്ളങ്കുഴി ഫ്ലാറ്റിന് ഇലക്ട്രിഫിക്കേഷൻ - പദ്ധതിയംഗീകാരം ലഭിക്കുന്നതിനു മുമ്പ് തുക ഡെപ്പോസിറ്റ് ചെയ്തു. | 3-3 |
| 37 | മുള്ളങ്കുഴി ഫ്ലാറ്റ് നിർമ്മാണം - ബാലൻസ് വർക്ക് - പദ്ധതി നിർവ്വഹണത്തിൽ അപാകതകൾ. | 3-4 |
| 38 | കുഴൽ കിണർ നിർമ്മാണം - തുക നിക്ഷേപിച്ചത് - വിനിയോഗ വിവരങ്ങൾ ലഭ്യമായിട്ടില്ല. | 3-5 |
| 39 | നാഗമ്പടം റെയിൽവേ മേൽപാല നവീകരണം- പൂർത്തീകരണ രേഖകൾ ഹാജരാക്കിയില്ല. | 3-6 |
| 40 | നഗരസഭയിലെ വിവിധ പ്രവൃത്തികൾക്കായി ബിറ്റുമിൻ - ഇമൽഷൻ വാങ്ങൽ - അധിക തുക ഈടാക്കൽ സംബന്ധിച്ച്. | 3-7 |
| 41 | ഐ.കെ.എം പ്രവർത്തനങ്ങൾക്ക് അധിക തുക നല്കിയത് - 55942 രൂപ തടസ്സപ്പെടുത്തുന്നു | 3-8 |
| 42 | ഉത്തരവുകളെ മടികടന്നുള്ള വാഹനം വാങ്ങൽ- തുക തടസ്സപ്പെടുത്തുന്നു | 3-9 |
| 43 | സോഫ്റ്റ്‌വെയർ ടെക്നോളജി പാർക്ക്- പദ്ധതി ഉപേക്ഷിച്ചിട്ടും പദ്ധതിക്കായി വാങ്ങിയിട്ടുള്ള ഉപകരണങ്ങൾ യഥാസമയം ഏറ്റെടുത്തിരുന്നില്ല-7,47,623/- രൂപയുടെ ഉപകരണങ്ങൾ ഉപയോഗശൂന്യമായി-40760/- രൂപയുടെ ഉപകരങ്ങൾ നഷ്ടമായി | 3-10 |
| 44 | കൃഷി ഓഫീസർ നടപ്പിലാക്കിയിട്ടുള്ള നെൽകൃഷി വികസന പദ്ധതി - നെൽ വിത്തുകൾ സർക്കാർ അംഗീകൃത ഫാമുകളിൽ നിന്നും വാങ്ങിയില്ല-വാങ്ങിയ വിത്തുകൾക്ക് ഉയർന്ന തുക നൽകിയിരിക്കുന്നു-6,17,000/- രൂപ നിരാകരിക്കുന്നു. | 3-11 |
| 45 | വാഴക്കന്ന് വിതരണം-പദ്ധതി നടത്തിപ്പിൽ അപാകത-33,222/-രൂപ നിരാകരിക്കുന്നു | 3-12 |
| 46 | സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ഐ.സിഡി.എസ് ഓഫീസിലേക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങി-1,49,469/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 3-13 |
| 47 | വയോജന ക്ലബ്ബുകൾക്ക് ഫർണിച്ചർ വാങ്ങൽ - ആവശ്യകതയിൽ കൂടുതൽ കസേരകൾ വാങ്ങി- | 3-14 |

| | | |
|---|---|---|
| | മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നില്ല | |
| 48 | അംഗൻവാടികളിൽ പോഷകാഹാര വിതരണം - അധിക ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് നൽകി-16,086/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. | 3-15 |
| 49 | സ്കൂളുകളിൽ സാനിട്ടറി നാപ്കിൻ വിതരണം(ഷീപാഡ് പദ്ധതി)-1,00,000/- രൂപ-പദ്ധതി നാളിതുവരെ നടപ്പിലാക്കിയിട്ടില്ല | 3-16 |
| 50 | പാലിയേറ്റീവ് കെയർ പദ്ധതി - അപാകതകൾ | 3-17 |
| 51 | പാലിയേറ്റീവ് കെയർ - വാഹനവാടക രേഖകൾ ഹാജരാക്കിയില്ല | 3-18 |
| 52 | ദ്വിവർഷ ഭവന നിർമ്മാണ പദ്ധതികൾ നാളിതുവരെ പൂർത്തിയാക്കാത്തത് -പദ്ധതി പ്രവർത്തനത്തിലെ അനാസ്ഥ | 3-19 |
| 53 | എസ്.എസ്.എ പദ്ധതി- തുക നൽകുന്നതിൽ മാത്രം പരിമിതപ്പെടുന്നു | 3-20 |
| 54 | പൈപ്പ് കണക്ഷൻ - സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല,ചെലവ്തുക തടസ്സപ്പെടുത്തുന്നു | 3-21 |
| 55 | സ്വച്ഛഭാരത് - ഒ.ഡി.എഫ് - ലാട്രിൻ നിർമ്മാണം - ഭാരതസർക്കാർ നഗരസഭയെ Open defecation free (O D F) ആയി പ്രഖ്യാപിച്ചിട്ടില്ല. | 3-22 |
| 56 | നഗരസഭയിലെ കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ വിഹിതം മുനിസിപ്പൽ കണ്ടിജന്റ് എംപ്ലോയീസ് പെൻഷൻ ഫണ്ടിൽ നിക്ഷേപിക്കുന്നില്ല. | 3-23 |
| 57 | പ്രവർത്തന സജ്ജമാകാത്ത നഗരസഭ വേ-ബ്രിഡ്ജ് -കറണ്ട് ചാർജിനത്തിൽ തുക ഒടുക്കിയത് സംബന്ധിച്ച്. | 3-24 |
| 58 | മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല. | 3-25 |
| 59 | മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണം നടത്തിയ ഫയലുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക തടസ്സപ്പെടുത്തുന്നു | 3-26 |
| | ഭാഗം – 4 | |
| 60 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 61 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 62 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 63 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 64 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 65 | ഓഡിറ്റ് റിക്കവറി | 4-6 |
| 66 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 67 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 68 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 69 | അനുബന്ധം- 1 (സാക്ഷ്യപത്രം) | |
| 70 | അനുബന്ധം – 2 (നാളിതുവരെ ബാങ്കിൽ സമർപ്പിച്ചിട്ടില്ലാത്ത ചെക്കുകളുടെ വിവരം) | |
| 71 | അനുബന്ധം – 3 (മുള്ളങ്കുഴി ഫ്ലാറ്റ് നിർമ്മാണം - അനുവദിച്ചതും അനുവദിക്കേണ്ടതുമായ നിരക്കുകൾ സംബന്ധിച്ച പത്രിക) | |
| 72 | അനുബന്ധം – 4 (സംക്ഷിപ്തം – ബാലൻസ് ഷീറ്റ്) | |
| 73 | അനുബന്ധം – 5 (സംക്ഷിപ്തം – ഇൻകം & എക്സ്പെന്റീച്ചർ) | |
| 74 | അനുബന്ധം – 6 (സംക്ഷിപ്തം – റസീപ്റ്റ് & പേയ്മെന്റ്) | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17വർഷത്തെ ബജറ്റ് 26.02.16 തിയതിയിലെ കൗൺസിൽ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല. ബജറ്റ് പ്രകാരമുള്ള വരവ് ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 302346453 |
| വരവ് | 1217124650 |
| ആകെ | 15194711003 |
| ചെലവ് | 1295988860 |
| നീക്കിയിരിപ്പ് | 223482243 |

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.17 | 03.08.17 | ഇല്ല | ഇല്ല |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 14.11.17 | ഓഡിറ്റ് സർട്ടിഫിക്കറ്റ് റിപ്പോർട്ടിന്റെ അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്. |

<u>വാർഷികകണക്ക് പരിശോധിച്ചതിൽ കണ്ട ന്യൂനതകളുടെ സംഗ്രഹം</u>

1) KURDFC യിൽ നിന്നും എടുത്തിട്ടുള്ള വായ്പയിൽ തിരിച്ചടവ് ഇനത്തിൽ നിലവിൽ തുക അവശേഷിക്കുന്നില്ല. എന്നാൽ 19,09,544/- രൂപ ഈ ഇനത്തിൽ ബാധ്യത ഇനമായി ഷെഡ്യൂൾ B-5ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

2) 2015-16 സാമ്പത്തിക വർഷം വിവിധ പദ്ധതികൾക്കായി ഗുണഭോക്തൃ വിഹിതമിനത്തിൽ പിരിച്ചെടുത്ത് ചെലവഴിച്ചിട്ടുള്ള 52,35,480/- രൂപ നിലവിൽ 2016-17 വർഷത്തെ വാർഷിക ധനകാര്യപത്രികയിൽ ഷെഡ്യൂൾ B-3 ൽ ബാധ്യതയായി നിലനിർത്തിയിരിക്കുന്നു. പദ്ധതികൾ പൂർത്തീകരിച്ചിട്ടുള്ള മുറയ്ക്ക് പ്രസ്തുത തുക ലൈബിലിറ്റി ഹെഡിൽ നിന്നും ഒഴിവാക്കിയിട്ടില്ല.

3) ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B-5 ൽ 67,500/- രൂപ “Loan From Banks" എന്ന ഹെഡിൽ ലയബിലിറ്റി ആയി കാണിച്ചിട്ടുണ്ട്. ലെഡ്ജർ പരിശോധനയിൽ മുൻ വർഷങ്ങളിലെ നീക്കിയിരിപ്പ് ഈ വർഷവും അതുപോലെ ഉൾപ്പെടുത്തിയിട്ടുള്ളതാണെന്ന് വ്യക്തമായിട്ടുണ്ട്. പ്രസ്തുത ലോൺ തുകയുടെ ആധികാരികത

വ്യക്തമാക്കുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

4) ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B-12 പ്രകാരം സ്റ്റേറ്റ് ഗവൺമെന്റ് സെക്യൂരിറ്റീസ്, ഇക്വിറ്റി ഷെയർ എന്നീ അക്കൗണ്ടുകളിലായി യഥാക്രമം 8,73,530/- രൂപ, 50,00,000/- രൂപ നിക്ഷേപിച്ചിട്ടുള്ളതായി കാണിച്ചിട്ടുണ്ട്. എന്നാൽ ഈ സ്ഥിരനിക്ഷേപങ്ങളുടെ ആധികാരികത സംബന്ധിച്ച യാതൊരു രേഖകളും ലഭ്യമാക്കിയിട്ടില്ല. കൂടാതെ ഈ സ്ഥിരനിക്ഷേപങ്ങളിൽ നിന്നുള്ള ലാഭവിഹിതമോ, പലിശയോ അക്കൗണ്ട്സിൽ ഉൾപ്പെടുത്തിയിട്ടില്ല.

5) ജീവനക്കാരുടെ വാഹന വായ്പ ( ഷെഡ്യൂൾ B-18) ഇനത്തിൽ 9,249/- രൂപയുടെ അധിക റിക്കവറി നടത്തിയതായി കാണുന്നു. എന്നാൽ വാഹനവായ്പ ഇനത്തിൽ നൽകിയിട്ടുള്ള തുക, റിക്കവറികൾക്കു ശേഷം 2016-17 വർഷാവസാനം തിരികെ ഈടാക്കാനുള്ള തുക എന്നിവ സംബന്ധിച്ച് യാതൊരു രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ അധിക റിക്കവറി നടത്തിയതായി കാണിച്ചിട്ടുള്ള തുകയുടെ കൃത്യത ഓഡിറ്റിൽ ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

6) "Advertisement Tax", "Advertisement Fees" എന്നിവയുടെ അഡ്വാൻസ് കളക്ഷൻ തുകയായി ഷെഡ്യൂൾ B-9 ഉൾപ്പെടുത്തിയിട്ടുള്ളത് പ്രസ്തുത നികുതികൾ പിരിക്കുന്നതിനായി ലേലത്തിൽ പങ്കെടുത്തവരിൽ നിന്നും ഇ.എം.ഡി. ഇനത്തിൽ ഈടാക്കിയിട്ടുള്ള തുകയാണ്. ഇ.എം.ഡി. ഇനത്തിൽ ലഭിച്ചിട്ടുള്ള തുകകൾ B-7 “Deposits Received”ഷെഡ്യൂളിൽ ഉൾപ്പെടുത്തി അക്കൗണ്ട്സ് ക്രമീകരിക്കേണ്ടതാണ്.

7) ബാലൻസ് ഷീറ്റിലെ B-18 ഷെഡ്യൂൾ പ്രകാരം കോൺട്രാക്ടർമാർക്ക് 2,31,409/- രൂപ അഡ്വാൻസ് നൽകിയിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ലെഡ്ജർ പരിശോധനയിൽ പ്രസ്തുത തുക മുൻവർഷത്തെ അക്കൗണ്ട്സിൽ നിന്നും ക്യാരി ഫോർവേഡ് ചെയ്തിട്ടുള്ളതാണ്. എന്നാൽ മേൽ തുക ഏതൊക്കെ വ്യക്തികൾക്ക് ഏതൊക്കെ പ്രവർത്തികൾക്കാണ് നൽകിയിട്ടുള്ളത്, എന്നാണ് നൽകിയിട്ടുള്ളത് എന്നത് സംബന്ധിച്ച യാതൊരു രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത തുകയുടെ ആധികാരികത ഓഡിറ്റിൽ ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.ടി തുക തൻവർഷം ക്രമപ്പെടുത്തി ആസ്തിമൂല്യത്തിലേക്ക് പരിവർത്തനം നടത്തിയിട്ടുണ്ടോ എന്ന് നിർണ്ണയിക്കുവാൻ സാധിച്ചിട്ടില്ല.

8) ബാലൻസ് ഷീറ്റിലെ B-18 ഷെഡ്യൂൾ പ്രകാരം വിവിധ പ്രവർത്തികൾക്കായി 2566505 രൂപ കെ.എസ്.ഇ.ബി യിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ലെഡ്ജർ പരിശോധനയിൽ പ്രസ്തുത തുക മുൻവർഷത്തെ അക്കൗണ്ട്സിൽ നിന്നും ക്യാരി ഫോർവേഡ് ചെയ്തിട്ടുള്ളതാണ്. ഏതൊക്കെ പ്രവർത്തികൾക്കാണ് തുക നൽകിയിട്ടുള്ളത്, നൽകിയിട്ടുള്ള തുകയുടെ വിശദാംശങ്ങൾ, മേൽ പദ്ധതികളുടെ നിലവിലെ അവസ്ഥ എന്നിവ സംബന്ധിച്ച യാതൊരു രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത തുകയുടെ ആധികാരികത ഓഡിറ്റിൽ ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

9) ബാലൻസ് ഷീറ്റിലെ B-18 ഷെഡ്യൂൾ പ്രകാരം ഡെപ്പോസിറ്റ് വർക്കുകൾക്കായി വിവിധ ഏജൻസികളിൽ 19,855000/- രൂപ നിക്ഷേപിച്ചിട്ടുണ്ട്. ലെഡ്ജർ പരിശോധനയിൽ പ്രസ്തുത തുക മുൻവർഷത്തെ അക്കൗണ്ട്സിൽ നിന്നും ക്യാരിഫോർ വേഡ് ചെയ്തിട്ടുള്ളതാണ്. എന്നാൽ മേൽ തുക ഏതൊക്കെ ഏജൻസികൾക്കാണ് നൽകിയിട്ടുള്ളത്, ഏതൊക്കെ പ്രവർത്തികൾക്കാണ് നൽകിയിട്ടുള്ളത്, എന്നാണ് നൽകിയിട്ടുള്ളത് എന്നത് സംബന്ധിച്ച യാതൊരു രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത തുകയുടെ ആധികാരികത ഓഡിറ്റിൽ ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.കെ.എസ്.ഇ.ബി, കോട്ടയം ജില്ലാ നിർമ്മിതി കേന്ദ്രം തുടങ്ങിയ സ്ഥാപനങ്ങളിൽ 2016-17 സാമ്പത്തികവർഷം തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ ഈ തുകകൾ പ്രസ്തുത ഹെഡ്ഡിൽ ഉൾക്കൊള്ളിച്ചിട്ടില്ല.

10) ബാലൻസ് ഷീറ്റിലെ B-21 ഷെഡ്യൂൾ പ്രകാരം മിസല്ലേനിയസ് എക്സ്പെൻഡീച്ചർ ഇനത്തിൽ 46,17,000/- രൂപ തിരികെ നല്കാനുള്ളതായി ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ലെഡ്ജർ പരിശോധനയിൽ പ്രസ്തുത തുകകൾ മുൻവർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ നിന്നും ക്യാരി ഫോർവേഡ് ചെയ്തിട്ടുള്ളതാണ് എന്ന് കാണുന്നു. എന്നാൽ ഈ തുകകൾ ഏതൊക്കെ ഇനത്തിലെ ചെലവുകൾ പ്രകാരമാണ് തിരിച്ച് നൽകേണ്ടതെന്നുള്ളതോ, എന്ന് നടന്നിട്ടുള്ള ചെലവുകൾക്കാണ് തിരിച്ച് നൽകേണ്ടതെന്നുള്ളതോ എന്നത് സംബന്ധിച്ച യാതൊരു രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത തുകയുടെ ആധികാരികത ഓഡിറ്റിൽ ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

11) ബാലൻസ് ഷീറ്റിലെ B-21 ഷെഡ്യൂൾ പ്രകാരം കെട്ടിടനികുതി, തൊഴിൽ നികുതി, വാടക എന്നീ ഇനങ്ങളിലായി ആകെ 46,63,693/- രൂപ എഴുതി തള്ളുന്നതിന് പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇതു സംബന്ധിച്ച കമ്മിറ്റി തീരുമാനമോ, എഴുതി തള്ളുന്ന തുകയുടെ കൃത്യത ഉറപ്പാക്കുന്നതിനാവശ്യമായ രേഖകളോ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

12) സാംഖ്യയിൽ നിന്നുള്ള എ.സി.ആർ പ്രകാരം 2016-17 വർഷം കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റിനത്തിൽ 8,39,16,652/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഇൻകം & എക്സ്പെന്റീച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം ഈ ഹെഡ്ഡിൽ റവന്യൂ ചെലവായി 4,63,95,069/- രൂപയും ക്യാപിറ്റൽ എക്സ്പെന്റീച്ചറായി 4,25,28,891/- രൂപയും ഉൾപ്പടെ ആകെ 8,89,23,960/- രൂപയുടെ ചെലവ് കാണിച്ചിട്ടുണ്ട്. വ്യത്യാസം ക്രമപ്പെടുത്തേണ്ടതാണ്.

13) ലൈസൻസ് ഫീസ് ഇനത്തിൽ 2015-16 വർഷം 35,38,147/- രൂപയുടെ അഡ്വാൻസ് വരവുണ്ടായിരുന്നു. എന്നാൽ ഈ തുക 2016-17 വർഷത്തെ വരവാക്കി മാറ്റിയിട്ടില്ല.

14) വാടക ഇനത്തിൽ 2015-16 വർഷം 25,51,886/- രൂപയുടെ അഡ്വാൻസ് വരവുണ്ടായിരുന്നു. എന്നാൽ ഈ തുക 2016-17 വർഷത്തെ വരവാക്കി മാറ്റിയിട്ടില്ല.

15) തറ വാടക ഇനത്തിൽ 2015-16 വർഷം 17,879/- രൂപയുടെ അഡ്വാൻസ് വരവുണ്ടായിരുന്നു. എന്നാൽ ഈ തുക 2016-17 വർഷത്തെ വരവാക്കി മാറ്റിയിട്ടില്ല.

16) ബാലൻസ് ഷീറ്റിലെ B-9 ഷെഡ്യൂൾ പ്രകാരം 2017 മാർച്ച് മാസത്തിൽ നൽകുവാനുള്ള നെറ്റ് സാലറി (ജീവനക്കാരുടെ എല്ലാപേരുടെയും) 1,39,98,345/- രൂപയാണ്. എന്നാൽ മാർച്ചിലെ ശമ്പള ബില്ലുകൾ പരിശോധിച്ചതിൽ നിന്നും ആകെ 69,16,539/- രൂപ മാത്രമേ ഈ ഇനത്തിൽ ചെലവഴിച്ചിട്ടുള്ളൂ. കൂടാതെ റിക്കവറി തുകകളിലും വ്യത്യാസം വന്നിട്ടുണ്ട്. തുകകളിലെ വ്യത്യാസം ക്രമപ്പെടുത്തേണ്ടതാണ്.

17) ബാലൻസ് ഷീറ്റിലെ B-17ഷെഡ്യൂൾ പ്രകാരം നഗരസഭയുടെ തനതു വരുമാനം സൂക്ഷിച്ചിട്ടുള്ള T.S.B അക്കൗണ്ടിൽ (അക്കൗണ്ട് നം.24) 31.03.2017 ൽ നീക്കിയിരുപ്പ് 7,92,62,092/- രൂപയാണ്. എന്നാൽ ബാങ്കിന്റെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം 31.03.2017 ൽ നീക്കിയിരുപ്പ് 7,92,69,768/- രൂപയാണ്. വ്യത്യാസം ക്രമീകരിക്കേണ്ടതാണ്.

18) ബാലൻസ് ഷീറ്റിലെ B-18 ഷെഡ്യൂൾ പ്രകാരം "Miscellaneous Advance" ഇനത്തിൽ 50,71,886/- രൂപ വിവിധ ചെലവുകൾക്കായി മുൻകൂർ നൽകിയിട്ടുള്ളതായി കാണിച്ചിട്ടുണ്ട്. എന്നാൽ ഈ തുകകൾ ഏതൊക്കെ വ്യക്തികൾക്കാണ് നൽകിയതെന്നോ, തുകയുടെ കൈപ്പറ്റ് വിവരമോ, ചെലവു നടന്നിട്ടുള്ളത് സംബന്ധിച്ച വിവരങ്ങളോ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത തുകയുടെ ആധികാരികത ഓഡിറ്റിൽ ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

19) ബാലൻസ് ഷീറ്റിലെ B-7 ഷെഡ്യൂൾ പ്രകാരം "Deposits Received" എന്ന ഹെഡിൽ 4,90,71,372/- രൂപയുടെ ലയബിലിറ്റി ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി എഴുതി തയ്യാറാക്കി ഹാജരാക്കാത്തതിനാൽ മേൽ തുകയുടെ ആധികാരികത ഓഡിറ്റിൽ ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

20) 2017 മാർച്ച് മാസത്തിൽ 1568 ബാരൽ ബിറ്റുമിൻ, 26 ബാരൽ എമൽഷൻ എന്നിവ വിവിധ മരാമത്ത് പ്രവർത്തികൾക്കായി നഗരസഭ വാങ്ങിയിട്ടുണ്ട്. എന്നാൽ ഇവ സ്റ്റോക്കിൽ എടുക്കുകയോ, ബാക്കി നിൽക്കുന്നവ അക്കൗണ്ട്സിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. നിലവിൽ ബാലൻസ് ഷീറ്റിലെ B-14 ഷെഡ്യൂളിൽ "Stock in Hand(Inventories)" എന്ന ഹെഡിൽ നീക്കിയിരിപ്പുകൾ ഒന്നും തന്നെ ഉൾപ്പെടുത്തിയിട്ടില്ല.

21) ഇൻകം & എക്സ്പെന്റീച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം വസ്തു നികുതി ഇനത്തിൽ തൻവർഷത്തെ ഡിമാന്റ് 6,43,24,264/- രൂപയാണ്. ബാലൻസ് ഷീറ്റിലെ B-15 ഷെഡ്യൂൾ പ്രകാരം തൻവർഷം ഈ ഇനത്തിൽ കുടിശ്ശിക നിൽക്കുന്ന തുക 48,32,695/- രൂപയുമാണ്. ആയതിൻപ്രകാരം വസ്തു നികുതി ഇനത്തിൽ തൻവർഷത്തെ വരവ് തുക 5,94,91,569/- (6,43,24,264 - 48,32,695) ആണ്. എന്നാൽ റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റിലെ RP-37 ഷെഡ്യൂൾ പ്രകാരം വസ്തു നികുതി ഇനത്തിൽ തൻവർഷത്തെ വരവ് തുക 5,97,01,012/- രൂപയാണ്.. വ്യത്യാസം ക്രമീകരിക്കേണ്ടതാണ്.

22) 2016-17 സാമ്പത്തികവർഷത്തിൽ വിധവകളുടെ മക്കൾക്കുള്ള വിവാഹധനസഹായമായ 5,10,000/-

രൂപയുടെ കണക്കും,തൊഴിൽ രഹിതവേതനഇനത്തിൽ ചെലവഴിച്ച 4,47,000/- രൂപയുടെ കണക്കും ഇൻകം &എക്സ്പെൻ്റിച്ചർ ഷെഡ്യൂളിൽ രേഖപ്പെടുത്തിയിട്ടില്ല.

23) 2016-17 ലെ ട്രയൽ ബാലൻസ് സ്റ്റേറ്റ്മെൻ്റ് പ്രകാരം വസ്തു നികുതി ഇനത്തിൽ തൻവർഷത്തെ കുടിശ്ശിക ഡിമാൻ്റ് 1,33,40,986/- രൂപയാണ്. ബാലൻസ് ഷീറ്റിലെ B-15 ഷെഡ്യൂൾ പ്രകാരം തൻവർഷം ഈ ഇനത്തിൽ കുടിശ്ശിക നിൽക്കുന്ന തുക 11,68,691/- രൂപയുമാണ്. ആയതിൻപ്രകാരം കുടിശ്ശിക വസ്തു നികുതി ഇനത്തിൽ തൻവർഷത്തെ വരവ് തുക 1,21,72,295/- (1,33,40,986 – 11,68,691) ആണ്. എന്നാൽ റസീപ്റ്റ് ആൻ്റ് പേയ്മെൻ്റ് സ്റ്റേറ്റ്മെൻ്റിലെ RP-37 ഷെഡ്യൂൾ പ്രകാരം വസ്തു നികുതി ഇനത്തിൽ തൻവർഷത്തെ വരവ് തുക 1,77,15,391/- രൂപയാണ്. വ്യത്യാസം ക്രമീകരിക്കേണ്ടതാണ്.

24)ഷെഡ്യൂൾ B-8പ്രകാരം 2,88,000/- രൂപ പ്രവൃത്തികൾക്കായി ഡെപ്പോസിറ്റ് ലഭിച്ചിട്ടുള്ളതായി ബാലൻസ് ഷീറ്റിലെ ലയബിലിറ്റി സൈഡിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.എന്നാൽ ഈ തുകയുടെ കൃത്യത തെളിയിക്കുന്ന യാതൊരു രേഖകളും പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല.

25)സാംഖ്യയിൽ നിന്നുള്ള എ.സി.ആർ പ്രകാരം വികസന ഫണ്ടിൽ (പൊതു വിഭാഗം) നിന്നുള്ള ചെലവ് 6,64,94,224/- രൂപയാണ്. എന്നാൽ മുനിസിപ്പാലിറ്റിയിൽ എഴുതി തയ്യാറാക്കിയിട്ടുള്ള എ.സി.ആർ പ്രകാരം ഈ ഇനത്തിൽ ചെലവ് 6,69,74,712/- രൂപയാണ്. വ്യത്യാസം ക്രമപ്പെടുത്തേണ്ടതാണ്.

26) വർഷാവസാനം ശേഷിക്കുന്ന സ്ഥിര നിക്ഷേപം ബാലൻസ് ഷീറ്റിൽ investment/bank balance/asset ഇനത്തിൽ ഉൾപ്പെട്ടിട്ടില്ല.

27) നഗരസഭയുടെ പണമിടപാടുകൾ നടത്തിവരുന്ന താഴെക്കൊടുത്തിട്ടുള്ള ബാങ്കുകളുടെ ബാങ്ക് സ്റ്റേറ്റ്മെൻ്റുകളോ, റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെൻ്റുകളോ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ ബാലൻസ് ഷീറ്റിലെ B-9 ഷെഡ്യൂൾ പ്രകാരം പ്രസ്തുത അക്കൗണ്ടുകളിൽ നീക്കിയിരിപ്പ് വന്നിട്ടുള്ള തുകകളുടെ ആധികാരികത ഓഡിറ്റിൽ പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

| ക്രമ നമ്പർ | ബാങ്കിൻ്റെ പേര് | ധനകാര്യപത്രികപ്രകാരമുള്ള നീക്കിയിരുപ്പ് |
|---|---|---|
| 1 | ബാങ്ക് ഓഫ് മഹാരാഷ്ട്ര (തനത് ഫണ്ട്) | 6,74,07,648/- |
| 2 | കുമാരനല്ലൂർ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 2,76,235/- |
| 3. | നാട്ടകം VPFA-I | 18,912/- |
| 4 | നാട്ടകം VPFA-II | 8/- |
| 5 | കുമാരനല്ലൂർ VPFA-I | 500/- |
| 6 | ട്രഷറി RYF-SB | 161/- |

| | | |
|---|---|---|
| 7 | സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ (SPL-3) | 10,58,281/- |
| 8 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ (SPL-3) | 29,64,195/- |
| 9 | പഞ്ചാബ് നാഷണൽ ബാങ്ക് | 5,38,048/- |
| 10 | പഞ്ചാബ് നാഷണൽ ബാങ്ക് (അയ്യൻകാളി)<br>(തൊഴിലുറപ്പ് പദ്ധതി) | 92,52,310/- |
| 11 | പഞ്ചാബ് നാഷണൽ ബാങ്ക് (NULM) | 86,11,463/- |
| 12 | കോട്ടയം ജില്ലാ സഹകരണബാങ്ക് | 825/- |
| 13 | കോട്ടയം ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്ക് | 2,522/- |
| 14 | ട്രഷറി സ്പെഷ്യൽ ഫണ്ട്(റെഗുലർ പെൻഷൻ) | 3,12,643/- |
| 15 | ട്രഷറി സ്പെഷ്യൽ ഫണ്ട്(കണ്ടിൻജന്റ് പെൻ.) | 5,78,782/- |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 251436610 |
| വരവ് | 600409399 |

| | |
|---|---|
| ആകെ | 851846009 |
| ചെലവ് | 586067579 |
| നീക്കിയിരിപ്പ് | 265778430 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 66494224 | 66494224 | 66494224 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 25031612 | 25031612 | 25031612 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 31105616 | 31105616 | 31105616 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 16500038 | 16500038 | 16500038 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 83916652 | 83916652 | 83916652 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 10972490 | 10972490 | 10972490 | 0 |
| എം.എൻ.ആർ.ഇ.ജി.എസ്. | 7851477 | 2801851 | 10653328 | 1401018 | 9252310 |
| ബി ഫണ്ട് | 0 | 4667471 | 4667471 | 4667471 | 0 |

പദ്ധതി നിർവഹണത്തിനു നഗരസഭയ്ക്ക് ലഭിച്ച തുക പൂർണ്ണമായും ചെലവഴിച്ചിട്ടില്ല. അനുവദിച്ച തുകയുടെ ഗണ്യമായ ഭാഗം ചെലവു ചെയ്യാതെ പാഴായി പോവുകയാണ് ഉണ്ടായിട്ടുള്ളത്. സമയബന്ധിതമായി പ്രോജക്ടുകൾ തയ്യാറാക്കി നടപ്പിൽ വരുത്താത്തതുമൂലമാണ് ഇപ്രകാരം സംഭവിച്ചത്.

## 1-6 പദ്ധതി അവലോകനം.

കോട്ടയം നഗരസഭയുടെ 2016-17 വർഷത്തെ വാർഷിക പദ്ധതിക്ക് ഭരണസമിതിയുടെ 31.08.16 ലെ 81(1) നമ്പർ കൗൺസിൽ തീരുമാന പ്രകാരം ഭരണാനുമതിയും, ജില്ലാ ആസൂത്രണസമിതിയുടെ 23.09.16ലെ ഡി.പി.സി. നമ്പർ 490/16/ഡി.പി.സി/ഡി.പി.ഒ/കെ.റ്റി.എം ഉത്തരവ് പ്രകാരം നിർവ്വഹണാനുമതിയും ലഭിച്ചിട്ടുണ്ട്. വികസനഫണ്ട് 143337240 രൂപയും മെയിന്റനൻസ് ഗ്രാന്റ് 100094021/- രൂപയും തനത് ഫണ്ട് 34512196/- രൂപയും മറ്റ് സ്രോതസ്സുകളിൽ നിന്നും 201082076/- രൂപയും ഉൾപ്പെടെ ആകെ 479025533 രൂപയുടെ അടങ്കലിനാണ് ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം ലഭിച്ചത്. 114 സ്പിൽ ഓവർ പ്രോജക്ടുകൾ ഉൾപ്പെടെ 594 പ്രോജക്ടുകൾക്കാണ് അംഗീകാരം ലഭിച്ചത്. 331പ്രോജക്ടുകൾക്കായി തൻവർഷം ആകെ 237968040/- രൂപ ചെലവഴിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 594 | 299079261 | 331 | 15717150961 | - | 263 | 44.5 |

നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കിയ പ്രോജക്ടുകൾ

| മുഖ്യമേഖല | നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രോജക്ടുകൾ | നടപ്പാക്കിയവ | നടപ്പാക്കാത്തത് |
|---|---|---|---|---|
| ഉത്പാദനം | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 4 | 0 | 4 |
| | വെറ്റിനറി സർജൻ | 4 | 3 | 1 |
| | കൃഷി ഓഫീസർ | 4 | 4 | 0 |
| സേവന മേഖല | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 1 | 1 | 0 |
| | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 3 | 3 | 0 |
| | ഹെഡ്മാസ്റ്റർ ഗവൺമെന്റ് ഹൈസ്കൂൾ | 2 | 0 | 2 |
| | സെക്രട്ടറി കോട്ടയം നഗരസഭ | 22 | 18 | 4 |
| | പ്രോജക്ട് ഓഫീസർ ദാരിദ്രലഘൂകരണ വിഭാഗം | 10 | 10 | 0 |
| | പട്ടികജാതി വികസന ഓഫീസർ | 10 | 10 | 0 |
| | ചൈൽഡ് ഡവലെപ്മെന്റ് ഓഫീസർ | 10 | 10 | 0 |
| | ഹെൽത്ത് ഓഫീസർ കോട്ടയം നഗരസഭ | 7 | 5 | 2 |
| പശ്ചാത്തല മേഖല | എക്സിക്യൂട്ടീവ് എഞ്ചിനീയർ കോട്ടയം നഗരസഭ | 517 | 267 | 250 |

വാർഷിക പദ്ധതിയിൽ വകയിരുത്തിയതും ചെലവഴിച്ചതുമായ തുകയുടെ സ്രോതസ്സ് തിരിച്ചുള്ള വിശദാംശങ്ങൾ

| വിഭവ സ്രോതസ്സ് | വകയിരുത്തിയത് | ചെലവഴിച്ചത് |
|---|---|---|

| | | |
|---|---|---|
| പൊതുവിഭാഗം | 112541832 | 66494224 |
| എസ്.റ്റി.പി | 30795408 | 25031612 |
| റ്റി. എസ്. പി | 0 | 0 |
| ധനകാര്യകമ്മീഷൻ അവാർഡ് | 142663179 | 83916652 |
| ലോകബാങ്ക് ധനസഹായം | 24242721 | 10972490 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 5500000 | 3947408 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 16133100 | 0 |
| തനത് ഫണ്ട് | 34512196 | 0 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 72714696 | 31105616 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 27379325 | 16500038 |
| മറ്റുള്ളവ | 12543076 | 0 |
| മൊത്തം അടങ്കൽ | 479025533 | 237968040 |

പദ്ധതി നിർവ്വഹണം - നേട്ടങ്ങളും, കോട്ടങ്ങളും

| പദ്ധതിനിർവ്വഹണത്തിലെ മുൻഗണന വിഷയങ്ങൾ | നേട്ടങ്ങൾ - | കോട്ടങ്ങൾ |
|---|---|---|
| ഉത്പാദനമേഖലയുടെ സ്ഥായിയായ വളർച്ച | • നെൽകൃഷി വികസനത്തിന് 3512060/- രൂപയും, പച്ചക്കറിക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് 1140491/- രൂപയും വിനിയോഗിച്ചു.<br>• മൃഗസംരക്ഷണ രംഗത്ത് കോഴിവളർത്തലിന് 1,10,000/- രൂപ ചെലവഴിച്ചു | • ഉത്പാദന വർദ്ധനവ് സാധൂകരിക്കുന്ന സ്ഥിതിവിവരകണക്കുകൾ ലഭ്യമായിട്ടില്ല.<br>• വിത്തുകളുടേയം, നടീൽ വസ്തുക്കളുടേയും വിതരണത്തിന് ഉയർന്ന നിരക്കിൽ സബ്സിഡി അനുവദിച്ചു.<br>• ക്ഷീരോൽപ്പാദന വർദ്ധനവിനുതകുന്ന പദ്ധതികൾ നടപ്പാക്കിയില്ല.<br>• മത്സ്യമേഖലയിൽ പദ്ധതികളൊന്നും ആവിഷ്ക്കരിക്കാനായില്ല. |
| പരിസ്ഥിതി സംരക്ഷണം | • അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിൽ തോട്, നീർച്ചാൽ എന്നിവയുടെ സംരക്ഷണത്തിനുതകുന്ന പദ്ധതികൾ നിർവ്വഹിച്ചു.<br>• കോടിമതയിലെ ഫിർമ ബയോഗ്യാസ് പ്ലാന്റിന് അറ്റകുറ്റപ്പണി നടത്തി. | • ഉറവിടം മലിന സംസ്കരണത്തിനായി ആവിഷ്ക്കരിച്ച 114,00,000/- രൂപയുടെ പദ്ധതിയും 52-ാം വാർഡിലെ മാലിന്യ പ്ലാന്റിന്റെ അറ്റകുറ്റപ്പണിക്കായി ആവിഷ്ക്കരിച്ച 18,00,000/- രൂപയുടെ പദ്ധതിയും നടപ്പാക്കിയില്ല.<br>• കോടിമതയിലെ ബയോഗ്യാസ് പ്ലാന്റ് നിലവിൽ പ്രവർത്തന സജ്ജമല്ല. |

| | | |
|---|---|---|
| മാനവ വികസനം | • അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിലൂടെ അവിദഗ്ധരായ തൊഴിലാളികളുടെ തൊഴിൽ ലഭ്യത വർദ്ധിപ്പിച്ചു.<br>• തിരുവാതുക്കലിൽ 8592095/- രൂപ വിനിയോഗിച്ച് വനിതാവ്യവസായ പരിശീലന കേന്ദ്രം നിർമ്മിച്ചു. | • സ്വയംതൊഴിൽ പ്രോത്സാഹനം ലക്ഷ്യമിട്ട് വിഭാവനം ചെയ്ത ക്യാരിബാഗ് നിർമ്മാണം, പക്ഷിനിർമ്മാണ യൂണിറ്റ്, ഗ്രൂപ്പുകൾക്ക് ധനസഹായം നൽകാനുള്ള പദ്ധതി എന്നിവയൊന്നും നടപ്പാക്കിയില്ല. |
| അടിസ്ഥാന സൗകര്യ വികസനം | • വിവിധ പദ്ധതികൾക്കുകീഴിൽ 27490000/- രൂപ ഭവനനിർമ്മാണത്തിനും 40,25,000/- രൂപ ഭവനപുനരുദ്ധാരണത്തിനും ചെലവഴിച്ചു.<br>• പുറമ്പോക്ക് പനരധിവാസത്തിനായുള്ള മുള്ളങ്കുഴി ഫ്ലാറ്റ് നിർമ്മാണത്തിന്റെ അനുബന്ധ വർക്കുകൾക്ക് 1920259/- രൂപ വിനിയോഗിച്ചു.<br>• വൈദ്യുതിലൈൻ ദീർഘിപ്പിക്കുന്നതിന് 1494258/- രൂപയും വിവിധ വാർഡുകളിൽ കുടിവെള്ള വിതരണ പൈപ്പുകൾ സ്ഥാപിക്കുന്നതിന് 12361200/- രൂപയും വിനിയോഗിച്ചു.<br>• തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിന് 1021800/- രൂപ വിനിയോഗിച്ചു. | • 17210000/- രൂപ നഗരസഭാ വിഹിതമായി നൽകിയ പി.എം.എ.വൈ. പദ്ധതിയുടെ കീഴിലെ ഭവനനിർമ്മാണത്തിന്റെ പൂർത്തീകരണ വിവരം ലഭ്യമായിട്ടില്ല.<br>• മുള്ളങ്കുഴി ഫ്ലാറ്റ് ഗുണഭോക്താക്കൾക്ക് നാളിതുവരെ വിതരണം ചെയ്തിട്ടില്ല.<br>• വൈദ്യുതി വിതരണം, കുടിവെള്ള വിതരണം എന്നിവയ്ക്കായി നഗരസഭ വിവിധ ഏജൻസികൾക്ക് കൈമാറിയതുകയുടെ വിനിയോഗ വിവരം ലഭ്യമായിട്ടില്ല. |
| സേവനപ്രദാന സംവിധാനത്തിന്റെ ഗുണമേന്മ മെച്ചപ്പെടുത്തൽ | • 1399999/- രൂപ വിനിയോഗിച്ച് വെറ്റിനറി ഹോസ്പിറ്റൽ, ഹോമിയോ ആശുപത്രി, ആയർവ്വേദാശുപത്രി എന്നിവയിൽ മരുന്ന് ലഭ്യമാക്കി.<br>• അങ്കണവാടികൾക്ക് ഫർണ്ണിച്ചറുകളും, ICDS ഓഫീസിന് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കി.<br>• അങ്കണവാടികൾ, ആശുപത്രികൾ, നഗരസഭയുടെ ഉടമസ്ഥതയിലുള്ള മറ്റുകെട്ടിടങ്ങൾ എന്നിവയ്ക്ക് സംരക്ഷണ പ്രവൃത്തികളും അറ്റകുറ്റപ്പണികളും നടത്തി. | • സ്മാർട്ട് ക്ലാസ് റൂം സ്ഥാപിക്കുന്നതിന് ആവിഷ്കരിച്ച 12,90,000/- രൂപയുടെ പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല.<br>• വിവിധ അങ്കണവാടികളുടെ വൈദ്യുതീകരണത്തിനായി ആവിഷ്കരിച്ച 92,000/- രൂപയുടെ പദ്ധതി നടപ്പിലാക്കിയില്ല.<br>• നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടേയും മറ്റും നിർമ്മാണ/പുനരുദ്ധാരണ പ്രവൃത്തികൾ പൂർണ്ണ തോതിൽ നിർവ്വഹിക്കപ്പെട്ടിട്ടില്ല.<br>• ആവശ്യമായ ഇലക്ട്രിഫിക്കേഷന്റെ അഭാവത്തിൽ ICDS ഓഫീസിനായി വാങ്ങിയ ഉപകരണങ്ങൾ നാളിതുവരെ ഉപയോഗിക്കുവാൻ കഴിഞ്ഞില്ല. |

| | | |
|---|---|---|
| സാമൂഹിക നീതി | • അങ്കണവാടി പോഷകാഹാര പദ്ധതിക്ക് 5343708/- രൂപ വിനിയോഗിച്ചു.<br>• ഭിന്നശേഷിക്കാരായ കുട്ടികൾക്ക് 3045600/- രൂപ സ്കോളർഷിപ്പ് നൽകി.<br>• വയോജന ക്ലബ്ബുകൾക്ക് 932250/- രൂപയ്ക്ക് ഫർണ്ണിച്ചറുകൾ ലഭ്യമാക്കി.<br>• പട്ടികജാതിക്കാരായ വിദ്യാർത്ഥികൾക്ക് 3407853/- ചിലവഴിച്ച് ഫർണ്ണിച്ചറുകൾ, ലാപ്ടോപ്പ് എന്നിവ ലഭ്യമാക്കി. | • വയോജന ക്ലബ്ബിലെ യഥാർത്ഥ അംഗസംഖ്യ കണക്കിലെടുക്കാതെയാണ് ഫർണ്ണിച്ചറുകൾ ലഭ്യമാക്കിയത്. |
| ആസ്തിപരിപാലനം | • വിവിധ റോഡുകളുടെ നിർമ്മാണവും, അറ്റകുറ്റപ്പണികളും നടപ്പിലാക്കി.<br>• അങ്കണവാടികൾ, സ്കൂളുകൾ എന്നിവയുടെ സംരക്ഷണ പ്രവൃത്തികൾ നിർവ്വഹിച്ചു.<br>• നാഗമ്പടം മുനിസിപ്പൽ ഷോപ്പിംഗ് കോംപ്ലക്സിലെ പുതുയ ബ്ലോക്ക് കോടിമതയിലെ ആധുനിക അറവുശാല, മർക്കറ്റിലെ ഇ &എഫ് കെട്ടിടം അറ്റകുറ്റപ്പണി, തിരുനക്കര ബസ് സ്റ്റാന്റ് പുനരുദ്ധാരണം എന്നീ പ്രവൃത്തികൾക്ക് തുക വിനിയോഗിച്ചു.<br>• നഗരസഭാ ഓഫീസിലെ ഇന്റീരിയർ മോഡിഫിക്കേഷൻ, നഗരസഭയിൽ പുതിയ ജനറേറ്റർ സ്ഥാപിക്കൽ, നഗരസഭയ്ക്ക് പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ എന്നിവയ്ക്കായി നിർവ്വഹണ ഏജൻസികൾക്ക് തുക കൈമാറി. | • നഗരസഭയുടെ ഉടമസ്ഥതയിലുള്ള വിവിധ കെട്ടിടങ്ങളുടെ നിർമ്മാണ പുനരുദ്ധാരണ പ്രവൃത്തികൾ പൂർണ്ണതോതിൽ നടപ്പുവർഷം നടന്നില്ല.<br>• വിവിധ പ്രവൃത്തികൾക്കായി നിർവ്വഹണ ഏജൻസികൾക്ക് കൈമാറിയ തുകയുടെ വിനിയോഗ വിവരം, പൂർത്തീകരണ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല.<br>• തനതുഫണ്ടുപയോഗിച്ച് വിഭാവനം ചെയ്ത പദ്ധതികളൊന്നും നടപ്പാക്കിയില്ല.<br>• മുൻവർഷങ്ങളിലാർജ്ജിച്ച ആസ്തികളിൽ പലതും നാളിതുവരെ ഉപയോഗപ്രദമാക്കിയിട്ടില്ല.<br>• ആസ്തിരജിസ്റ്റർ സമഗ്രമാക്കിയിട്ടില്ല.<br>• ആസ്തികളുടെ കൃത്യമായ മൂല്യനിർണ്ണയം നടത്തിയിട്ടില്ല. |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 29 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്. (മുൻവർഷ കണക്കുകൾ 2015-16 ഓഡിറ്റ് റിപ്പോർട്ടിൽ നിന്ന്)

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| നികുതി വരവുകൾ | 57532630 | 67993700 | 10461070 | +18 |
| നികുതിയേതര വരവുകൾ | 58453533 | 35710791 | 22742742 | -38 |
| മറ്റുവരവുകൾ | 2221149 | 67697 | 2153452 | -96 |
| ആകെ | 118207312 | 103772188 | 35357264 | -29 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 447000 | 158 |
| കർഷകതൊഴിലാളി പെൻഷൻ | 11290350 | 1484 |
| വിധവാപെൻഷൻ | 24017110 | 3003 |
| വാർദ്ധക്യകാലപെൻഷൻ | 38310840 | 6187 |
| വികലാംഗപെൻഷൻ | 8072550 | 1009 |
| 50 വയസിനുമേലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 510825 | 158 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന എല്ലാമാസവും നടത്തി റിപ്പോർട്ട് മുഖ്യഓഫീസിലേക്ക് അയച്ചിട്ടുണ്ട്.

## 1-10 ആഭ്യന്തരനിയന്ത്രണം.

നഗരസഭയിലെ ആഭ്യന്തര നീയന്ത്രണസംവിധാനം മെച്ചപ്പെടേണ്ടതുണ്ട്.രജിസ്റ്ററുകളുടെ പരിപാലനം തൃപ്തികരമല്ല, ലോൺ രജിസ്റ്റർ, ആസ്തി രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ചെക്ക് & ഡി.ഡി രജിസ്റ്റർ, ചെക്ക് ഇഷ്യൂ രജിസ്റ്റർ എന്നിവ കൃത്യമായി എഴുതി തയ്യാറാക്കി കാലികമാക്കിയിട്ടില്ല. തൊഴിൽ നികുതി രജിസ്റ്റർ പൂർണ്ണമല്ല,അക്കൗണ്ടുകളുടെ മാസാന്ത്യ റെക്കൺസിലിയേഷൻ നടത്തിവരുന്നില്ല. ചെക്ക്, ഡി. ഡി. എന്നിവ ലഭ്യമായാൽ യഥാസമയം ബാങ്കിൽ സമർപ്പിക്കപ്പെടുന്നില്ല. 'ബി' ഫണ്ടുകളുടെ വരവ് ചെലവുകൾ കൃത്യമായി എഴുതി തയ്യാറാക്കിയിട്ടില്ല. നഗരസഭയുടെ സ്ഥിരനിക്ഷപങ്ങൾ സംബന്ധിച്ച് വ്യക്തമായ രേഖകൾ ഇല്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12.01.12 മുതൽ 21.01.12 വരെ | 2010-11 | ഇല്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 05/05/17 മുതൽ 22/05/17വരെ | 2015-16,2016-17 | റിപ്പോർട്ട് നം. LBA (H-Q)II/8A-2630/17-18/109 |

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 വസ്തുനികുതി ഈടാക്കിയിട്ടുള്ളതിൽ അപാകത -83,575/- രൂപയുടെ കുറവ്

2011ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും, സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം നിർമ്മാണം പൂർത്തീകരിക്കപ്പെട്ടിട്ടുള്ള ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ഒരേ സമയം വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ അതത് കെട്ടിട ഭാഗങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി അവയ്ക്ക് കെട്ടിട നമ്പർ നൽകേണ്ടതും, ഓരോ കെട്ടിട ഭാഗത്തിനും വസ്തുനികുതി ചുമത്തേണ്ടതുമാണ്. എന്നാൽ ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങളുടെ ഉപയോഗക്രമം ഒന്നുതന്നെയാണെങ്കിൽ കെട്ടിടത്തിന്റെ ആകെ തറവിസ്തീർണ്ണം കണക്കാക്കുമ്പോൾ ബാധകമാകുന്ന നിരക്ക് പ്രകാരമാണ് ഓരോ ഭാഗങ്ങളുടേയും വസ്തുനികുതി നിർണ്ണയിക്കേണ്ടത്. എന്നാൽ മേൽ ചട്ടത്തിനു വിപരീതമായി കുമാരനല്ലൂർ സോണൽ ഓഫീസിന്റെ പരിധിയിൽ വരുന്ന വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കിയിരിക്കുന്നു.

കോട്ടയം നഗരസഭാ കൗൺസിലിന്റെ 20.06.14ലെ 1-ാം നമ്പർ തീരുമാന പ്രകാരം ആകെ തറവിസ്തീർണ്ണം 100 ച. മീറ്ററിനു മുകളിൽ വരുന്ന വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി കണക്കാക്കുന്നതിന് ബാധകമായ നിരക്ക് ചതുരശ്രുമീറ്ററിന് 90/- രൂപയായി തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ചുവടെ ചേർക്കുന്ന വാണിജ്യ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചപ്പോൾ കെട്ടിടങ്ങളെ വിവിധ ഭാഗങ്ങളാക്കി വിഭജിച്ച് കുറഞ്ഞ നിരക്കിൽ നികുതി കണക്കാക്കി ഈടാക്കിയിരിക്കുന്നു.

| ക്രമ നം. (a) | കെട്ടിട ഉടമയുടെ പേരും മേൽവിലാസവും (b) | വാർഡ് നം./കെട്ടിട നം. (c) | ആകെ വിസ്തീർണ്ണം (കംപ്ലീറ്റഡ് പ്ലാൻ പ്രകാരം) (d) | വർദ്ധനവ്/ ഇളവ് എന്നിവയ്ക്കുശേഷം ഈടാക്കിയ വസ്തുനികുതി ($0.60/M^2$) (e) | വർദ്ധനവ്/ ഇളവ് എന്നിവയ്ക്കു ശേഷം ഈടാക്കേണ്ടിയിരുന്ന വസ്തുനികുതി ($0.90/M^2$) (f) | വസ്തുനികുതി-യിൽ വന്ന കുറവ് (g = f-e) |
|---|---|---|---|---|---|---|
| 1 | റെജി കേശവൻ & ദീപ റെജി, ഗുരുകൃപ, പെരുമ്പായിക്കാട്. | വാർഡ് നം. XXXXXII കെട്ടിട നം. 1. F മുതൽ 1. Z വരെ | $1868.91m^2$ | 160334/- | 201842/- | 41508/- |
| 2 | അജിത്ത് കുരുവിള & രഞ്ജിത്ത് കുരുവിള | വാർഡ് നം. VII കെട്ടിട നം. 1145 H മുതൽ 1145 | $787.14m^2$ | 39402/- | 81469/- | 42067/- |

| | | | | | | |
|---|---|---|---|---|---|---|
| | | V വരെ | | | | |
| ആകെ | | | | | | 83575/- |

മേൽ അപാകതകൾക്ക് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് 29.08.2017 ൽ നൽകിയിട്ടുള്ള ഓഡിറ്റ് എൻക്വയറി നം.31 ന് മേൽ കെട്ടിടങ്ങളിൽ നിന്നും കുറവ് വന്നിട്ടുള്ള നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി നൽകുന്നതാണെന്ന മറുപടി നൽകിയിട്ടുണ്ട്. തുക ഈടാക്കി രസീത് സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. അല്ലാത്തപക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥരുടെ ബാധ്യതയായി കണക്കാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## 2-2 തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

2016-17 സാമ്പത്തിക വർഷം കോട്ടയം നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന താഴെകൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് സംഭവിച്ചതായി അർദ്ധവാർഷിക വരുമാന പത്രികകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ജീവനക്കാരന്റെ പേര് | സ്ഥാപനത്തിന്റെ പേര് | വാർഡ് | അർദ്ധ വാർഷിക വരുമാനം | ഈടാക്കേണ്ടി യിരുന്ന നികുതി | ഈടാ ക്കിയ നികുതി | കുറവ് വന്ന തുക |
|---|---|---|---|---|---|---|---|
| 1 | ജോർജ്ജ് തോമസ് | ഇൻഡസ്ഇൻഡ് ബാങ്ക്, , | X | 63000 | 600 | 450 | 150 |
| 2 | അനന്തു രാജ് | ഇൻഡസ്ഇൻഡ് ബാങ്ക് | X | 51000 | 450 | 180 | 270 |
| 3 | രാകേഷ്.എസ് | ഇൻഡസ്ഇൻഡ് ബാങ്ക് | X | 130000 | 1250 | 600 | 650 |
| 4 | സുരാഗി.എസ് | ഇൻഡസ്ഇൻഡ് ബാങ്ക് | X | 51000 | 450 | 300 | 150 |
| 5 | സോണിയമോൾ തോമസ് | ഇൻഡസ്ഇൻഡ് ബാങ്ക് | X | 63000 | 600 | 450 | 150 |
| 6 | മനു നാഗ്. എസ് | ഇൻഡസ്ഇൻഡ് ബാങ്ക് | X | 51000 | 450 | 300 | 150 |
| 7 | സുബ്രഹ്മണ്യൻ . ജെ | ഇൻഡസ്ഇൻഡ് ബാങ്ക് | X | 51000 | 450 | 300 | 150 |
| 8 | രാഖി ജേക്കബ്ബ് | ഇൻഡസ്ഇൻഡ് ബാങ്ക് | X | 51000 | 450 | 180 | 270 |
| 9 | അജയ്.സി.എം | കൊഡാക്ക് മഹീന്ദ്ര ബാങ്ക് ബ്രാഞ്ച് 1, ചെറുകര ടവേഴ്സ് | IX | 72364 | 600 | 450 | 150 |
| 10 | അക്ഷയ് സുന്ദർ | കൊഡാക്ക് മഹീന്ദ്ര ബാങ്ക് ബ്രാഞ്ച് 1, ചെറുകര ടവേഴ്സ് | IX | 86944 | 750 | 600 | 150 |

| | | | | | | | |
|---|---|---|---|---|---|---|---|
| 11 | ദിന എലിസ ജോർജ്ജ് | കൊഡാക്ക് മഹീന്ദ്ര ബാങ്ക് ബ്രാഞ്ച് 1, ചെറുകര ടവേഴ്സ് | IX | 86610 | 750 | 600 | 150 |
| 12 | ജഫിൻ ജയിംസ് | കൊഡാക്ക് മഹീന്ദ്ര ബാങ്ക് ബ്രാഞ്ച് 1, ചെറുകര ടവേഴ്സ് | IX | 72364 | 600 | 450 | 150 |
| 13 | പ്രസന്നകുമാർ. ആർ | കൊഡാക്ക് മഹീന്ദ്ര ബാങ്ക് ബ്രാഞ്ച് 1, ചെറുകര ടവേഴ്സ് | IX | 116088 | 1000 | 750 | 250 |
| 14 | രതീഷ്.റ്റി.ആർ | കൊഡാക്ക് മഹീന്ദ്ര ബാങ്ക് ബ്രാഞ്ച് 1, ചെറുകര ടവേഴ്സ് | IX | 106772 | 1000 | 750 | 250 |
| 15 | സരിൻ.വി.സദാശിവൻ | കൊഡാക്ക് മഹീന്ദ്ര ബാങ്ക് ബ്രാഞ്ച് 1, ചെറുകര ടവേഴ്സ് | IX | 150230 | 1250 | 1000 | 250 |
| 16 | അഭിനേഷ് ശങ്കർ | കൊഡാക്ക് മഹീന്ദ്ര ബാങ്ക് ബ്രാഞ്ച് 2, തെരേസാ പ്ലാസ | IX | 24900 | 180 | 120 | 60 |
| 17 | അജയ് കൃഷ്ണൻ.കെ.എസ് | കൊഡാക്ക് മഹീന്ദ്ര ബാങ്ക് ബ്രാഞ്ച് 2, തെരേസാ പ്ലാസ | IX | 86144 | 750 | 600 | 150 |
| 18 | അഷിൻ സോമൻ | കൊഡാക്ക് മഹീന്ദ്ര ബാങ്ക് ബ്രാഞ്ച് 2, തെരേസാ പ്ലാസ | IX | 85678 | 750 | 600 | 150 |
| 19 | ജോസ്മി റോസ് ജോസഫ് | കൊഡാക്ക് മഹീന്ദ്ര ബാങ്ക് ബ്രാഞ്ച് 2, തെരേസാ പ്ലാസ | IX | 104939 | 1000 | 750 | 250 |
| 20 | നീമ മറിയം ജോർജ്ജ് | കൊഡാക്ക് മഹീന്ദ്ര ബാങ്ക് ബ്രാഞ്ച് 2, | IX | 83264 | 750 | 600 | 150 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | തെരേസാ പ്ലാസ | | | | | |
| 21 | ലിൻസൺ ലൂക്കോസ് | കൊഡാക്ക് മഹീന്ദ്ര ബാങ്ക് ബ്രാഞ്ച് 2, തെരേസാ പ്ലാസ | IX | 79348 | 750 | 600 | 150 |
| 22 | രേഷ്മ രാജ് | കൊഡാക്ക് മഹീന്ദ്ര ബാങ്ക് ബ്രാഞ്ച് 2, തെരേസാ പ്ലാസ | IX | 77137 | 750 | 600 | 150 |
| 23 | സെൽമ മറീന ഡിസൂസ | കൊഡാക്ക് മഹീന്ദ്ര ബാങ്ക് ബ്രാഞ്ച് 2, തെരേസാ പ്ലാസ | IX | 50403 | 450 | 300 | 150 |
| 24 | രാധാകൃഷ്ണൻ.റ്റി.വി | ഹീര കൺസ്ട്രക്ഷൻസ് പ്രൈവറ്റ് ലിമിററഡ് | I | 78318 | 750 | 600 | 150 |
| | ആകെ | | | | 16780 | 12130 | 4650 |

അർദ്ധവാർഷിക തൊഴിൽ നികുതി പട്ടികയിലെ നിരക്കിൽ നിന്നും കുറവായി ഈടാക്കിയതിന്റെ വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.41/ 23.10.17) മറുപടിയായി കുറവ് വന്ന തുക ഈടാക്കി ഒടുക്കുവരുത്തുന്നതിന് ടി സ്ഥാപനങ്ങൾക്ക് അറിയിപ്പ് നല്കിയതിന്റെ പകർപ്പ് ലഭ്യമാക്കിയിട്ടുണ്ട്. ടി ജീവനക്കാരിൽ നിന്നും നികുതി ഈടാക്കിയതിൽ കുറവ് വന്ന തുകയായ 4650 രൂപ ഈടാക്കി നഗരസഭ ഫണ്ടിൽ ഒടുക്കുവരുത്തിയതിന്റെ രസീത് ഓഡിറ്റിൽ ഹാജരാക്കുന്ന മുറയ്ക്ക് പരാമർശം ഒഴിവാക്കുന്നതാണ് അല്ലാത്തപക്ഷം വരവ് നഷ്ടമായി തിട്ടപ്പെടുത്തി ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കുവാൻ നടപടി സ്വീകരിക്കുന്നതാണ്.

## 2-3 തൊഴിൽ നികുതി ഈടാക്കുന്നതിൽ വീഴ്ച- നികുതി പിരിവിലെ അപാകതകൾ നഗരസഭാ പരിധിയിൽ തൊഴിൽ നികുതി പൂർണ്ണമായും പിരിച്ചെടുക്കുന്നില്ല

(എ) ഡിമാന്റ് രജിസ്റ്റർ അപൂർണ്ണം

നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ 2016 -17 വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. സ്ഥാപനത്തിന്റെ പേര് ഡിമാന്റ് രജിസ്റ്ററിൽ എഴുതി ചേർക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. രണ്ടർദ്ധവർഷങ്ങളിലെയും തൊഴിൽനികുതി പൂർണ്ണമായും ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമനമ്പർ | സ്ഥാപനത്തിന്റെ പേര് | വാർഡ് | അർദ്ധവർഷം |
|---|---|---|---|
| 1 | പ്രിൻസിപ്പൽ, മൗണ്ട് കാർമൽ ട്രെയിനിങ്ങ് കോളേജ് | I | I & II |

| | | | |
|---|---|---|---|
| | | | |
| 2 | പ്രിൻസിപ്പൽ, മൗണ്ട് കാർമൽ ഗേൾസ് ഹൈസ്കൂൾ | I | II |
| 3 | മാനേജർ, എൽ.ജി. ഡീലർഷിപ്പ് | I | I & II |
| 4 | ജില്ലാ ഇൻഷ്വറൻസ് ഓഫീസർ, കഞ്ഞിക്കുഴി | I | I & II |
| 5 | എക്സൈസ് ഇൻസ്പെക്ടർ, എക്സൈസ് ഇന്റലിജൻസ് ഇൻവെസ്റ്റിഗേഷൻ ബ്യൂറോ, കോട്ടയം | I | I & II |
| 6 | ത്രിവേണി സൂപ്പർ മാർക്കറ്റ്, കൺസ്യൂമർഫെഡ്, പുതുപ്പള്ളി റോഡ് | II | I & II |
| 7 | എക്സൈസ് എൻഫോഴ്സ്മെന്റ് ആന്റ് നർക്കോട്ടിക് സെൽ, സ്പെഷ്യൽ സ്ക്വാഡ് | II | I & II |
| 8 | അസിസ്റ്റന്റ് എൻജിനീയർ ഹൈഡ്രോളജി സബ് ഡിവിഷൻ, മുട്ടമ്പലം | II | I & II |
| 9 | അസിസ്റ്റന്റ് എൻജിനീയർ ഹൈഡ്രോളജി സെക്ഷൻ | II | I & II |

| | | | |
|---|---|---|---|
| 10 | മെഡിക്കൽ ഓഫീസർ, എൻ.ആർ.എച്ച്.എം ഹോമിയോ ഡിസ്പെൻസറി, മുട്ടമ്പലം | II | I & II |
| 11 | പാരഗൺ പോളിമർ പ്രോഡക്ട്സ് പ്രൈവറ്റ് ലിമിറ്റഡ്, കോട്ടയം | II | II |
| 12 | കേരള ഗ്രാമീൺ ബാങ്ക്, കഞ്ഞിക്കുഴി | IV | I & II |
| 13 | ബജാജ് അലയൻസ് ഇൻഷുറൻസ്, ശാസ്ത്രി റോഡ് | IV | I & II |
| 14 | മാനേജർ, മജസ്റ്റിക് ലോഡ്ജ് | IV | I & II |
| 15 | മാനേജർ, ഐ.സി.ഐ.സി.ഐ പ്രുഡൻഷ്യൽ ലിമിറ്റഡ് | IV | I & II |
| 16 | മാനേജർ, എച്ച്.ഡി.എഫ്.സി സ്റ്റാൻഡേർഡ് ലൈഫ് ഇൻഷുറൻസ് | IV | I & II |
| 17 | പ്രൊപ്രൈറ്റർ, സാംസങ്ങ്, കഞ്ഞിക്കുഴി | IV | II |
| 18 | കൊശമറ്റം ഹോസ്പിറ്റൽ, കഞ്ഞിക്കുഴി | IV | II |
| 19 | മാനേജർ, സൗത്ത് ഇൻഡ്യൻ ബാങ്ക്, കഞ്ഞിക്കുഴി | IV | II |

| | | | |
|---|---|---|---|
| 20 | ഇൻഡ്യ സിമന്റ്സ് ലിമിറ്റഡ് | IV | II |
| 21 | ഫ്യൂച്ചർ ജനറൽ ഇൻഡ്യ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് | IV | II |
| 22 | മാനേജർ, കോട്ടയം ക്ലബ്ബ് | V | I & II |
| 23 | മാനേജർ, കോടിമത സർവ്വീസ് സഹകരണ ബാങ്ക് | V | I & II |
| 24 | മാനേജർ, മുത്തൂറ്റ് സെക്യൂരിറ്റീസ് | VI | II |
| 25 | മാനേജർ, മാഞ്ഞൂരാൻ ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷൻ | VI | I & II |
| 26 | ഹെഡ്മാസ്റ്റർ, മഡോണ എൽ.പി.സ്കൂൾ, കോട്ടയം | VI | I & II |
| 27 | മാനേജർ, ഐഡിയ ഷോപ്പ് | VI | I & II |
| 28 | സെക്രട്ടറി, എയ്ഡഡ് പ്രൈമറി ടീച്ചേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | VIII | II |
| 29 | റീജിയണൽ മാനേജർ, കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ് | VIII | II |

| | | | |
|---|---|---|---|
| 30 | ഡെപ്യൂട്ടി രജിസ്ട്രാർ, കോ- ഓപ്പറേറ്റീവ് ട്രെയിനിങ്ങ് സെന്റർ | VIII | II |
| 31 | അസിസ്റ്റന്റ് രജിസ്ട്രാർ, കോ - ഓപ്പറേറ്റീവ് സൊസൈറ്റി ഓഡിറ്റ് | VIII | I & II |
| 32 | അസിസ്റ്റന്റ് രജിസ്ട്രാർ, കോ - ഓപ്പറേറ്റീവ് സൊസൈറ്റി(ജനറൽ) | VIII | II |
| 33 | മാനേജർ, റ്റാറ്റ ലൈഫ് ഇൻഷുറൻസ് കോർപ്പറേഷൻ ലിമിറ്റഡ് | VIII | I & II |
| 34 | മാനേജർ, സൗത്ത് ഇൻഡ്യൻ ബാങ്ക് | VIII | I & II |
| 35 | കേരള സിഡ്കോ ലിമിറ്റഡ്, | VIII | I & II |
| 36 | ഡാൽമിയ സിമന്റ് ഭാരത് ലിമിറ്റഡ് | VIII | I & II |
| 37 | റ്റാറ്റാ മ്യൂച്ചൽ ഫണ്ട്, | VIII | I & II |
| 38 | സെന്റ് ജോസഫ് കോൺവെന്റ് ജി.എച്ച്.എസ്, കോട്ടയം | VIII | II |
| 39 | ആദർശ് ക്രെഡിറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | VIII | II |

| | | | |
|---|---|---|---|
| | | | |
| 40 | സെൻട്രൽ വെയർഹൗസിങ്ങ് കോർപ്പറേഷൻ | VIII | II |
| 41 | റബ്ബർ ബോർഡ് ഫിനാൻസ് ആന്റ് അക്കൗണ്ട്സ് ഡിപ്പാർട്ട്മെന്റ് | VIII | II |
| 42 | എസ്.ബി.ഐ., എൻ.ആർ.ഐ ബ്രാഞ്ച് | VIII | II |
| 43 | എസ്.ബി.ഐ, റെയിൽവേ സ്റ്റേഷൻറോഡ് ബ്രാഞ്ച് | VIII | II |
| 44 | മൊബൈൽ ഐ.സി.റ്റി.സി, ജില്ലാ ആശുപത്രി, കോട്ടയം | IX | II |
| 45 | ആർട്ടിസാൻസ് കോർപ്പറേഷൻ ലിമിറ്റഡ് | IX | I & II |
| 46 | മാനേജർ, ഖാദി ഗ്രാമ സൗഭാഗ്യ, ബേക്കർ ജംഗ്ഷൻ | IX | I & II |
| 47 | മാനേജർ, നന്ദിലത്ത് ജി- മാർട്ട് | IX | II |
| 48 | ഡിസ്ട്രിക്റ്റ് ലൈബ്രറി ഓഫീസർ, ഡിസ്ട്രിക്ട് ലൈബ്രറി കൗൺസിൽ, | IX | I & II |
| 49 | മാനേജർ, അക്ഷയ പ്രൊജക്ട് ഓഫീസ്, | IX | I & II |

| | | | |
|---|---|---|---|
| | നാഗമ്പടം | | |
| 50 | മാനേജർ, ശ്രീറാം എക്യുപ്‌മെന്റ് ഫിനാൻസ് കമ്പനി ലിമിറ്റഡ് | IX | I & II |
| 51 | മാനേജർ, ഇൻഡ്യ ഇൻഫോലൈൻ ഫിനാൻസ് ലിമിറ്റഡ് | IX | I & II |
| 52 | മാനേജർ, ഇ.എസ്.ഐ കോർപ്പറേഷൻ ലിമിറ്റഡ് | IX | II |
| 53 | പ്രോജക്റ്റ് മാനേജർ, ഫ്രണ്ട്സ് ജനസേവന കേന്ദ്രം | IX | I & II |
| 54 | മാനേജർ, റിലയൻസ് സെക്യൂരിറ്റി ലിമിറ്റഡ് | IX | I & II |
| 55 | റീജിയണൽ മാനേജർ, കെ.എസ്.ഡി.സി ഫോർ എസ്.സി, എസ്.ടി, നാഗമ്പടം | IX | I & II |
| 56 | ടൗൺ പ്ലാനിങ്ങ് ഓഫീസർ, ജില്ല ടൗൺ പ്ലാനിങ്ങ് ഓഫീസ്, നാഗമ്പടം | IX | I & II |
| 57 | ഡിസ്ട്രിക്റ്റ് സ്പോർട്സ് കൗൺസിൽ, നാഗമ്പടം | IX | I & II |

| | | | |
|---|---|---|---|
| 58 | മാനേജർ, കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ ലിമിറ്റഡ് | IX | I & II |
| 59 | മാനേജർ, പോളി ദന്തൽ സ്പെഷ്യാലിറ്റി | IX | I & II |
| 60 | എം.എം. ഫിലിപ്പ് അസോസിയേറ്റ്സ്, ആർക്കിടെക്ക്സ് | IX | I & II |
| 61 | മാനേജർ, ശക്തി ടൂർസ് & ട്രാവൽസ് | IX | I & II |
| 62 | മാനേജർ, കൈരളി ഹാൻഡി ക്രാഫ്റ്റ് | IX | I & II |
| 63 | മാനേജർ, സിറ്റി യൂണിയൻ ബാങ്ക് | IX | I & II |
| 64 | മാനേജർ, ഇൻഡ്യൻ ബാങ്ക് | IX | II |
| 65 | മാനേജർ, ജോജോ വാച്ച് വർക്കേഴ്സ് | IX | I & II |
| 66 | മാനേജർ, പോപ്പുലർ ഇലക്ട്രോണിക്സ്, | IX | I & II |
| 67 | മാനേജർ, റിലയബിൾ ഫാർമ്മ | IX | I & II |
| 68 | മാനേജർ, വൈ.ഡബ്ല്യൂ.സി.എ | IX | II |
| 69 | മാനേജർ, ഹോട്ടൽ ജോയീസ് റസിഡൻസി | IX | II |
| 70 | മാനേജർ, ജാക്സൺ മെഡിക്കൽ സ്റ്റോർ | IX | II |

| | | | |
|---|---|---|---|
| 71 | സെക്രട്ടറി, മുനിസിപ്പൽ ഓഫീസ്,കോട്ടയം | IX | I & II |
| 72 | എക്സിക്യൂട്ടീവ് എൻജിനീയർ, എൽ.എസ്.ജി.ഡി. കോട്ടയം മുനിസിപ്പാലിറ്റി | IX | I |
| 73 | അന്നമ്മ ജോസഫ്, ആൻസ് ഹൗസ് ഓഫ് സ്വീറ്റ്സ് | IX | I & II |
കേരള മുനിസിപ്പാലിറ്റി (ആപൽക്കരവും അസഹ്യവുമായ വ്യാപാര സ്ഥാപനങ്ങൾക്കും, ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ 2011 ചട്ടം 7 പ്രകാരം ഓരോ മുനിസിപ്പാലിറ്റിയും ഓരോ സ്ഥാപനവും സ്ഥിതിചെയ്യുന്ന സ്ഥലത്തിന്റെ പ്രാധാന്യം, വ്യാപാരം/തൊഴിൽ/കച്ചവടസ്ഥാപനം എന്നിവയുടെ തരം, അളവ്, അവയ്ക്കായുള്ള മുതൽ മുടക്ക് എന്നിവ അടിസ്ഥാനമാക്കി എ, ബി, സി എന്നിങ്ങനെ തരംതിരിച്ച് അവയ്ക്ക് ബാധകമായ നിരക്ക് (ടി ചട്ടം പട്ടിക I, II തുടങ്ങിയവയിൽ നിർദ്ദേശിച്ചിരിക്കുന്ന കുറഞ്ഞ നിരക്കിനനുസൃതമായി) നിശ്ചയിച്ച് പ്രസിദ്ധപ്പെടുത്തിയാണ് ലൈസൻസ് ഫീസ് ഈടാക്കേണ്ടത്. മുനിസിപ്പാലിറ്റി ഈ നടപടിക്രമം പാലിക്കുന്നില്ല. ചട്ടപ്രകാരമുള്ള ഏറ്റവും കുറഞ്ഞ തുക പോലും ലൈസൻസ് ഫീസായി ഈടാക്കാതെ മേൽ സ്ഥാപനങ്ങളിൽ നിന്ന് കുറഞ്ഞന നിരക്കിൽ ലൈസൻസ് ഫീസ് ഈടാക്കിയതിന്റെ കാരണം വിശദമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നം. 32 /2017 തീയതി 09.10.2017.നല്കിയെങ്കിലും മറുപടി ലഭിച്ചില്ല.സ്ഥാപനത്തിൽ നിന്നും ചട്ടപ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കോണ്ടതാണ്

## 2-13 2016-17 പൊതുലേലങ്ങൾ

1) ലേലത്തുക പൂർണ്ണമായും പിരിച്ചെടുത്തിട്ടില്ല.

താഴെപ്പറയുന്ന ഇനങ്ങളിൽ ലേലത്തുക പൂർണ്ണമായും പിരിച്ചെടുത്തിട്ടില്ല എന്നു കാണുന്നു.

<table>
<tr><th rowspan="2">ലേല ഇനം</th><th rowspan="2">ലേല തുക</th><th rowspan="2">കുത്തക ക്കാരൻ</th><th colspan="3">പിരിച്ചതുക</th><th colspan="3">കുടിശ്ശിക</th><th rowspan="2">റിമാർക്സ്</th></tr>
<tr><th>ഇനം</th><th>വർഷം</th><th>തുക</th><th>ഇനം</th><th>വർഷം</th><th>തുക</th></tr>
<tr><td rowspan="6">കോടിമത ചന്തയിലെ ഫീസ് പിരിവ്</td><td rowspan="6">3,07,000</td><td rowspan="6">ഷാനവാസ്, മണ്ണു കുന്നേൽ, കുമാരനല്ലൂർ</td><td rowspan="2">1) ലേല ത്തുക</td><td>2015-16</td><td>153500</td><td rowspan="2">1) ലേല ത്തുക</td><td>2015-16</td><td>ഇല്ല</td><td rowspan="6">കുടിശ്ശിക തുക ഈടാക്കാൻ റവന്യൂ റിക്കവറി നടപടികൾ സ്വീകരി ക്കുമെന്ന് കാണിച്ച് കുത്തക ക്കാരന് നോട്ടീസ് നൽകി യിട്ടുണ്ട്.</td></tr>
<tr><td>2016-17</td><td>76750</td><td>2016-17</td><td>76750</td></tr>
<tr><td colspan="2">ആകെ</td><td>230250</td><td colspan="2">ആകെ</td><td>76750</td></tr>
<tr><td rowspan="2">2) സർവ്വീസ് ടാക്സ്</td><td>2015-16</td><td>22258</td><td rowspan="2">2) സർവ്വീസ് ടാക്സ്</td><td>2015-16</td><td>ഇല്ല</td></tr>
<tr><td>2016-17</td><td>11513</td><td>2016-17</td><td>11513</td></tr>
<tr><td colspan="2">ആകെ</td><td>33771</td><td colspan="2">ആകെ</td><td>11513</td></tr>
</table>

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| തിരുനക്കര മൈതാനം പാർക്കിംഗ് ഫീസ് പിരിവ് | 6,50,000 | തോമസ്.പി. കുര്യൻ, പുളിക്കാട്ട് മഠത്തിൽ, പെരുമ്പായിക്കാട്. | 1) ലേലത്തുക | 2016-17 | 487500 | 1) ലേലത്തുക | 2016-17 | 162500 | |
| | | | 2) സർവ്വീസ് ടാക്സ് | 2016-17 | 73125 | 2) സർവ്വീസ് ടാക്സ് | 2016-17 | 24375 | |

ആകെ കുടിശ്ശിക തുക : ലേലത്തുക :- 239250 (76750 + 162500)

ST :- 35888 (11513 + 24375)

2) കഞ്ഞിക്കുഴി മത്സ്യമാർക്കറ്റ് - മുൻവർഷത്തെ കുത്തകക്കാർ ഫീസ് ഒടുക്കാതെ തുടരുന്നു.

കഞ്ഞിക്കുഴി മത്സ്യമാർക്കറ്റിൽ 3 സ്റ്റാളുകൾ ഉണ്ട്. ഇതിൽ ഒരെണ്ണം പച്ചക്കറി സ്റ്റാളും 2 എണ്ണം മത്സ്യസ്റ്റാളുകളുമാണ്. ഇവയുടെ ഫീസ് 2016-17 വർഷം ലേലത്തിൽ പോയിരുന്നില്ല. എന്നാൽ മീൻ സ്റ്റാളുകൾ മുൻവർഷം ലേലംകൊണ്ട ശ്രീ. റ്റി. കെ. രവീന്ദ്രൻ, മങ്ങാട്ടുപറമ്പിൽ, പാറമ്പുഴ., ശ്രീ. രഞ്ജിത് രവീന്ദ്രൻ, മങ്ങാട്ടുപറമ്പിൽ, പാറമ്പുഴ എന്നിവർ തുടർന്നും വാടക ഒടുക്കാതെ കൈവശം വച്ചുപോന്നതായി ഫയൽ പരിശോധനയിൽ വ്യക്തമാകുന്നു. ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മുനിസിപ്പാലിറ്റി നൽകിയ മറുപടിയിൽ മുനിസിപ്പാലിറ്റി പ്രസ്തുത വ്യക്തികളിൽ നിന്നും നേരിട്ട് ഫീസ് പിരിവ് നടത്തിയതായി വ്യക്തമാക്കുകയും ഫീസ് പിരിവ് നടത്തിയ രസീത് ബുക്ക് (ബുക്ക് നം. 2374) പരിശോധനയ്ക്ക് ലഭ്യമാക്കുകയും ചെയ്തു. രസീതിലെ വിശദാംശങ്ങൾ പ്രകാരം പ്രതിദിനം 15/- രൂപ നിരക്കിലാണ് ഇവരിൽ നിന്നും ഫീസ് പിരിച്ചതെന്നും ആയത് 28.02.17വരെ മാത്രമേ പിരിച്ചിട്ടുള്ളുവെന്നും വ്യക്തമാകുന്നു. പിരിവ് വിശദാംശങ്ങൾ പ്രകാരം മേൽ വ്യക്തികളിൽ നിന്നും 2016-17ൽ ലഭിക്കേണ്ടതും ലഭിച്ചതുമായ ഫീസിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| കുത്തകക്കാരൻ | 2016-17ൽ ലഭിക്കേണ്ട ഫീസ് (365 x 15) | ഈടാക്കിയ ഫീസ് | തുകയുടെ വിശദാംശങ്ങൾ | | കുറവ് |
|---|---|---|---|---|---|
| | | | തുക | രസീത് നം./തീയതി | |
| രവീന്ദ്രൻ | 5475 | 4855 | 30 | 118651/02.04.16 | 620 |
| | | | 15 | 118655/11.04.16 | |
| | | | 810 | 118667/23.06.16 | |
| | | | 4000 | 11867503.03.17 | |
| ആകെ | | | 4855 | | |
| രഞ്ജിത്ത് രവീന്ദ്രൻ | 5475 | 3015 | 15 | 118656/11.04.16 | 2460 |
| | | | 3000 | 118676/10.03.17 | |

| | | | |
|---|---|---|---|
| ആകെ | 3015 | ആകെ | 3080 |

3) ഉത്സവസീസണിലെ ഫീസ് പിരിവ് - വിശദാംശങ്ങൾ ലഭ്യമായിട്ടില്ല.

തിരുനക്കര ഉത്സവം പ്രമാണിച്ച് തിരുനക്കര മൈതാനം, പഴയ പോലീസ്സ്റ്റേഷൻ മൈതാനം എന്നിവിടങ്ങളിലെ പാർക്കിംഗ് ഫീസ് പിരിവ് 13.03.16 മുതൽ 15.04.16 വരെ ഒരു മാസക്കാലം ഒഴിവാക്കി പൊതുലേലത്തിൽ വയ്ക്കുന്നതിനാണ് 06.02.16ലെ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനിച്ചിട്ടുള്ളത്. മേൽപ്പറഞ്ഞ ഉത്സവസീസണിൽ തിരുനക്കര മൈതാനത്തെ ഫീസ് പിരിവ് പ്രതിദിനം 90,000/- രൂപ ഫീസും 12,000/- രൂപ കരുതൽ നിക്ഷേപവും സ്വീകരിച്ച് നൽകുന്നതിനും പഴയ പോലീസ്സ്റ്റേഷൻ മൈതാനം ചതുരശ്ര അടിക്ക് പ്രതിദിനം 4 രൂപ നിരക്കിൽ നൽകുന്നതിനുമാണ് പ്രസ്തുത ധനകാര്യസ്ഥിരം സമിതി തീരുമാനിച്ചിട്ടുള്ളത്. (തീരുമാനം നം. 1) ധനകാര്യസ്ഥിരം സമിതിയുടെ നിർദ്ദേശം 17.02.16ൽ ചേർന്ന പൊതുകൗൺസിൽ യോഗം അംഗീകരിച്ചിട്ടുണ്ട്.
(തീരുമാനം നം. 2) ആയതു പ്രകാരം തിരുനക്കര മൈതാനത്തെ പാർക്കിംഗ് ഫീസ് പിരിവ് പ്രസ്തുത ഒരു മാസം ഒഴിവാക്കുകയും, പഴയ പോലീസ് സ്റ്റേഷൻ മൈതാനത്തെ പാർക്കിംഗ് ഫീസ് പൂർണ്ണമായും പൊതുലേല ഇനങ്ങളിൽ നിന്നും ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. അതോടൊപ്പം പഴയ പോലീസ് സ്റ്റേഷൻ മൈതാനത്തെ ഫീസ് പിരിവ് മുനിസിപ്പാലിറ്റി നിലവിൽ ചെയ്യുന്നതുപോലെ നേരിട്ട് പിരിക്കുന്നതിനുമാണ് തീരുമാനിച്ചിട്ടുള്ളത്. ആയതു പ്രകാരം ഉത്സവസീസണിൽ തിരുനക്കര മൈതാനത്ത് നടത്തിയ ഫീസ് പിരിവിന്റെ വിശദാംശങ്ങളും, ഉത്സവസീസൺ ഉൾപ്പെടെ 2016-17 വർഷത്തിൽ പഴയ പോലീസ് സ്റ്റേഷൻ മൈതാനത്തെ ഫീസ് പിരിവിന്റെ വിശദാംശങ്ങളും, രജിസ്റ്ററും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ലേലത്തുകയിൽ കുടിശ്ശിക വന്നിട്ടുള്ളതും, കുറവ് വന്നിട്ടുള്ളതുമായ തുക ഈടാക്കിയും, ഉത്സവ സീസണിൽ നഗരസഭ നേരിട്ട് ഈടാക്കിയ പാർക്കിംഗ് ഫീസിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയും ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.
4) തിരുനക്കര മൈതാനത്തിന്റെ ചുറ്റുമതിൽ സംരക്ഷണം പരസ്യം പ്രദർശിപ്പിക്കുന്നതിനുള്ള അവകാശം-കരാർ കാലാവധി കഴിഞ്ഞിട്ടും പുനർലേലം നടത്തിയിട്ടില്ല.
കോട്ടയം നഗരസഭയുടെ തിരുനക്കര മൈതാനത്തിന്റെ ചുറ്റുമതിൽ സംരക്ഷണം, മൈതാനം മോടിപിടിപ്പിക്കൽ, പരസ്യം പ്രദർശിപ്പിക്കുന്നതിനുള്ള അവകാശം എന്നിവയ്ക്കായി നഗരസഭയുമായി കരാറിലേർപ്പെട്ട M/S ഷാ അഡ്വർടൈസേഴ്സ് എന്ന സ്ഥാപനത്തിന്റെ കരാർ കാലാവധി 02.04.15ൽ അവസാനിച്ചതിനുശേഷം കരാർ പുതുക്കി നൽകിയിട്ടില്ല. കരാർ ഏറ്റെടുത്ത M/S ഷാ അഡ്വർടൈസേഴ്സിനു പകരം ടി സ്ഥലത്ത് 5 വർഷക്കാലം പരസ്യം പ്രദർശിപ്പിച്ചിരുന്നത് ജോസ്കോ ജൂവലേഴ്സ് ആണ്. ഇവർ അടുത്ത 5 വർഷത്തേക്കുകൂടി കരാർ പുതുക്കാൻ മുനിസിപ്പാലിറ്റിക്ക് അപേക്ഷ നൽകി. കരാർ ഏറ്റെടുത്ത സ്ഥാപനം M/S ഷാ അഡ്വർടൈസേഴ്സ് ആയിരിക്കെ ജോസ്കോ ജൂവലറി ഇപ്രകാരം അപേക്ഷ നൽകാനിടയായതിന്റെ സാഹചര്യം വ്യക്തമല്ല. ഈ സാഹചര്യത്തിൽ നിലിവിലുള്ള പരസ്യത്തിന് നിലിവിലുണ്ടായിരുന്ന നിരക്കിൽ നികുതി ഈടാക്കുന്നതിനും അനുമതിയില്ലാതെ ജോസ്കോ ജൂവലറി സ്ഥാപിച്ച പരസ്യം നീക്കം ചെയ്യുന്നതിനും പരസ്യബോർഡിലേക്കുള്ള നഗരസഭാ സെക്രട്ടറിയുടെ പേരിലുള്ള (കൺസ്യൂമർ നം. 2895) വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുന്നതിനും 05.08.15ൽ കൗൺസിൽ തീരുമാനം എടുത്തു. എന്നാൽ തുടർനടപടികൾ സ്വീകരിച്ചോ എന്നതിന് വ്യക്തതയില്ല. ചുറ്റുമതിൽ സംരക്ഷണം, മൈതാനം മോടിപിടിപ്പിക്കൽ, പരസ്യം പ്രദർശിപ്പിക്കാനുള്ള അവകാശം എന്നിവ നിയമാനുസൃത ക്വട്ടേഷൻ ക്ഷണിച്ച് നൽകുന്നതിന് 05.08.15ൽ ചേർന്ന കൗൺസിൽ തീരുമാനിച്ചിരുന്നു. (തീരുമാനം നമ്പർ 53) പ്രസ്തുത തീരുമാനം നടപ്പാക്കുന്നതിനായി റവന്യൂ ഓഫീസറെ ചുമതലപ്പെടുത്തിയതായും ഫയൽ പരിശോധനയിൽ കാണുന്നു. എന്നാൽ തുടർനടപടികൾ സംബന്ധിച്ച വിവരങ്ങൾ ഇല്ല. ആയതിനാൽ ഈ വിഷയം സംബന്ധിച്ച നിലവിലുള്ള അവസ്ഥയുടെ വിശദാംശങ്ങൾ ഓഡിറ്റിൽ അടിയന്തിരമായി ഹാജരാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നം. 53/2017 തീയതി 17.11.2017 നല്കിയെങ്കിലും മറുപടി ലഭിച്ചിട്ടില്ല. നഗരസഭയ്ക്ക് വരുമാന നഷ്ടം ഉണ്ടാകാത്ത വിധം വരുമാനസ്രോതസുകൾ വേണ്ടവിധത്തിൽ ഉപയോഗിക്കാൻ അധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

## 2-14 വാടകക്കാലാവധി യഥാസമയം പുതുക്കി നൽകിയിട്ടില്ല. വാടക വരുമാനത്തിൽ

**നഷ്ടം.**

കുമാരനല്ലൂർ സോണിൽപ്പെട്ട മുനിസിപ്പൽ കെട്ടിടത്തിലെ മുറികൾ നിലവിൽ 2 വർഷത്തെ കാലാവധിക്കാണ് വാടകയ്ക്ക് നൽകിപ്പോരുന്നത്. പ്രസ്തുത കാലാവധി തീരുന്ന മുറയ്ക്ക് ടി മുറികൾ വീണ്ടും ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷയുടെ പുറത്ത് നിലവിലുള്ള വാടകയുടെ 10% വർദ്ധനവിൽ മറ്റൊരു 2 വർഷത്തേയ്ക്ക് പുതുക്കി നൽകുകയാണ് ചെയ്തുവരുന്നത്. ഏറ്റവും ഒടുവിൽ മുനിസിപ്പൽ കൗൺസിൽ അനുവദിച്ച വാടകക്കാലാവധി 30.04.15ൽ അവസാനിച്ചിട്ടുണ്ട്. പ്രതിമാസ വാടകയിൽ 10% വർദ്ധനവ് വരുത്തി പ്രസ്തുത കടമുറികൾ നിലവിലുള്ള വാടകക്കാർക്ക് തന്നെ പുതുക്കി നൽകുന്നതിന് ഫയൽ മുനിസിപ്പൽ കൗൺസിലിനു മുമ്പാകെ സമർപ്പിച്ചിരുന്നെങ്കിലും മുനിസിപ്പൽ കൗൺസിൽ നാളിതുവരെ പ്രസ്തുത ഫയലിൽ തീരുമാനം എടുത്തിട്ടില്ല എന്ന് കാണുന്നു. അതേസമയം തന്നെ നിലവിലുള്ള വാടകക്കാർ പ്രസ്തുത കടമുറികൾ തുടർന്നും കൈവശം വയ്ക്കുകയും പഴയ നിരക്കിൽ മുനിസിപ്പാലിറ്റി അവരിൽ നിന്നും വാടക സ്വീകരിക്കുന്നതായും വാടക രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. 30.04.15ൽ വാടകക്കാലാവധി അവസാനിച്ച കുത്തകക്കാർ തുടർന്നും അനധികൃതമായി പ്രസ്തുത മുറികൾ കൈവശം വച്ചുപോരുന്നതായും അവരിൽ നിന്നും വാടക സ്വീകരിക്കുന്നതിലൂടെ പ്രസ്തുത അനധികൃത കൈവശാവകാശത്തെ അധികൃതമാക്കുകയുമാണ് മുനിസിപ്പാലിറ്റി ഫലത്തിൽ ചെയ്തിരിക്കുത്.

പഴയ നിരക്കിൽ വാടക സ്വീകരിക്കുന്നതുമൂലം യഥാർത്ഥത്തിൽ മുനിസിപ്പാലിറ്റിക്ക് ലഭിക്കേണ്ട വാടക വരുമാനത്തിൽ വലിയ കുറവുണ്ടായിട്ടുള്ളതായി വാടക രജിസ്റ്ററിലെ എൻട്രികൾ പരിശോധിച്ചാൽ വ്യക്തമാകുന്നു. വാടക നഷ്ടത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | റൂം നം | വാടക ക്കാരൻ | കൈ വശം വച്ച കാല യളവ് | നില വിലെ പ്രതി മാസ വാടക | 10% വർ ദ്ധന വിൽ ഈടാ ക്കേണ്ട വാടക | ഈടാക്കേണ്ട വാടകയുടെ വിവരം | | | | | രജിസ്റ്റർ പ്രകാരം ഈടാക്കിയ വാടക | | | | | കുറവ് | ഫയൽ നം. | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | വർ ഷം | ഇനം | നിര ക്ക് | മാ സം | ആകെ | വർ ഷം | ഇനം | നിര ക്ക് | മാ സം | ആകെ | തുക | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 |
| | 8 | രാജേഷ്. പി.ആർ, പാലക്കാട്ട് (H), S.H. .മൗണ്ട്, ([ഡി.റ്റി.പി സെന്റർ നടത്തിപ്പ്) | 1.5.15 മുതൽ 30.4.17 വരെ | 275 | 303 | 2015-2016 | വാടക | 303 | 11 | 3333 | 2015-2016 | വാടക | 275 | 11 | 3025 | 308 | KR.2/ 3734/ 15 | |
| | | | | | | 2015-2016 | സേവന നികതി @ 14% | 42 | 11 | 462 | 2015-2016 | സേവന നികതി | - | 11 | - | 462 | | |
| | | | | | | 2016-2017 | വാടക | 303 | 12 | 3636 | 2016-2017 | വാടക | 275 | 9 (4.16 മുതൽ 12/16 വരെ) | 2475 | 1161 | KR.2/ 3734/ 15 | |
| | | | | | | 2016-2017 | സേവന നികതി @ 15% | 45 | 12 | 540 | 2016-2017 | സേവന നികതി | - | 9 (4.16 മുതൽ 12/16 വരെ) | - | 540 | | |
| 2 | 14 | ജി. ജഗദീശൻ, അംബുജ നിവാസ് അതിരമ്പുഴ (ഗിഫ്റ്റ് ഐറ്റംസ് & സ്റ്റേഷനറി) | 1.5.15 മുതൽ 30.4.17 വരെ | 814 | 895 | 2015-2016 | വാടക | 895 | 11 | 9845 | 2015-2016 | വാടക | 814 | 11 | 8954 | 891 | KR.2/ 2690/ 16 | |
| | | | | | | 2015-2016 | സേവന നികതി @ 14% | 125 | 11 | 1375 | 2015-2016 | സേവന നികതി | - | 11 | - | 1375 | | |
| | | | | | | 2016-2017 | വാടക | 895 | 12 | 10740 | 2016-2017 | വാടക | 814 | 9 (4.16 | 7326 | 3414 | KR.2/ 3734/ | |

| | | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | | | | | മുതൽ 12/16 വരെ) | | | 15 | |
| | | | | | | 2016-2017 | സേവന നികതി @ 15% | 134 | 12 | 1608 | 2016-2017 | സേവന നികതി | - | 9 (4.16 മുതൽ 12/16 വരെ) | - | 1608 | | |
| 3 | 10 | രാജൻ വെങ്ങാലിൽ കമാരനല്ലൂർ & ജയചന്ദ്രൻ ചിറ്റാടിയിൽ കമാരനല്ലൂർ (ബാർബർ ഷോപ്പ്) | 1.5.15 മുതൽ 30.4.17 വരെ | 595 | 655 | 2015-2016 | വാടക | 655 | 11 | 7205 | 2015-2016 | വാടക | 595 | 8 (5/15 മുതൽ 12/15 വരെ) | 4760 | 2445 | KR.2/ 3571/ 16 | |
| | | | | | | 2015-2016 | സേവന നികതി @ 14% | 92 | 11 | 1012 | 2015-2016 | സേവന നികതി | - | 8 (5/15 മുതൽ 12/15 വരെ) | - | 1012 | KR.2/ 2688/ 16 | |
| | | | | | | 2016-2017 | വാടക | 655 | 12 | 7860 | 2016-2017 | വാടക | 595 | 7 (6/16 മുതൽ 12/16 വരെ) | 4165 | 3695 | | |
| | | | | | | 2016-2017 | സേവന നികതി | 98 | 12 | 1176 | 2016-2017 | സേവന നികതി | - | 7 (6/16 മുതൽ 12/16 വരെ) | - | 1176 | | |
| 4 | 17 | തോമസ് നെട്ടം ചിറയിൽ മുട്ടമ്പലം (ലേഡീസ് ബ്യൂട്ടി പാർലർ) | 1.5.15 മുതൽ 30.4.17 വരെ | 485 | 534 | 2015-2016 | വാടക | 534 | 11 | 5874 | 2015-2016 | വാടക | 485 | 9 (5/15 മുതൽ 1/16 വരെ) | 4365 | 1509 | KR.2/ 3572/ 15 | |
| | | | | | | 2015-2016 | സേവന നികതി @ 14% | 75 | 11 | 825 | 2015-2016 | സേവന നികതി | - | 9 (5/15 മുതൽ 1/16 വരെ) | - | 825 | | |
| | | | | | | 2016-2017 | വാടക | 534 | 12 | 6408 | 2016-2017 | വാടക | - | - | - | 6408 | | |
| | | | | | | 2016-2017 | സേവന നികതി @ 15% | 80 | 12 | 960 | 2016-2017 | സേവന നികതി | - | - | - | 960 | | |
| 5 | 2 | കെ.സി. ജോർജ് കരുവിടത്ത് പെരുമ്പായി ക്കാട് & തോമസ് ഉളുപ്പ് താന്നിക്കൽ ചുങ്കം. (മെഡിക്കൽ | 1.5.15 മുതൽ 30.4.17 വരെ | 4567 | 5024 | 2015-2016 | വാടക | 5024 | 11 | 55264 | 2015-2016 | വാടക | 4132 | 11 | 45452 | 9812 | KR.2 /2683/ 16 | 30.4.15 തീയതി യിലുള്ള കരാറിൽ പ്രതി മാസ വാടക യായി രേഖ പ്പെടു ത്തിയത് 5063 |
| | | | | | | 2015-2016 | സേവന നികതി @ 14% | 703 | 11 | 7733 | 2015-2016 | സേവന നികതി | 579 | 11 | 6369 | 1364 | | |
| | | | | | | 2016-2017 | വാടക | 5024 | 12 | 60288 | 2016-2017 | വാടക | 4132 | 8 (4/16 മുതൽ 11/16 വരെ) | 33056 | 27232 | | |

| | | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | ലാബ്) | | | | 2016-2017 | സേവന നികുതി @ 15% | 754 | 12 | 9048 | 2016-2017 | സേവന നികുതി | 579 | 8 | 4632 | 4416 | | രൂപ യാണ് |
| 6 | 11 | എസ്.കൃഷ്ണ കുമാർ ശ്രീവിലാസ് കുമാര മംഗലം (സ്റ്റേഷനറി & ആയുർവ്വേദ ഔഷധ ങ്ങൾ) | 1.5.15 മുതൽ 30.4.17 വരെ | 572 | 629 | 2016-2017 | വാടക | 629 | 12 | 7548 | 2016-2017 | വാടക | 572 | 9 (4/16 മുതൽ 12/16 വരെ) | 5148 | 2400 | KR.2/2689/16 | |
| | | | | | | 2016-2017 | സേവന നികുതി @ 15% | 94 | 12 | 1128 | 2016-2017 | സേവന നികുതി | - | - | - | 1128 | | |
| 7 | 5 | ജോർജ് ജോൺ എങ്കോ ണിൽ ഹൗസ്, കുമാര നല്ലൂർ & അൻവർ സാദത്ത് ഷാലിമാർ മൻസിൽ ഗാന്ധി നഗർ (പണ മിടപാട്ട സ്ഥാപനം) | 1.5.15 മുതൽ 30.4.17 വരെ | 1265 | 1392 | 2016-2017 | വാടക | 1392 | 12 | 16704 | 2016-2017 | വാടക | - | - | - | 16704 | KR.2/2682/16 | |
| | | | | | | 2016-2017 | സേവന നികുതി @ 15% | 209 | 12 | 2508 | 2016-2017 | സേവന നികുതി | - | - | - | 2508 | | |
| 8 | 12 | എ.എം. ജയിംസ് മറ്റത്തിൽ കുമാരനല്ലൂർ (ചെരിപ്പുകട) | 1.5.15 മുതൽ 30.4.17 വരെ | 1010 | 1111 | 2016-2017 | വാടക | 111 | 12 | 13332 | 2016-2017 | വാടക | 1010 | 8 (4/16 മുതൽ 11/16 വരെ) | 8080 | 5252 | KR.2/3576/16 | |
| | | | | | | 2016-2017 | സേവന നികുതി @ 15% | 167 | 12 | 2004 | 2016-2017 | സേവന നികുതി | - | - | - | 2004 | | |
| 9 | 7 | പ്രവീൺ. എം. ഗോപൻ, NGO ക്വാർട്ടേഴ്സ്, മുട്ടമ്പലം & ജേക്കബ് ജോർജ് എക്കോ ണിൽ കുമാരനല്ലൂർ (തയ്യൽ സ്ഥാപനം) | 1.5.15 മുതൽ 30.4.17 വരെ | 538 | 592 | 2016-2017 | വാടക | 762 | 12 | 9144 | 2016-2017 | വാടക | - | 0 | 0 | 9144 | KR.2/2681/16 | രജിസ്റ്റർ പ്രകാരം 2/16, 3/16 എന്നീ മാസ ങ്ങളിൽ 762 രൂപ പ്രകാര മാണ് ഈടാക്കി യിട്ടുള്ളത്. |
| | | | | | | 2016-2017 | സേവന നികുതി @ 15% | 114 | 12 | 1368 | 2016-2017 | സേവന നികുതി | - | 0 | 0 | 1368 | | |
| 10 | 3 | രതീഷ്. പി.ബി, മാധവ | 1.5.15 മുതൽ 30.4.17 | 2242 | 2466 | 2016-2017 | വാടക | 2466 | 12 | 29592 | 2016-2017 | വാടക | 2242 | 9 (4/16 മുതൽ | 20178 | 9414 | KR.2/2967/16 | |

| | | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | മന്ദിരം, വില്ലുന്നി. | വരെ | | | | | | | | | | | 12/16 വരെ) | | | | |
| | | | | | | 2016-2017 | സേവന നികുതി @ 15% | 370 | 12 | 4440 | 2016-2017 | സേവന നികുതി | - | 0 | 0 | 4440 | | |
| 11 | 6 | സൂരജ്. കെ. ഗോപൻ, ശ്രീവത്സം, കമാരനല്ലൂർ (ബ്യൂട്ടി സലൂൺ) | 1.5.15 മുതൽ 30.4.17 വരെ | 736 | 810 | 2015-2016 | വാടക | 810 | 11 | 8910 | 2015-2016 | വാടക | 693 | 11 | 7623 | 1287 | KR.2/ 3691/ 16 | 15.6.15 ൽ കരാറിൽ രേഖ പ്പെടു ത്തിയി ട്ടുള്ള വാടക 856 രൂപ യാണ് |
| | | | | | | 2015-2016 | സേവന നികുതി @ 14% | 113 | 11 | 1243 | 2015-2016 | സേവന നികുതി | - | 0 | 0 | 1243 | | |
| | | | | | | 2016-2017 | വാടക | 810 | 12 | 9720 | 2016-2017 | വാടക | 693 | 9 (4/16 മുതൽ 12/16 വരെ) | 6237 | 3483 | | |
| | | | | | | 2016-2017 | സേവന നികുതി @ 15% | 122 | 12 | 1464 | 2016-2017 | സേവന നികുതി | - | 0 | 0 | 1464 | | |
| 12 | 9 | വി.കെ. സത്യൻ, വയലപ്പ ള്ളിൽ, കമാരനല്ലൂർ. | 1.5.15 മുതൽ 30.4.17 വരെ | 1173 | 1290 | 2016-2017 | വാടക | 1290 | 12 | 15480 | 2016-2017 | വാടക | 1290 | 9 | 11610 | 3870 | KR.2/ 3550/ 16 | 15.6.15 ൽ കരാറിൽ രേഖപ്പെ ടുത്തി യിട്ടുള്ള വാടക 856 രൂപ യാണ് |
| | | | | | | 2016-2017 | സേവന നികുതി @ 15% | 194 | 12 | 2328 | 2016-2017 | സേവന നികുതി | 187 | 9 | 1683 | 645 | | |
| 13 | 1 | ജാക്സൺ ബാബു (ബേക്കറി) | 1.5.15 മുതൽ 30.4.17 വരെ | 4864 | 5350 | 2015-2016 | വാടക | 5350 | 11 | 58850 | 2015-2016 | വാടക | 4864 | 11 | 53504 | 5346 | ഫയൽ ലഭ്യ മാക്കി യിട്ടില്ല. | |
| | | | | | | 2015-2016 | സേവന നികുതി @ 14% | 749 | 11 | 8239 | 2015-2016 | സേവന നികുതി | - | 0 | 0 | 8239 | | |
| | | | | | | 2016-2017 | വാടക | 5350 | 12 | 64200 | 2016-2017 | വാടക | 4864 | 12 | 58368 | 5832 | | |
| | | | | | | 2016-2017 | സേവന നികുതി @ 15% | 803 | 12 | 9636 | 2016-2017 | സേവന നികുതി | 703 | 12 | 8436 | 1200 | | |
| 14 | 13 | പുഷ്പ എബ്രഹാം | 1.5.15 മുതൽ 30.4.17 വരെ | 936 | 1030 | 2016-2017 | വാടക | 1030 | 12 | 12360 | 2016-2017 | വാടക | 936 | 12 | 11232 | 1128 | ഫയൽ ലഭി ച്ചിട്ടില്ല | |
| | | | | | | 2016-2017 | സേവന നികുതി @ 15% | 155 | 12 | 1860 | 2016-2017 | സേവന നികുതി | 140 | 12 | 1680 | 180 | | |
| 15 | 2 (വനിതാ വ്യവ | ബീന സജീവ്, പ്രാണി | 1.5.15 മുതൽ 30.4.17 വരെ | 999 | 1099 | 2015-2016 | വാടക | 1099 | 11 | 12089 | 2015-2016 | വാടക | 999 | 11 | 10989 | 1100 | KR.2/ 2687/ 16 | എഗ്രി മെന്റ് പ്രകാരം ഒടുക്കേണ്ട |

| | | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | സായ കേന്ദ്രം) | കുന്നേൽ S.H മൗണ്ട്, (അച്ചാർ/ ചമ്മന്തി പ്പൊടി നിർമ്മാണം) | | | | 2015-2016 | സേവന നികുതി @ 14% | 154 | 11 | 1694 | 2015-2016 | സേവന നികുതി | - | - | - | 1694 | | വാടക പ്രതി മാസം 2420 രൂപ യാണ് |
| | | | | | | 2016-2017 | വാടക | 1099 | 12 | 13188 | 2016-2017 | വാടക | 999 | 6 (4/16 മുതൽ 9/16 വരെ | 5994 | 7194 | | |
| | | | | | | 2016-2017 | സേവന നികുതി @ 15% | 165 | 12 | 1980 | 2016-2017 | സേവന നികുതി | - | - | - | 1980 | | |
| 16 | 1 (വനിതാ വ്യവ സായ കേന്ദ്രം) | പ്രീതി, പ്രണവം, (കുറുങ്ങൂർ) S.H മൗണ്ട്, കോട്ടയം. | 1.5.15 മുതൽ 30.4.17 വരെ | 787 | 866 | 2015-2016 | വാടക | 866 | 11 | 9526 | 2015-2016 | വാടക | 715 | 9 (5/15 മുതൽ 1/16 വരെ | 6435 | 3091 | KR.2/ 3611/ 15 | രജിസ്റ്റർ പ്രകാരം ടിയാ രിക്ക് അനുവദി ച്ചിട്ടുള്ളത് 18-ം മുറി യാണ് |
| | | | | | | 2015-2016 | സേവന നികുതി @ 14% | 121 | 11 | 1331 | 2015-2016 | സേവന നികുതി | - | - | - | 1331 | | |
| | | | | | | 2016-2017 | വാടക | 866 | 12 | 10392 | 2016-2017 | വാടക | - | - | - | 10392 | | |
| | | | | | | 2016-2017 | സേവന നികുതി @ 15% | 130 | 12 | 1560 | 2016-2017 | സേവന നികുതി | - | - | - | 1560 | | |
| 17 | 4 (ലൈ ബ്രറി കെ ട്ടിടം) | വിനോദ്. എം, അപ്പോഴിൽ, കുമാരനല്ലൂർ. (മേശ, കസേര, പാത്രങ്ങൾ വാടകയ്ക്ക് നൽകൽ) | 1.5.15 മുതൽ 30.4.17 വരെ | 2500 | 2750 | 2015-2016 | വാടക | 2750 | 11 | 30250 | 2015-2016 | വാടക | 2500 | 11 | 27500 | 2750 | KR.2/ 3738/ 16 | |
| | | | | | | - | - | - | - | - | - | - | - | - | - | - | | |
| | | | | | | 2016-2017 | വാടക | 2750 | 12 | 33000 | 2016-2017 | വാടക | 500 | 9 (4/16 മുതൽ 12/16 വരെ | 22500 | 10500 | | |
| | | | | | | 2016-2017 | സേവന നികുതി @ 15% | 413 | 12 | 4956 | 2016-2017 | സേവന നികുതി | - | - | - | 4956 | | |

<u>വാടക നഷ്ടം സംക്ഷിപ്തം</u>

| വർഷം | വാടക | സേവന നികുതി | ആകെ |
|---|---|---|---|
| 2015-16 | 28539 | 17545 | 46084 |
| 2016-17 | 127223 | 32133 | 159356 |
| ആകെ | 155762 | 49678 | 205440 |

<u>വാടകരജിസ്റ്ററും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിലെ അപാകതകൾ</u>

വാടക രജിസ്റ്ററിൽ വാടകക്കാരനിൽ നിന്നും ഓരോ സാമ്പത്തിക വർഷവും ഈടാക്കുന്ന വാടകയുടെ

മാസംതിരിച്ചുള്ള വിവരങ്ങൾ, ഒടുക്ക തീയതി, രസീത് നമ്പർ എന്നിവ സഹിതം രേഖപ്പെടുത്തിയിട്ടില്ല. വാടക വ്യവസ്ഥകൾ പ്രകാരം ഓരോ മാസവും 7-ാം തീയതിക്കുശേഷം ഒടുക്കുന്ന വാടകത്തുകയുടെ 24% പിഴപലിശയായി ഈടാക്കേണ്ടതാണ്. എന്നാൽ രജിസ്റ്ററിൽ വാടക വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്താത്തതുമൂലം പ്രസ്തുത നിബന്ധന പാലിക്കപ്പെടുന്നുണ്ടോ എന്ന് പരിശോധിച്ചുറപ്പിക്കാൻ സാധിക്കുന്നില്ല. വാടക രജിസ്റ്ററിൽ ഓരോ സാമ്പത്തിക വർഷത്തേയും ഡിമാന്റ് കളക്ഷൻ ബാലൻസ് വിവരങ്ങൾ രേഖപ്പെടുത്തി കൺട്രോളിംഗ് ഓഫീസർ സാക്ഷ്യപ്പെടുത്തുന്നില്ല എന്ന് കാണുന്നു. വാടകക്കരാറിൽ ഒപ്പിടുന്ന തീയതി രേഖപ്പെടുത്തുകയോ, വാടക സംബന്ധിച്ച വിവരങ്ങൾ പൂർണ്ണമായി എഴുതി വാടകക്കരാർ ആധികാരികമാക്കി സൂക്ഷിക്കുന്നില്ല എന്നു കാണുന്നു.

കടമുറികൾ വാടകയ്ക്ക് നൽകുന്നത് - വാടകക്കാരുമായി സമയബന്ധിതമായി കരാർ വയ്ക്കുന്നില്ല.

നാട്ടകം സോണിൽപ്പെട്ട മുനിസിപ്പൽഷോപ്പിംഗ് കോംപ്ലക്സിലുള്ള കടമുറികളുടെ വാടക അവകാശം പുതുക്കി നൽകുമ്പോൾ വാടകക്കാരുമായി സമയബന്ധിതമായി മുനിസിപ്പാലിറ്റി കരാർ വയ്ക്കുന്നില്ലെന്ന് ഫയൽ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. ഉദാഹരണങ്ങൾ ചുവടേ ചേർക്കുന്നു.

| ക്രമ നം. | റൂം നമ്പർ | വാടകക്കാരൻ | വാടകക്കാലാവധി | കരാർ വച്ച തീയതി |
|---|---|---|---|---|
| 1 | IV/531 | അനൂപ് എബ്രഹാം,<br>മണിമലപറമ്പിൽ, ചിങ്ങവനം. | 01.04.15 മുതൽ 31.03.17 | 17.02.2017 |
| 2 | IX/525B | അനീഷ്, കുതിരംതറ,<br>കോടിമത. | 01.04.15 മുതൽ 31.03.17 | 04.02.2017 |
| 3 | IX/528B | കെ. പ്രദീപ്കുമാർ,<br>കണ്ണംകുളം. | 01.04.15 മുതൽ 31.03.17 | 31.01.2017 |
| 4 | IV/530 | പി. എസ്. പുന്നൂസ്, പള്ളത്രു,<br>ചിങ്ങവനം. | 01.04.15 മുതൽ 31.03.17 | 21.01.2017 |
| 5 | IV/534 | ജിഷാമോൾ ഡെന്നി,<br>ക്ഷീരസംഘം സെക്രട്ടറി. | 01.04.15 മുതൽ 31.03.17 | 23.09.2015 |

വാടകക്കരാർ പുതുക്കുന്നതിലെ പ്രസ്തുത കാലവിളംബം മൂലം പ്രസ്തുത വാടകക്കരാറിന്റെ നിയമസാധുത ദുർബലപ്പെടുകയും വാടകക്കാരൻ വാടക ഒടുക്കുന്നതിൽ വീഴ്ച വരുത്തുന്നപക്ഷം മുനിസിപ്പാലിറ്റി സ്വീകരിക്കേണ്ടതായി വരുന്ന പരിഹാരനടപടികളെ അത് ദുർബലപ്പെടുത്തുകയും ചെയ്യും. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 46/2017 തീയതി 16.11.17) രജിസ്റ്റർ സംബന്ധമായ പരാമർശിത അപാകതകൾ അടുത്ത വർഷം പരിഹരിക്കാമെന്ന് മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ വാടക വർദ്ധനവ് സംബന്ധിച്ചുള്ള ഫയലിൽ മുനിസിപ്പൽ കൗൺസിൽ അംഗീകരിക്കാതിരുന്നതുമൂലമാണ് നിശ്ചിത വർദ്ധനവ് വാടകയിൽ വരുത്താതിരുന്നത് എന്നും പ്രസ്തുത മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ വാടക വർദ്ധനവ് നിയമാനുസൃതം ഈടാക്കിയതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 2-15 കോടിമത കാന്റീൻ ലേലം-ചട്ടങ്ങൾക്ക് വിരുദ്ധമായി ഇളവു അനുവദിച്ചു- മുനിസിപ്പൽ ഫണ്ടിനു നഷ്ടം

നഗരസഭ ഉടമസ്ഥതയിലുള്ള കോടിമത വെജിറ്റബിൾ മാർക്കറ്റിലെ കാന്റീൻ ലേലത്തിൽ പിടിച്ചിട്ടുള്ള വ്യക്തി നാളിതുവരെ ഡെപ്പോസിറ്റ് തുക പൂർണ്ണമായും ഒടുക്കുകയോ വാടക കൃത്യമായി അടയ്ക്കുകയോ ചെയ്തിട്ടില്ല. ലേല വ്യവസ്ഥകൾക്ക് വിരുദ്ധമായി ഈ വ്യക്തിക്ക് ഡെപ്പോസിറ്റ് തുക ഒടുക്കുന്നതിനു സാവകാശം, ഒടുക്കുവാനുള്ള

വാടക തുകയിൽ ഇളവ് എന്നിവ മുനിസിപ്പൽ കൗൺസിൽ അനുവദിച്ച് നൽകിയിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

15/09/2009 ൽ നടന്നിട്ടുള്ള ലേലത്തിൽ കോടിമത വെജിറ്റബിൾ മാർക്കറ്റിലെ കാന്റീൻ നടത്തുന്നതിനുള്ള കുത്തകാവകാശം 15,00,001/- രൂപയ്ക്ക് (പതിനഞ്ച് ലക്ഷത്തി ഒന്ന് രൂപ മാത്രം) ശ്രീ.കെ.എ.ദിവാകരൻ, ഇല്ലിപ്പറമ്പിൽ, കോട്ടയം എന്ന വ്യക്തി ക്വട്ടേഷൻ നൽകി പിടിച്ചെടുത്തിട്ടുള്ളതാണ്. കോടിമത മുനിസിപ്പൽ മാർക്കറ്റ് കോംപ്ലക്സിലെ കടമുറികൾ ലൈസൻസിനു നൽകുന്നതിനുള്ള പൊതു ലേല/ക്വട്ടേഷൻ വ്യവസ്ഥകളിലെ വ്യവസ്ഥ (4) പ്രകാരം ലേലത്തിൽ പങ്കെടുക്കുന്നവർ നിശ്ചിത സമയത്തിനു മുൻപായി നിശ്ചയിക്കപ്പെട്ടിട്ടുള്ള നിരതദ്രവ്യം കെട്ടി വയ്ക്കേണ്ടതാണ്. എന്നാൽ ലേല ഡയറി പരിശോധനയിൽ കാന്റീൻ ലേലത്തിൽ പങ്കെടുക്കുന്നതിനായി ഒടുക്കേണ്ട നിരതദ്രവ്യം 50,000/- രൂപ മേൽ വ്യക്തി ഒടുക്കിയിട്ടുള്ളതായി കാണുന്നില്ല. ഡെപ്പോസിറ്റ് തുകയിൽ 10,00,000/- രൂപ 23.09.2009 ൽ രസീത് നം.0008711 പ്രകാരം ശ്രീ.കെ.എ.ദിവാകരൻ മുനിസിപ്പൽ ഫണ്ടിൽ ഒടുക്കിയിട്ടുണ്ട്. ലേല വ്യവസ്ഥകളിലെ വ്യവസ്ഥ(7) പ്രകാരം കൂടുതൽ തുകയ്ക്ക് ലേലം/ടെണ്ടർ ലഭിച്ചയാൾ തുക രൊക്കം പണമായി അപ്പോൾ തന്നെ ഒടുക്കേണ്ടതും ആയതിനു വീഴ്ച വരുത്തുന്നപക്ഷം ടിയാന്റെ ലേലം/ടെണ്ടർ നിരാകരിച്ച് നിരത ദ്രവ്യം മുനിസിപ്പൽ ഫണ്ടിൽ മുതൽ കൂട്ടി പുനർലേലം നടത്തുന്നതുമായിരിക്കും. എന്നാൽ പ്രസ്തുത വ്യവസ്ഥയ്ക്ക് വീഴ്ച വരുത്തിയിട്ടും 20/01/2010 ലെ 30ാം നമ്പർ മുനിസിപ്പൽ കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കോടിമത വെജിറ്റബിൾ മാർക്കറ്റിലെ കാന്റീൻ നടത്തുന്നതിനുള്ള കുത്തകാവകാശം 15,00,001/- രൂപയ്ക്ക് ശ്രീ.കെ.എ.ദിവാകരൻ എന്ന വ്യക്തിക്കു ഉറപ്പിച്ചു നൽകിയിരിക്കുന്നു. ലേലം ഉറപ്പിച്ചതു അറിയിച്ചു കൊണ്ട് മേൽ വ്യക്തിക്ക് 08/02/2010 ൽ R6-1770/09 നമ്പർ നോട്ടീസ് നൽകുകയും ബാലൻസ് ഡെപ്പോസിറ്റ് തുക, അഡ്വാൻസ് ലൈസൻസ് ഫീസ് എന്നിവ ഒടുക്കി മുനിസിപ്പാലിറ്റിയുമായി ഉടമ്പടി വയ്ക്കുവാനും ആവശ്യപ്പെട്ടിരുന്നു. എന്നാൽ പഴയ പച്ചക്കറി മാർക്കറ്റിലെ വ്യാപാരികളെ മുഴുവൻ പുതിയ മാർക്കറ്റിലേക്ക് മാറ്റി മാർക്കറ്റ് പ്രവർത്തന ക്ഷമമാകുന്നതുവരെ ഉടമ്പടി വയ്ക്കുന്നതിനും ബാലൻസ് ഡെപ്പോസിറ്റ് തുക, അഡ്വാൻസ് ലൈസൻസ് ഫീസ് എന്നിവ ഒടുക്കുന്നതിനും സാവകാശം നൽകണമെന്നുമുള്ള ശ്രീ.കെ.എ.ദിവാകരൻ നൽകിയിട്ടുള്ള അപേക്ഷ മുനിസിപ്പൽ കൗൺസിൽ പരിഗണിക്കുകയും 23/04/2010ൽ കൂടിയിട്ടുള്ള മുനിസിപ്പൽ കൗൺസിലിന്റെ 13ാം നമ്പർ തീരുമാനത്തിന്റേയും, 19/01/2011ൽ കൂടിയിട്ടുള്ള മുനിസിപ്പൽ കൗൺസിലിന്റെ 20ാം നമ്പർ തീരുമാനത്തിന്റേയും അടിസ്ഥാനത്തിൽ മേൽ വ്യക്തിക്കു തുക ഒടുക്കുന്നതിനു സാവകാശം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ലേല വ്യവസ്ഥകളിലെ വ്യവസ്ഥ(8) പ്രകാരം ലേലം ഉറപ്പിച്ച് കിട്ടുന്നയാൾ ലേലത്തുകയോടൊപ്പം ആറുമാസത്തെ ലൈസൻസ് ഫീ അഡ്വാൻസ് ആയി ഒടുക്കേണ്ടതും, 7 ദിവസത്തിനകം കരാർ നടത്തിപ്പിന്റെ ഉറപ്പിലേക്കായി സെക്രട്ടറി നിർദ്ദേശിക്കുന്ന വ്യവസ്ഥകൾ ഉൾക്കൊള്ളിച്ച് മുദ്രപത്രത്തിൽ മുനിസിപ്പാലിറ്റിയുമായി കരാർ ചമയ്ക്കേണ്ടതുമാണ്. എന്നാൽ ഈ വ്യവസ്ഥകളും പാലിക്കപ്പെട്ടു കാണുന്നില്ല.

01/04/2012 മുതൽ കോടിമത വെജിറ്റബിൾ മാർക്കറ്റിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുള്ളതിനാൽ 01/04/2012 മുതൽ 31/03/2014 വരെ 2 വർഷത്തേക്ക് കാന്റീൻ നടത്തുന്നതിനുള്ള കുത്തകാവകാശം സംബന്ധിച്ച് ശ്രീ.കെ.എ.ദിവാകരൻ എന്നയാളുമായി ഉടമ്പടിയിൽ ഏർപ്പെടുന്നതിനു 10/05/2013 ൽ കൂടിയിട്ടുള്ള മുനിസിപ്പൽ കൗൺസിലിൽ തീരുമാനം (തീരുമാനം നം.10) എടുക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറി മേൽ വ്യക്തിയുമായി 16/07/2013 ൽ ഉടമ്പടിയിൽ (പ്രതിമാസം 10,000/- രൂപ വാടക നിരക്കിൽ) ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത വ്യക്തിയിൽ നിന്നും ബാലൻസ് ഡെപ്പോസിറ്റ് തുക ഈടാക്കുകയോ കുടിശ്ശിക നിൽക്കുന്ന തുകയ്ക്കുള്ള സോൾവൻസി സർട്ടിഫിക്കറ്റ് വാങ്ങുകയോ ചെയ്തിട്ടില്ല. തുടർന്ന് കാന്റീൻ നടത്തുന്നതിനായി മുനിസിപ്പാലിറ്റി വിട്ടു തന്നിട്ടുള്ള കെട്ടിടത്തിൽ വൈദ്യുതി കണക്ഷൻ, വാട്ടർ കണക്ഷൻ, വഴി സൗകര്യം എന്നിവ ലഭ്യമാകാത്തതിനാൽ കാന്റീൻ പ്രവർത്തനം ആരംഭിക്കുവാൻ സാധിച്ചിരുന്നില്ലായെന്നും ആയത് ഒരുക്കി 03/2013മുതൽ മാത്രമാണ് പ്രവർത്തനം ആരംഭിച്ചിട്ടുള്ളതെന്നും ആയതിനാൽ അന്നു മുതൽ മാത്രമുള്ള വാടക ഒടുക്കുന്നതിനു അനുമതി നൽകണമെന്നും, കുടിശ്ശിക ഡെപ്പോസിറ്റ് തുക തവണകളാക്കി ഒടുക്കുന്നതിനു അനുവദിക്കണമെന്നും ആവശ്യപ്പെട്ട് ശ്രീ.കെ.എ.ദിവാകരൻ മുനിസിപ്പാലിറ്റിയിൽ അപേക്ഷ സമർപ്പിച്ചിരുന്നു. ലേല വ്യവസ്ഥകളിലെ വ്യവസ്ഥ(24) പ്രകാരം കടമുറികളിൽ വൈദ്യുതി കണക്ഷൻ, വാട്ടർ കണക്ഷൻ എന്നിവ എടുക്കുന്നതിനുള്ള നടപടികൾ ലൈസൻസികൾ സ്വന്തം ഉത്തരവാദിത്തത്തിൽ ചെയ്യേണ്ടതും ആയതു മൂലമുണ്ടാകുന്ന കാലതാമസങ്ങൾക്ക് മുനിസിപ്പാലിറ്റി ഉത്തരവാദിയല്ലായെന്നും വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ശ്രീ.കെ.എ.ദിവാകരൻ 16/07/2013 ൽ മുനിസിപ്പാലിറ്റിയുമായി ഏർപ്പെട്ടിട്ടുള്ള

ഉടമ്പടിയിൽ 02/2012 മുതലുള്ള വാടക ഒടുക്കിക്കൊള്ളുന്നതാണന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതുമാണ്. പ്രസ്തുത വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ അപേക്ഷ മുനിസിപ്പൽ സെക്രട്ടറി നിരസിക്കുകയും 02/2012 മുതലുള്ള വാടക കുടിശ്ശിക ഒടുക്കുന്നതിനും, ബാലൻസ് ഡെപ്പോസിറ്റ് തുക ഒടുക്കുന്നതിനും 05/11/2014 ൽ ഫൈനൽ നോട്ടീസ് നൽകുകയും ആയതിനു മേൽ വ്യക്തി തയ്യാറാകാത്തതിനാൽ കടമുറി ഒഴിപ്പിച്ചു പിടിച്ചെടുക്കുന്നതിനു 20/12/2014 ൽ R6/1770/09(C) നമ്പർ അധികാര പത്രം ഈസ്റ്റ് മേഖല റവന്യൂ ഇൻസ്പെക്ടർക്ക് കൈമാറുകയും ചെയ്തിരുന്നു. തുടർന്ന് ശ്രീ.കെ.എ.ദിവാകരൻ അപേക്ഷ മുനിസിപ്പൽ കൗൺസിൽ മുൻപാകെ സമർപ്പിക്കുകയും ആയത് പരിശോധിച്ച ഫിനാൻസ് സ്റ്റാൻഡിംഗ് കമ്മിറ്റി 11/09/2015 ലെ 13ാം നമ്പർ തീരുമാനപ്രകാരം വാടക തുക ഇളവു ചെയ്തു 03/2013മുതൽ ഈടാക്കുന്നതിനു മുനിസിപ്പൽ കൗൺസിലിനോടു ശിപാർശ ചെയ്യുകയും മുനിസിപ്പൽ കൗൺസിലിന്റെ 28/10/16 ലെ 11ാം നമ്പർ തീരുമാനപ്രകാരം ആയത് അംഗീകരിക്കുകയും ചെയ്തിരിക്കുന്നു.

നഗരസഭയുടെ ലേല വ്യവസ്ഥകൾ അംഗീകരിച്ച് നഗരസഭയുമായി ലേല കരാർ വച്ചിട്ടുള്ള വ്യക്തിക്ക് മുനിസിപ്പൽ സെക്രട്ടറിയുടെ നടപടിക്രമങ്ങൾ മറികടന്ന് ഇളവുകൾ അനുവദിച്ചു നൽകിയ മുനിസിപ്പൽ കൗൺസിൽ തീരുമാനം 1998 ലെ കേരള മുനിസിപ്പാലിറ്റി (പാട്ടക്കാർക്കും ലൈസൻസിക്കും കരാറുകാർക്കും കിസ്തിളവ് അനുവദിക്കൽ) ചട്ടങ്ങളിലെ ചട്ടം (4),(5) എന്നിവയിലെ നിയമ വ്യവസ്ഥകൾക്കനുസൃതമല്ല. ഇതു മൂലം നഗരസഭയ്ക്ക് ലഭിക്കേണ്ട തനത് വരുമാനത്തിൽ കുറവ് വന്നിരിക്കുന്നു. മേൽ നിരീക്ഷണങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് 04/12/2017 ൽ ഓഡിറ്റ് എൻക്വയറി നം.57 നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ഡെപ്പോസിറ്റ് ഇനത്തിൽ കുടിശ്ശികയുള്ള 5,00,000/- രൂപയ്ക്ക് 09/2009 മുതൽ സ്ഥിരനിക്ഷേപം ഇനത്തിൽ ലഭിക്കേണ്ടിയിരുന്ന പലിശ തുക, 04/2012 മുതൽ ലഭിക്കേണ്ടിയിരുന്ന കാന്റീൻവാടക എന്നിവ പിഴ പലിശ സഹിതം ശ്രീ.കെ.എ.ദിവാകരൻ നിലവിൽ മുനിസിപ്പൽ ഫണ്ടിൽ ഒടുക്കിയിട്ടുള്ള ഡെപ്പോസിറ്റ് തുകയിൽ (10,00,000/-രൂപ)നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം മുനിസിപ്പൽ കൗൺസിലിന്റെ ബാധ്യതയായി കണക്കാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## 2-16 ഓപ്റ്റിക്കൽ ഫൈബർ കേബിൾ ഇടുന്നതിന് അനുമതി - തറവാടക ഈടാക്കിയിട്ടില്ല.

നഗരസഭാ പരിധിക്കുള്ളിൽ വരുന്ന വിവിധ റോഡുകളിലൂടെ ഓപ്റ്റിക്കൽ ഫൈബർ കേബിൾ ഇടുന്നതിന് ജിയോഇൻഫോടെക് എന്ന സ്ഥാപനത്തിന് മുനിസിപ്പാലിറ്റി അനുമതി നൽകുകയുണ്ടായി. റോഡ് കട്ടിംഗ് റീസ്റ്റോറേഷൻ ഫീസ് ഈടാക്കിയാണ് മുനിസിപ്പാലിറ്റി ഇപ്രകാരം അനുമതി നൽകിയിട്ടുള്ളത്. ഇപ്രകാരം വലിക്കുന്ന കേബിളിന് ചതുരശ്രമീറ്ററിന് പ്രതിവർഷം 5 രൂപ നിരക്കിൽ വാടക ഈടാക്കുന്നതിനും 2 വർഷത്തിനുശേഷം പ്രസ്തുത വാടകയിൽ വർദ്ധനവ് വരുത്തുന്നതിനും മുനിസിപ്പാലിറ്റി തീരുമാനിക്കുകയും പ്രസ്തുത നിർദ്ദേശം ടി സ്ഥാപനവുമായുള്ള കരാറിൽ വ്യവസ്ഥയായി ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. 2016-17 വർഷം ചുവടെ വിവരിക്കുന്ന ഫയൽ പ്രകാരം ആകെ 4413.5 ചതുരശ്രമീറ്റർ അളവിൽ റോഡ് കട്ടിംഗിന് അനുമതി നൽകിയിട്ടുണ്ടെങ്കിലും വാടകയിനത്തിൽ തുക ഈടാക്കിയതിന്റെ വിവരം ഫയലിൽ ലഭ്യമല്ല.

| ഫയൽ നം. | റോഡ് കട്ടിംഗിന് അനുമതി നൽകിയ അളവ് | കൗൺസിൽ തീരുമാനം/നം. | 2016-17ൽ വസൂലാക്കേണ്ട വാടക ₹ 5/$m^2$ | കരാർ നമ്പർ |
|---|---|---|---|---|
| PW8-5487/16 | 433.5 ച.മീ | 68/28.06.16 | 2167.5 | 276/2015-16 |
| PW5-5761/16 | 3980 ച.മീ | 69/28.06.16 | 19900 | 277/2015-16 |
| ആകെ | | | 22067.5 | |
| ക്രമപ്പെടുത്തിയത് | | | 22068 | |

മേൽ നിരീക്ഷണങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 49/2017 തീയതി 13.11.17) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ വാടകയിനത്തിൽ ലഭിക്കേണ്ട 22,068/- രൂപ മേൽ സ്ഥാപനത്തിൽ നിന്നും ഈടാക്കി വരവുവിവരം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## **2-17** ഇ-ടെണ്ടറിൽ പങ്കെടുക്കുന്ന വ്യക്തികൾ ഒടുക്കുന്ന ടെണ്ടർ ഫോം വില മുനിസിപ്പൽ ഫണ്ടിൽ വരവു വന്നിട്ടില്ല-2,73,650/- രൂപയുടെ കുറവ്

2016-17 വർഷം 69 പദ്ധതികൾ മുനിസിപ്പാലിറ്റിയിൽ ഈ- ടെണ്ടർ മുഖേന നടപ്പിലാക്കിയിരുന്നു. എന്നാൽ പ്രസ്തുത പ്രവൃത്തികൾക്കായുള്ള ടെണ്ടർ ഫോം വിൽപ്പന ഇനത്തിൽ മുനിസിപ്പാലിറ്റിക്കു ലഭിക്കേണ്ട വരുമാനം നാളിതുവരെ മുനിസിപ്പൽ ഫണ്ടിലേക്ക് വരവു വന്നിട്ടില്ല. തൻമൂലം തനത് വരുമാനത്തിൽ 2016-17 വർഷം 2,73,650/- രൂപയുടെ കുറവ് വന്നിരിക്കുന്നു.

ഈ-ടെണ്ടറിൽ പങ്കെടുക്കുന്ന വ്യക്തികൾ ടെണ്ടർ ഫോം വില ചെലാൻ മുഖേന എക്സിക്യൂട്ടീവ് എൻജിനീയർ, കോട്ടയം മുനിസിപ്പാലിറ്റിയുടെ പേരിലുള്ള എസ്.ബി.ഐ യുടെ കോട്ടയം മെയിൻ ബ്രാഞ്ചിലെ അക്കൗണ്ടിൽ (അക്കൗണ്ട് നം.67327191532) അടവാക്കുകയും ആയതിനു ശേഷം മേൽ ചെലാൻ നമ്പർ ഉപയോഗിച്ച് വെബ്സൈറ്റിൽ നിന്നും ടെണ്ടർ ഫോം ഡൗൺ ലോഡ് ചെയ്തെടുക്കുകയുമാണ് ചെയ്യുന്നത്. എക്സിക്യൂട്ടീവ് എൻജിനീയർ ടെണ്ടർ ഫോം വിൽപ്പനയിനത്തിൽ നിന്നും ലഭിക്കുന്ന തുകയിൽ നിയമപ്രകാരം വാറ്റ് ഇനത്തിൽ സർക്കാരിനു ലഭിക്കേണ്ട തുക സർക്കാരിലേക്ക് ഒടുക്കിയ ശേഷം ബാക്കി തുക മുനിസിപ്പാലിറ്റിക്ക് കൈമാറേണ്ടതാണ്. എന്നാൽ ഇപ്രാകാരം തുക മുനിസിപ്പാലിറ്റിക്ക് കൈമാറുകയോ, പ്രസ്തുത അക്കൗണ്ട് മുനിസിപ്പൽ അക്കൗണ്ടിൽ സന്നിവേശിപ്പിക്കുകയോ ചെയ്തിട്ടില്ല. ഇപ്രകാരം ഈ-ടെണ്ടർ ഫോം വിൽപ്പനയിനത്തിൽ 2016-17 വർഷം മുനിസിപ്പാലിറ്റിക്ക് ലഭിക്കേണ്ട തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര് | അടങ്കൽ തുക | ടെണ്ടർ ഫോം വില | ടെണ്ടർ ഫോം തുക ഒടുക്കിയിട്ടുള്ള വ്യക്തികളുടെ എണ്ണം | ആകെ തുക |
|---|---|---|---|---|---|
| 1. | അത്തിക്കലുങ്ക് പറക്കുളം റോഡ് ടാറിംഗ് | 7,45,184/- | 1,500/- | 5 | 7,500/- |
| 2. | കോടിമത അറക്കമറ്റം റോഡ് മെയിന്റനൻസ് | 6,48,226/- | 1,500/- | 6 | 9,000/- |
| 3. | വടക്കേ നട റോഡ് റീ ടാറിംഗ് | 8,49,540/- | 1,950/- | 2 | 3,900/- |
| 4. | കരിയാംപാടം ലിങ്ക് റോഡ് സൈഡ് പ്രൊട്ടക്ഷൻ | 11,67,399/- | 2,850/- | 2 | 5,700/- |
| 5. | നാഗമ്പടം ക്ഷേത്രം റോഡ് റീ-ടാറിംഗ് | 6,52,026/- | 1,500/- | 2 | 3,000/- |
| 6. | താമരപ്പള്ളി ചിറയിൽ പാടം ഓട നിർമ്മാണം | 6,91,097/- | 1,600/- | 2 | 3,200/- |
| 7 | ഐമനന്തറ റോഡ് | 5,98,962/- | 1,350/- | 1 | 1,350/- |

| | | | | | |
|---|---|---|---|---|---|
| | പുനർനിർമ്മാണം | | | | |
| 8. | ലൈബ്രറി കുരുതിക്കളം പറപ്പാടം ആരുപുഴ റോഡ് റീടാറിംഗ് | 10,38,762/- | 2,850/- | 1 | 2,850/- |
| 9. | പുഞ്ച ചെറീക്കൽ റോഡ് ടാറിംഗ് | 5,97,976/- | 1,350/- | 2 | 2,700/- |
| 10. | വെയർ ഹൗസ് നാഗമ്പടം റോഡ് റീ-ടാറിംഗ് | 6,19,737/- | 1,400/- | 2 | 2,800/- |
| 11. | കാരാപ്പുഴ എച്ച്.എസ്. മെയിന്റനൻസ് | 10,99,436/- | 2,850/- | 2 | 5,700/- |
| 12. | കാരാപ്പുഴ എച്ച്.എസ്.എസ്. മെയിന്റനൻസ് | 9,99,333/- | 2,250/- | 2 | 4,500/- |
| 13. | ഫാക്ട് കോളനി റോഡ് കോൺക്രീറ്റിംഗ് | 7,65,768/- | 1,750/- | 2 | 3,500/- |
| 14. | പള്ളിപ്പുറം-എഴമാലിപ്പടി റോഡ് മെയിന്റനൻസ് | 5,38,525/- | 1,250/- | 1 | 1,250/- |
| 15. | ചെല്ലിയൊഴുക്കം റോഡ് മെയിന്റനൻസ് | 8,99,482/- | 2,050/- | 1 | 2,050/- |
| 16. | കഞ്ഞിക്കുഴി പാലം-പുതുപ്പള്ളി റോഡ് പുനരുദ്ധാരണം | 9,21,059/- | 2,100/- | 1 | 2,100/- |
| 17. | ഗുരുമന്ദിരം-എല്ലിപുള്ളിക്കാട്ട് റോഡ് റീ-ടാറിംഗ് | 10,88,710/- | 2,850/- | 2 | 5,700/- |
| 18. | വെടിപ്പുര റോഡ് റീ-ടാറിംഗ് | 10,27,399/- | 2,850/- | 2 | 5,700/- |
| 19. | പനയക്കഴപ്പ റോഡ്- റീടാറിംഗ് | 5,26,238/- | 1,200/- | 1 | 1,200/- |
| 20. | തൃക്കായി ടെമ്പിൾ-തോട്ടം റോഡ് റീ കോൺക്രീറ്റിംഗ് | 4,99,919/- | 1,150/- | 2 | 2,300/- |
| 21. | കലുങ്ക്-ഗുരുമന്ദിരം-പാലമറ്റത്തു മുക്ക് റോഡ് റീടാറിംഗ് | 11,99,713/- | 2,850/- | 2 | 5,700/- |

| | | | | | |
|---|---|---|---|---|---|
| 22. | തെരുവ് വിളക്ക് പരിപാലനം | 53,27,315/- | 8,150/- | 2 | 16,300/- |
| 23. | നാഗമ്പടം മുനിസിപ്പൽ പാർക്ക് ഓട നവീകരണം | 22,37,460/- | 2,850/- | 3 | 8,550/- |
| 24. | പുത്തേട്ട് ഗവ. യു.പി.സ്കൂൾ മെയിന്റനൻസ് | 7,92,575/- | 1,800/- | 2 | 3,600/- |
| 25. | ദേവി വിലാസം എൽ.പി.സ്കൂൾ മെയിന്റനൻസ് | 7,99,844/- | 1,800/- | 2 | 3,600/- |
| 26. | വയസ്കര മോഡൽ ഹയർ സെക്കൻഡറി സ്കൂൾ മെയിന്റനൻസ് | 21,99,939/- | 2,850/- | 2 | 5,700/- |
| 27. | വയസ്കര മോഡൽ എൽ.പി.സ്കൂൾ മെയിന്റനൻസ് | 5,99,388/- | 1,350/- | 2 | 2,700/- |
| 28. | മുക്കാലി ഭുവനേശ്വരം അമ്പലം റോഡ് നിർമ്മാണം | 9,99,709/- | 2,250/- | 2 | 4,500/- |
| 29. | പള്ളം സ്കൂൾ മെയിന്റനൻസ് | 7,99,928/- | 1,800/- | 2 | 3,600/- |
| 30. | അംഗൻവാടി നം.104 ൽ ഗേറ്റ് കോംമ്പൗണ്ട് വാൾ നിർമ്മാണം | 4,99,966/- | 1,150/- | 2 | 2,300/- |
| 31. | കരിയാംപാടം തോടിന്റെ ആഴം കൂട്ടൽ | 6,22,234/- | 1,450/- | 3 | 4,350/- |
| 32. | മങ്കാട്ടു കടവ് റീ ടാറിംഗ് | 9,29,923/- | 2,100/- | 1 | 2,100/- |
| 33. | കാവാലൻപാറ ശിശു വിഹാർ അംഗൻവാടി മെയിന്റനൻസ് | 5,21,897/- | 1,200/- | 2 | 2,400/- |
| 34. | മാവിലങ്-പന്നിമറ്റം നിർമ്മിതി കോളനി ഓട സ്ലാബ് നിർമ്മാണം | 24,55,423/- | 2,850/- | 2 | 5,700/- |

| | | | | | |
|---|---|---|---|---|---|
| 35. | മുള്ളങ്കുഴി-കടമ്പുകാല-മുണ്ടകപ്പടി റോഡ് പുനർനിർമ്മാണം | 4,99,606/- | 1,150/- | 1 | 1,150/- |
| 36. | തെരുവ് വിളക്ക് വാങ്ങൽ | 46,80,000/- | 2,850/- | 2 | 5,700/- |
| 37. | തിരുനക്കര മൈതാനം മെയിന്റനൻസ് | 9,99,871/- | 2,250/- | 2 | 4,500/- |
| 38. | പി.എച്ച്.സി. നാട്ടകം മെയിന്റനൻസ് | 11,99,414/- | 2,850/- | 2 | 5,700/- |
| 39. | നിർമ്മിതി പ്ലാപ്പറമ്പ് റോഡ് നിർമ്മാണം | 4,99,932/- | 1,150/- | 2 | 2,300/- |
| 40. | ഹോളി ഫാമിലി ഹൈസ്കൂളിനു സെമിനാർ ഹാൾ നിർമ്മാണം | 11,59,682/- | 2,850/- | 2 | 5,700/- |
| 41. | കേഴക്കുന്ന് സങ്കേതം റീട്ടെയിനിംഗ് വാൾ നിർമ്മാണം | 6,03,397/- | 1,400/- | 2 | 2,800/- |
| 42. | ആധുനിക അറവു ശാലയിലെ ഇലക്ട്രിഫിക്കേഷൻ വർക്കുകൾ | 19,89,489/- | 2,850/- | 2 | 5,700/- |
| 43. | മോൻസി കടവ് നടപ്പാത നിർമ്മാണം | 5,28,861/- | 1,200/- | 2 | 2,400/- |
| 44. | ഠൗൺ മോടിപിടിപ്പിക്കൽ | 18,41,091/- | 2,850/- | 2 | 5,700/- |
| 45. | പന്നിമറ്റം ചിറ സംരക്ഷണം | 5,99,629/- | 1,350/- | 1 | 1,350/- |
| 46. | മിനി ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 64,00,000/- | 2,850/- | 4 | 11,400/- |
| 47. | കുറ്റിക്കാട്ടു തൃക്കയിൽ ഓട നിർമ്മാണം | 4,99,572/- | 1,150/- | 1 | 1,150/- |
| 48. | വിവിധ വാർഡുകളിലെ തോട് വൃത്തിയാക്കൽ | 20,62,861/- | 2,850/- | 5 | 14,250/- |

| | | | | | |
|---|---|---|---|---|---|
| 49. | മുനിസിപ്പാലിറ്റിയുടെ വിവിധ ഭാഗങ്ങളിൽ ബയോ ബിൻ സ്ഥാപിക്കുന്നത് | 67,51,805/- | 2,850/- | 5 | 14,250/- |
| 50. | കളത്തുങ്കൽ ചിറ സംരക്ഷണം | 23,49,567/- | 2,850/- | 2 | 5,700/- |
| 51. | സ്മാർട്ട് ക്ലാസ് റൂം നിർമ്മാണം | 9,00,000/- | 2,100/- | 2 | 4,200/- |
| 52. | അംഗൻവാടികൾക്ക് ഉപകരണങ്ങൾ വാങ്ങൽ | 6,73,405/- | 2,850/- | 2 | 5,700/- |
| 53. | പുലരിക്കുന്ന് ചെമ്പകശ്ശേരി റോഡ് റീടാറിംഗ് | 6,63,886/- | 1,500/- | 1 | 1500/- |
| 54. | ചിറ-കണ്ണംകേറി വട്ടം റോഡ് നിർമ്മാണം | 24,99,468/- | 2,850/- | 1 | 2,850/- |
| 55. | പള്ളിപ്പുറം-എഴമലിപ്പടി റോഡ് മെയിന്റനൻസ് | 5,38,525/- | 1,250/- | 1 | 1,250/- |
| 56. | കളപ്പുരയ്ക്കൽ റോഡ് റീടാറിംഗ് | 5,24,691/- | 1,200/- | 1 | 1,200/- |
| 57. | ചെല്ലിയൊഴുകം റോഡ് റീടാറിംഗ് | 8,99,482/- | 2,050/- | 1 | 2,050/- |
| 58. | ചെട്ടിക്കുന്ന്-മുത്തമ്മലി റോഡ് റീടാറിംഗ് | 8,57,205/- | 1,950/- | 1 | 1,950/- |
| 59. | കഞ്ഞിക്കുഴി പാലം-പുതുപ്പള്ളി റോഡ് നവീകരണം | 9,21,059/- | 2,100/- | 1 | 2,100/- |
| 60. | പനയക്കഴപ്പ റോഡ് റീടാറിംഗ് | 5,26,283/- | 1,200/- | 1 | 1,200/- |
| 61. | നക്കര- ഫാക്ട് കളത്തുങ്കൽ റോഡ് റീടാറിംഗ് | 6,80,975/- | 1,550/- | 1 | 1,550/- |
| 62. | പതിനാറിൽ ചിറ റോഡ് പാച്ച് വർക്ക് | 4,99,203/- | 1,150/- | 1 | 1,150/- |
| 63. | കെ.കെ.റോഡ്-ഹോളി ഫാമിലി റോഡ് ടാറിംഗ് | 4,99,924/- | 1,150/- | 1 | 1,150/- |
| 64. | ഡീ-വാട്ടറിംഗ് | 9,80,264/- | 2,250/- | 1 | 2,250/- |

| | | | | | |
|---|---|---|---|---|---|
| | പ്രോജക്റ്, മൂഴൂർ പാടശേഖരം | | | | |
| 65. | വാഴപ്പറമ്പ്-മേലേക്കടവ് റോഡ് ടാറിംഗ് | 6,96,360/- | 1,600/- | 1 | 1,600/- |
| 66. | നെഹ്റു സ്റ്റേഡിയം ചുറ്റുമതിൽ, ഗേറ്റ് എന്നിവ നിർമ്മാണം | 4,99,742/- | 1,150/- | 1 | 1,150/- |
| 67. | പന്നിമറ്റം ചിറ സംരക്ഷണം | 5,99,629/- | 1,350/- | 1 | 1,350/- |
| 68. | ശിശുവിഹാർ അംഗൻവാടി ഇലക്ട്രിഫിക്കേഷൻ | 6,34,525/- | 1,450/- | 1 | 1,450/- |
| 69. | കുറ്റിക്കാട്ട് തൃക്കയിൽ ഓട നിർമ്മാണം | 4,99,572/- | 1,150/- | 1 | 1,150/- |
| ആകെ | | | | | 2,73,650/- |

മുനിസിപ്പാലിറ്റിക്ക് ലഭിക്കേണ്ട മേൽ തുക ഒഴിവാക്കിയാണ് 2016-17 വർഷത്തെ അക്കൗണ്ട്സ് തയ്യാറാക്കിയിട്ടുള്ളത്. കൂടാതെ തുക മുനിസിപ്പൽ ഫണ്ടിലേക്ക് ഈടാക്കുന്നതിനുള്ള നടപടികൾ നാളിതുവരെയായി ഉത്തരവാദിത്തപ്പെട്ടവർ സ്വീകരിച്ചിട്ടില്ല. തൻമൂലം ടെണ്ടർ ഫോം വിൽപ്പനയിനത്തിൽ ലഭിക്കേണ്ട വരുമാനത്തിൽ 2,73,650/- രൂപയുടെ കുറവ് വന്നിരിക്കുന്നു. ഈ തുക മുനിസിപ്പൽ ഫണ്ടിലേക്ക് തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-18 നഗരസഭയിൽ ഡിമാൻഡ്രാഫ്റ്റ് ആയി ലഭിച്ച EMD തുകകൾ തനതു ഫണ്ടിൽ നിക്ഷേപിക്കാൻ കാലതാമസം

2016-17 വർഷം നഗരസഭയിൽ ഡിമാൻറ് ഡ്രാഫ്റ്റ് ആയി ലഭിച്ച EMD തുകകൾ തനതു ഫണ്ടിൽ നിക്ഷേപിക്കാൻ കാലതാമസം ഉണ്ടായതായി കാണുന്നു. 2016-17 ൽ കല്ലറയ്ക്കൽ ഏജൻസീസ് കാഞ്ഞിരപ്പള്ളി എന്ന സ്ഥാപനം ഇ.എം.ഡി. ആയി 14,425/- രൂപയുടെ ഡി.ഡി (ഡി.ഡി. നം. 464097 തീയതി 13.02.17) നൽകിയെങ്കിലും പ്രസ്തുത ഡി.ഡി നഗരസഭാ തനത് ഫണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യാതെ കാലകരണപ്പെട്ട് ഫയലിൽ സൂക്ഷിച്ചിരിക്കുന്നതായി കണ്ടു. (ഓഡിറ്റ് എൻക്വയറി നം. 28 /2017 തീയതി 11.10.2017 നല്കിയതിനു മറുപടിയായി ടി ഡി.ഡി റി -വാലിഡേറ്റ് ചെയ്തതായി അറിയിച്ചിട്ടുണ്ട്)

2016-17 വർഷം EMD ഇനത്തിൽ നഗരസഭയിലെ വിവിധ വിഭാഗങ്ങളിൽ/ഡ്രാഫ്റ്റ്/ചെക്കായി സ്വീകരിച്ചതിന്റെ വിശദാംശങ്ങൾ, ചെക്ക്/ഡ്രാഫ്റ്റ് ലഭിച്ച തീയതി, തനതുഫണ്ടിലേക്ക്,ക്യാഷ് ആയി മാറ്റിയ തീയതി.നഗരസഭയിലെ വിവിധ വിഭാഗങ്ങളിൽ സൂക്ഷിക്കുന്ന EMD രജിസ്റ്ററുകൾ. EMD തുകകൾ കരാറുകാർക്ക് തിരികെ നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾഹാജരാക്കുന്നതിന് ഓഡിറ്റ് അന്വേഷണ പത്രിക നം. 05/2017 തീയതി 13.07.2017 നല്കിയെങ്കിലും മറുപടി ലഭിച്ചില്ല.നഗരസഭയിൽ ഡിമാൻ ഡ്രാഫ്റ്റ് ആയി ലഭിക്കുന്ന EMD തുകകൾ കാലതാമസം കൂടാതെ തനതു ഫണ്ടിൽ നിക്ഷേപിക്കാൻ നടപടികൾ സ്വികരിക്കേണ്ടതാണ്.

## 2-19 ടെണ്ടർ ഫോം വില ഈടാക്കിയതിൽ കുറവ്

20.08.16 തീയതി പ്രാബല്യത്തിൽ നിലവിൽ വന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള

പ്രൊക്യൂർമെന്റ് മാന്വൽ പ്രകാരം 1 ലക്ഷത്തിൽ കൂടുതൽ വരുന്ന പർച്ചേയ്സുകൾ ടെണ്ടർ ചെയ്യുമ്പോൾ ടെണ്ടർ ഫോം വിലയായി 1000 + Vat വാങ്ങണം. എന്നാൽ ചുവടെ വിവരിക്കുന്ന പ്രോജക്ടുകളിലെ പർച്ചേയ്സ് ടെണ്ടർ ചെയ്തപ്പോൾ ടെണ്ടർ ഫോം വിലയായി കുറഞ്ഞ തുകയാണ് ഈടാക്കിയിട്ടുള്ളത്.

| പ്രോജക്ട് നമ്പരും പേരും | പ്രോജക്ട് തുക | ടെണ്ടർ ഫോം വാങ്ങിയ സ്ഥാപനങ്ങൾ | | വാങ്ങേണ്ട ഫോറം വില | വാറ്റ് @ 14.5% | വാങ്ങിയ ഫോറം വില | വാറ്റ് | കുറവ് | | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|
| | | | | | | | | ഫോറം വില | വാറ്റ് | |
| 769/17, മുനിസിപ്പാലിറ്റി മെയിൻ ഓഫീസിലേക്കും സെർവർ റൂമിലേക്കും കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങലും, ബയോമെട്രിക് അറ്റന്റൻസ് രജിസ്റ്റർ സ്ഥാപിക്കലും. | 4,36,200 | എ) കമ്പ്യൂട്ടർ ഇനങ്ങൾ | 1) M/S ഓക്സിജൻ ഡിജിറ്റൽ ഷോപ്പ് | 1000 | 145 | 500 | 73 | 500 | 72 | |
| | | | 2)M/S ഓസോൺ സിസ്റ്റംസ് നാഗമ്പടം. | 1000 | 145 | 500 | 73 | 500 | 72 | |
| | | | 3)M/S ആർ.ജെ. എന്റർപ്രൈസസ്, കോട്ടയം | 1000 | 145 | 500 | 73 | 500 | 72 | |
| | | ബി) പഞ്ചിംഗ് മെഷീൻ | 1) M/S ജി. ടെക്സ് ഇന്റർനാഷണൽ, കോട്ടയം | 1000 | 145 | - | - | 1000 | 145 | ഫോറം വില ഈടാക്കിയതു സംബന്ധിച്ച രസീത് ഫയലിൽ കാണുന്നില്ല |
| | | | 2) M/S യൂണിവേർ ടെക്നോളജീസ്, കോട്ടയം | 1000 | 145 | - | - | 1000 | 145 | ഫോറം വില ഈടാക്കിയതു സംബന്ധിച്ച രസീത് ഫയലിൽ കാണുന്നില്ല |
| | | ആകെ | | | | | | 3500 | 506 | |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 51/17 തീയതി 16.11.17) നീളിതുവരെ മറുപടി നൽകുകയോ, രേഖകൾ ഹാജരാക്കി സാധൂകരണം വരുത്തുകയോ ചെയ്തിട്ടില്ല. മേൽ സാഹചര്യത്തിൽ കുറവു വന്ന 4,006/- രൂപ (3500 + 506) ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 2-20 <u>നിരതദ്രവ്യം മുനിസിപ്പൽ അക്കൗണ്ടിൽ വരവുവച്ചിട്ടില്ല.</u>

ചുവടെ വിവരിക്കുന്ന പദ്ധതിക്കകീഴിൽ ഉപകരണങ്ങൾ സപ്ലൈ ചെയ്യുവാൻ ദർഘാസുകൾ നൽകിയ സ്ഥാപനങ്ങൾ നിരതദ്രവ്യം ഒടുക്കിയിട്ടുണ്ട്.

| പ്രോജക്ട് നമ്പരും പേരും | പ്രോജക്ട് തുക | സ്ഥാപനം | തുക | ചെക്ക് നമ്പർ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 769/17, മുനിസിപ്പാലിറ്റി മെയിൻ ഓഫീസിലേക്കും സെർവർ റൂമിലേക്കും കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങലും, ബയോമെട്രിക് അറ്റൻറൻസ് രജിസ്റ്റർ സ്ഥാപിക്കലും. | 4,36,200 | M/S ഓക്സിജൻ ഡിജിറ്റൽ ഷോപ്പ് | 7770 | 275240/08.03.17 (ഇൻഡ്യൻ ബാങ്ക്) |
| | | M/Sയൂണിവേർ ടെക്നോളജിസ് | 4700 | 576885/08.03.17 (എസ്. ബി. റ്റി) |
| ആകെ | | | 12470 | |

എന്നാൽ പ്രസ്തുത ചെക്കുകൾ ക്ലിയർ ചെയ്ത് ഓഡിറ്റ് വർഷം മുനിസിപ്പൽഫണ്ടിൽ തുക വരവു വച്ചിട്ടില്ല. ഫയലിലെ വിവരങ്ങൾ പ്രകാരം പ്രസ്തുത ചെക്കുകൾ ചെക്കുകളുടെ നിയമാനുസൃത കാലാവധിക്കുള്ളിൽ ബാങ്കിൽ സമർപ്പിച്ച് മുനിസിപ്പൽഫണ്ടിൽ വരവു വച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 51/17 തീയതി 16.11.17) നാളിതുവരെ മറുപടി ലഭ്യമാക്കുകയോ, രേഖകൾ ഹാജരാക്കി സാധൂകരിക്കുകയോ ചെയ്തിട്ടില്ല. ടിക തുകയുടെ വരവ് വിവരം ലഭ്യമാക്കേണ്ടതാണ്.

## 2-21 സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കിയതിൽ കുറവ്

2016ലെ പ്രൊക്യൂർമെന്റ് മാന്വൽ ഖണ്ഡിക 4.2 പ്രകാരം പർച്ചേയ്സിന് ടെണ്ടർ തുകയുടെ 5% സുരക്ഷിത നിക്ഷേപമായി ദർഘാസ്കൊണ്ട സ്ഥാപനം ഒടുക്കേണ്ടതാണ്. ചുവടെപ്പറയുന്ന പ്രോജക്ടിനു കീഴിൽ പർച്ചേയ്സ് അനുമതി കിട്ടിയത് M/S ഓക്സിജൻ ഡിജിറ്റൽ ഷോപ്പ്, M/Sയൂണിവേർ ടെക്നോളജി എന്നീ സ്ഥാപനങ്ങൾക്കാണ്. ഇവരുമായി 24.03.17ൽ മുനിസിപ്പാലിറ്റി ഒപ്പിട്ട കരാറിലെ വ്യവസ്ഥ 2 പ്രകാരം കരാർ തുകയുടെ 5% സുരക്ഷിത നിക്ഷേപമായി ഒടുക്കുന്നതിന് വ്യവസ്ഥചെയ്തിട്ടുള്ളതാണ്. എന്നാൽ കരാർ നിബന്ധന പ്രകാരമുള്ള തുക ഈടാക്കിയതായി കാണുന്നില്ല.

| പ്രോജക്ട് നമ്പരും പേരും | പ്രോജക്ട് തുക | സ്ഥാപനം | കരാർ തുക | ഒടുക്കേണ്ട സെക്യൂരിറ്റി നിക്ഷേപം | ഒടുക്കിയത് | കുറവ് |
|---|---|---|---|---|---|---|
| 769/17, മുനിസിപ്പാലിറ്റി മെയിൻ ഓഫീസിലേക്കും സെർവർ റൂമിലേക്കും കമ്പ്യൂട്ടർ | 4,36,200 | M/S ഓക്സിജൻ ഡിജിറ്റൽ ഷോപ്പ് (കമ്പ്യൂട്ടർ ഉപകരണങ്ങളുടെ സപ്ലൈ) | 249285 | 12464 | 7312 | 5152 |

| | | | | | | |
|---|---|---|---|---|---|---|
| അനുബന്ധ ഉപകരണങ്ങൾ വാങ്ങലും, ബയോമെട്രിക് അറ്റന്റൻസ് രജിസ്റ്റർ സ്ഥാപിക്കലും. | | M/Sയൂണിവേർ ടെക്നോളജിസ് (പഞ്ചിംഗ് മെഷീൻ സപ്ലൈ) | 186000 | 9300 | - | 9300 |

പർച്ചേയ്സ് നടപടികളിൽ പ്രൊക്യൂർമെന്റ് മാനുവലിൽ വ്യവസ്ഥചെയ്യും പ്രകാരമുള്ള മുൻകരുതൽ നിക്ഷേപം ഈടാക്കാൻ ശ്രദ്ധപുലർത്തേണ്ടതാണ്.

## 2-22 2,68,78,336/- രൂപയുടെ ചെക്കുകൾ യഥാസമയം ബാങ്കിൽ സമർപ്പിച്ച് പണമാക്കി മാറ്റിയിട്ടില്ല

2016-17 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി നഗരസഭയിലെ വിവിധ അക്കൗണ്ടുകളുടെ സാംഖ്യയിൽ നിന്നുള്ള റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ പരിശോധനയ്ക്ക് വിധേയമാക്കിയപ്പോൾ 2010 മുതൽ വിവിധ ഇനങ്ങളിലുള്ള വരവുകൾക്കായി നഗരസഭയിൽ ലഭിച്ചിട്ടുള്ള ചെക്കുകളിൽ പലതും ബാങ്കിൽ സമർപ്പിച്ച് പണമാക്കി മാറ്റിയിട്ടില്ലായെന്ന് കണ്ടെത്തി. ആകെ 2,68,78,336/- രൂപയുടെ ചെക്കുകൾ ഇപ്രകാരം ബാങ്കുകളിൽ സമർപ്പിച്ച് പണമാക്കി മാറ്റിയിട്ടില്ല. മുനിസിപ്പൽ ഫണ്ടിലേക്ക് വരവു വയ്ക്കേണ്ട ഈ തുക കുറവു വരുത്തിയാണ് 2016-17 വർഷം വാർഷിക ധനകാര്യപത്രിക അക്കൗണ്ട്സ് ഓഫീസർ തയ്യാറാക്കിയിട്ടുള്ളതും ആയതു സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഓഡിറ്റിനായി സമർപ്പിച്ചിട്ടുള്ളത്. ചെക്കുകളുടെ വിശദാംശങ്ങൾ പരിശോധിച്ചതിൽ നിന്നും പ്രസ്തുത ചെക്കുകളുടെ കാലാവധി കഴിഞ്ഞിട്ടുള്ളതായി കാണുന്നു. ചെക്കുകൾ റീ-വാലിഡേറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതായും കാണുന്നില്ല. ചെക്കുകളുടെ നമ്പരും തീയതിയും ക്രെഡിറ്റ് ആകാനുള്ള തുകകളുടെ വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു.

ഓഡിറ്റിനായി ഹാജരാക്കിയിട്ടുള്ള 2016-17 വർഷത്തെ ചെക്ക്/ഡി.ഡി. രജിസ്റ്റർ പരിശോധനയിൽ മുനിസിപ്പാലിറ്റിയിൽ ലഭിക്കുന്ന ചെക്ക്/ഡി.ഡി എന്നിവയിന്മേൽ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) റൂൾസ്, 2007ലെ റൂൾ 19,20 എന്നിവ പ്രകാരമുള്ള തുടർ നടപടികൾ അക്കൗണ്ടന്റ് സ്വീകരിക്കുന്നില്ലായെന്ന് വ്യക്തമായിട്ടുണ്ട്. ചെക്ക്/ഡി.ഡി. എന്നിവ ലഭിക്കുമ്പോൾ അവ രസീതു നമ്പർ സഹിതം രജിസ്റ്ററിൽ എഴുതിച്ചേർക്കുന്നുണ്ടെങ്കിലും അവ ബാങ്കിൽ സമർപ്പിക്കുന്ന തീയതിയോ, പണമായി മാറുന്ന തീയതിയോ രേഖപ്പെടുത്താറില്ല. ആയതിനാൽ ലഭിക്കുന്ന ചെക്കുകൾ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) റൂൾസ്, 2007ലെ റൂൾ 21 പ്രകാരം തൊട്ടടുത്ത ദിവസം തന്നെ ബാങ്കിൽ സമർപ്പിച്ചിട്ടുണ്ടോ എന്ന് ഉറപ്പാക്കാനും സാധിച്ചിട്ടില്ല. കൂടാതെ റൂൾ 21 പ്രകാരം ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ ഓരോ മാസത്തേയും റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തൊട്ടടുത്ത മാസം 7ാം തീയതിക്കുള്ളിൽ അക്കൗണ്ടന്റ് തയ്യാറാക്കിയിട്ടുള്ളതായോ ആയത് സെക്രട്ടറി പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടുള്ളതായോ കാണുന്നില്ല. ഉത്തരവാദിത്തപ്പെട്ടവരുടെ ഭാഗത്തു നിന്നും കൃത്യനിർവഹണത്തിൽ ഉണ്ടായ വീഴ്ച മൂലം മുനിസിപ്പാലിറ്റിക്ക് ലഭിക്കേണ്ട വരുമാനം നഷ്ടമായിരിക്കുന്നു. മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് 21.11.17 ൽ ഓഡിറ്റ് എൻക്വയറി നം.55 നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. കൂടാതെ അനുബന്ധത്തിൽ സൂചിപ്പിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ 2010 മുതലുള്ള ചെക്ക്/ഡി.ഡി. രജിസ്റ്റർ എന്നിവ ഹാജരാക്കുവാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ഹാജരാക്കിയിരുന്നില്ല. അനുബന്ധത്തിൽ സൂചിപ്പിച്ചിട്ടുള്ള ചെക്കുകൾ ബാങ്കിൽ സമർപ്പിച്ച് പണമാക്കി മാറ്റി ബാങ്ക് സ്റ്റേറ്റ്മെന്റ് സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. അല്ലാത്തപക്ഷം സെക്രട്ടറിയുടെ ബാധ്യതയായി കണക്കാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 മുനിസിപ്പൽ ഓഫീസ് - ഇന്റീരിയൽ മോഡിഫിക്കേഷൻ - രണ്ടാംഘട്ടം സർക്കാർ

<u>നിർദ്ദേശത്തിനു വിരുദ്ധമായി അധികം തുക നിർവ്വഹണ ഏജൻസിക്കനുവദിച്ചു.</u>

| പ്രോജക്ട് നം. | ചെലവ് | ബിൽ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | ഫയൽ നം. |
|---|---|---|---|---|
| 679/17 | 75,00,000 (ലോകബാങ്ക് ധനസഹായം) | PW2/14773/16 : 19,30,000 28.03.17 PW2/14773/16 : 55,70,000 31.03.17 | മുനിസിപ്പൽ എഞ്ചിനീയർ | PW2.14773/16 |
| ആകെ | | 75,00,000 | | |

മുനിസിപ്പൽ ഓഫീസ് നവീകരണം എന്ന പദ്ധതി ഒന്നാംഘട്ടമായി 2015-16 വർഷം കോട്ടയം ജില്ലാ നിർമ്മിതികേന്ദ്രം മുഖേന നിർവ്വഹിച്ചിരുന്നു. (പ്രോജക്ട് നം. 146/16) ഇതിന്റെ തുടർച്ച എന്നോണം രണ്ടാംഘട്ട പ്രവൃത്തികൾക്ക് 1 കോടിരൂപയുടെ അടങ്കലിൽ പദ്ധതി രൂപീകരിക്കുകയും പദ്ധതി നിർവ്വഹണത്തിന് കോട്ടയം ജില്ലാ നിർമ്മിതികേന്ദ്രത്തിനെ തന്നെ ചുമതലപ്പെടുത്തുകയും ചെയ്തു. ഇതിൻപ്രകാരം 75,00,000/- രൂപ ഓഡിറ്റ് വർഷം മുനിസിപ്പാലിറ്റി നിർവ്വഹണ ഏജൻസിക്ക് മുൻകൂറായി നൽകി. ഓഡിറ്റ് വർഷം പ്രസ്തുത നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടില്ല. പദ്ധതി നിർവ്വഹണത്തിൽ താഴെപ്പറയും പ്രകാരം അപാകതകൾ കാണുന്നു.

1. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അക്രഡിറ്റഡ് ഏജൻസികൾ മുഖേന നടത്തുന്ന മരാമത്തുപണികളുടെ പ്രവൃത്തി നിർവ്വഹണം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ വ്യക്തമാക്കുന്ന ജി.ഒ(എം.എസ്)133/07/തസ്വഭവ തീയതി 18.05.2007 ഖണ്ഡിക 11 പ്രകാരം പ്രോജക്ട് കോസ്റ്റിന്റെ 20% മാത്രമേ മുൻകൂറായി നൽകാവൂ. പ്രവൃത്തി നിർവ്വഹണം സംബന്ധിച്ച് ജില്ലാ നിർമ്മിതി കേന്ദ്രം മുനിസിപ്പാലിറ്റിയുമായി ഒപ്പിട്ട കരാറിലെ വ്യവസ്ഥകൾ പ്രകാരം 20% മാത്രം മുൻകൂറായി നൽകാനാണ് മുനിസിപ്പാലിറ്റി ബാധ്യതപ്പെട്ടിരിക്കുന്നത് 28.02.17ലെ 62-ാം മുനിസിപ്പാൽ കൗൺസിൽ തീരുമാനത്തെത്തുടർന്ന് പ്രോജക്ട് തുക മുഴുവനായി നിർവ്വഹണ ഏജൻസിക്ക് മുൻകൂർ നൽകുന്നതിന് മുനിസിപ്പാലിറ്റി തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിക്ക് കത്തെഴുതിയിട്ടുണ്ടെങ്കിലും (PW2-14473/16 തീയതി 10.03.17) പ്രസ്തുത ആവശ്യത്തിന് നാളിതുവരെ സർക്കാർ അനുമതി ലഭിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ 75% തുകയും മുൻകൂറായി നൽകിയത് ക്രമാനുസൃതമല്ല.

2. മേൽ പ്രവൃത്തികൾക്ക് ജില്ലാ നിർമ്മിതി കേന്ദ്രം ആകെ 96,50,000/- രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയത്. ഇതിൽ 84,04,323/- രൂപ വർക്ക് കോസ്റ്റും ബാക്കി തുക മാനേജ്മെന്റ് ചാർജ്, ടാക്സ് പ്രൊവിഷൻ, കാണാചെലവുകൾ എന്നീ ഇനങ്ങളിലും ഉൾപ്പെടുത്തിയിരിക്കുന്നു. സ.ഉ(എം.എസ്)133/07/ തസ്വഭവ,തീയതി 18.05.2007, സ.ഉ(അച്ചടി)-311/2014/ഫിൻ/തീയതി 30.07.14 ലെ അനുബന്ധം 2 എന്നിവയിലെ നിർദ്ദേശങ്ങൾ പ്രകാരം ജില്ലാ നിർമ്മിതി കേന്ദ്രത്തിന് നൽകേണ്ട തുക താഴെപ്പറയും പ്രകാരം 91,85,925.36/- രൂപയാണെന്ന് കാണുന്നു.

| | | |
|---|---|---|
| എ) | വർക്ക് കോസ്റ്റ് | 8404323.30 |
| ബി) | 2% മാനേജ്മെന്റ് ചാർജ്<br>15% നിരക്കിൽ സർവ്വീസ് ടാക്സ് | 168086.46<br>25212.97 |

| | | |
|---|---|---|
| സി) | 7% ടാക്സ് പ്രൊവിഷൻ | 588302.63 |
| ആകെ | | 9185925.36/- രൂപ |

എന്നാൽ ഇതിനു വിരുദ്ധമായി 464075/- രൂപ അധികമായി ജില്ലാ നിർമ്മിതി കേന്ദ്രത്തിന് നൽകിയത് ക്രമാനുസൃതമല്ല.

3. സ.ഉ(അച്ചടി)311/2014/ഫിൻ/തീയതി 30.07.14ലെ അനുബന്ധം 2 ഖണ്ഡിക 15ൽ പ്രസ്തുത നിർവ്വഹണ മാനദണ്ഡങ്ങളിൽ ഇളവ് അനുവദിച്ചിട്ടുണ്ട്. ആവശ്യമായ മനുഷ്യവിഭവശേഷിയും, സാങ്കേതിക പരിജ്ഞാനവും സ്വന്തമായുള്ള സർക്കാർ സ്ഥാപനങ്ങൾ നിർവ്വഹിക്കുന്ന പ്രവൃത്തികളിലാണ് ഇപ്രകാരം ഇളവ് നിർദ്ദേശിച്ചിട്ടുള്ളത്. സർക്കാർ പൊതുമരാമത്ത് വിഭാഗം മുതലായ സ്ഥാപനങ്ങൾക്ക് ബാധകമായ പ്രസ്തുത ഇളവ് സർക്കാരിതര സ്ഥപനമായ (NGO) കോട്ടയം ജില്ലാ നിർമ്മിതി കേന്ദ്രത്തിന് മുനിസിപ്പാലിറ്റി അനുവദിച്ചത് മൂലമാണ് അധികം തുക നിർവ്വഹണ ഏജൻസിക്ക് നൽകേണ്ടി വന്നത്.

4. മേൽ പ്രവൃത്തി നിർവ്വഹണത്തിനായ് നിർവ്വഹണ ഏജൻസിക്ക് വർക്ക് സൈറ്റ് നിയമാനുസൃതം കൈമാറിനൽകിയതായി ഫയലിൽ കാണുന്നില്ല. പ്രസ്തുത വർക്ക് നിരീക്ഷിക്കുകയോ, മുനിസിപ്പാലിറ്റിയുടെ അഭിപ്രായം അറിയിക്കുകയോ ചെയ്തിട്ടില്ല.

മേൽ പരാമർശങ്ങൾ സംബന്ധിച്ച് കൂടുതൽ വിശദീകരണം ആവശ്യപ്പെട്ട് മുനിസിപ്പാലിറ്റിക്ക് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നെങ്കിലും (ഓഡിറ്റ് എൻക്വയറി നം. 25/2017 തീയതി 23.08.17) ആവശ്യമായ വിശദീകരണങ്ങൾ മുനിസിപ്പാലിറ്റി ലഭ്യമാക്കുകയോ, കൂടുതൽ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. ഈ സാഹചര്യത്തിൽ ഈ പദ്ധതിക്കുകീഴിൽ ചെലവിട്ട 75,00,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. 75,00,000/- രൂപ മുൻകൂറായി നൽകിയ നടപടിക്ക് സർക്കാർ സാധൂകരണം ലഭ്യമാക്കുകയും, സർക്കാർ ഉത്തരവിലെ നിബന്ധനകൾക്കും, നിർദ്ദേശങ്ങൾക്കും വിരുദ്ധമായി നിർവ്വഹണ ഏജൻസിക്ക് അധികം നൽകിയ 4,64,075/- രൂപ അന്തിമ ബില്ലിൽ ക്രമപ്പെടുത്തുകയും ചെയ്ത് ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-2 മുനിസിപ്പൽ ഓഫീസിൽ ജനറേറ്റർ സ്ഥാപിക്കൽ - പദ്ധതി നിർവ്വഹണത്തിൽ അപാകതകൾ

| പ്രോജക്റ്റ് നം. | ചെലവ് | ബിൽ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | ഫയൽ നം. |
|---|---|---|---|---|
| 687/17 | 17,15,000 (ലോകബാങ്ക് ധനസഹായം) | PW2-9623/16 തീയതി 28.02.17 | മുനിസിപ്പൽ എഞ്ചിനീയർ | PW2.9623/16 |

പദ്ധതിനിർവ്വഹണത്തിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. തുക മുഴുവൻ മുൻകൂറായി പൊതുമരാമത്ത് വകുപ്പ് ഇലക്ട്രിക്കൽ ഡിവിഷന് നൽകിയെങ്കിലും പ്രവൃത്തി നിർവ്വഹണം സംബന്ധിച്ച് നിർവ്വഹണ എജൻസിയുമായി വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാർ വച്ചതായി കാണുന്നില്ല. തന്മൂലം സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കുക എന്നത് നിർവ്വഹണ ഏജൻസിയുടെ ബാധ്യതയല്ലാതായി.

2. പ്രവൃത്തിയുടെ പൂർത്തീകരണം നാളിതുവരെ ലഭ്യമായിട്ടില്ല. തുക കൈപ്പറ്റിയതിന്റെ വിവരം, വിനിയോഗ

വിവരം, പൂർത്തീകരണ സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമായിട്ടില്ല.

3. പ്രവൃത്തി സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ നൽകിയ എസ്റ്റിമേറ്റിൽ ഇനം. 26 ആയി ഇൻസ്റ്റലേഷനുള്ള സ്ക്രൂട്ടിണി ഫീസായി 20,000/- രൂപ ഉൾക്കൊള്ളിച്ചിട്ടുണ്ട്. വിശദമായ രേഖകളുടെ അടിസ്ഥാനത്തിൽ യഥാർത്ഥ തുക പിന്നീട് റീഇമ്പേഴ്സ് നൽകുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത നിബന്ധന പാലിക്കപ്പെട്ടതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

4. ഈ പ്രവൃത്തിക്ക് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ അനുമതി ആവശ്യമാണ്. എന്നാൽ ആയതു നേടാതെയാണ് PWD ഇലക്ട്രിക്കൽ ഡിവിഷൻ തുക വസൂലാക്കിയത്. മുൻപ് ജനറേറ്റർ സെറ്റ് സ്ഥാപിക്കുന്നതിന് മുനിസിപ്പാലിറ്റിക്ക് നൽകിയ അനുമതി കാലാവധി അവസാനിക്കുന്നതായും പുതിയ പദ്ധതി നിർവ്വഹിക്കുന്നപക്ഷം ആയതിന് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ അനുമതിയും പദ്ധതിയംഗീകാരവും നേടണമെന്നും പ്രസ്തുത സ്ഥാപനം മുനിസിപ്പാലിറ്റിയെ അറിയിച്ചതിനെ തുടർന്ന് മാത്രമാണ് (കോട്ടയം ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ ബി.3- 8859/2012/ഇ.ഐ.കെ തീയതി 18.03.17 നം. കത്ത്) പ്രസ്തുത അനുമതിക്കായ് നടപടികൾ സ്വീകരിക്കപ്പെട്ടത്.

5. ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കത്തിനെ തുടർന്ന് PWD ഇലക്ട്രിക്കൽ ഡിവിഷൻ ഓഫീസിനോട് പ്രസ്തുത കത്തിലെ നിബന്ധന മുനിസിപ്പാലിറ്റി ഓർമ്മിപ്പിച്ചപ്പോൾ മാത്രമാണ് ഇതിനായുള്ള അപേക്ഷ Techno Craft എന്ന കോൺട്രാക്ടർ മുഖേന സമർപ്പിക്കാൻ ഇലക്ട്രിക്കൽ ഡിവിഷൻ മുനിസിപ്പാലിറ്റിക്ക് നിർദ്ദേശം നൽകിയത്. മുനിസിപ്പാലിറ്റിക്ക് PWD ഇലക്ട്രിക്കൽ ഡിവിഷനുമായിട്ടാണ് വിനിമയം എന്നതിനാൽ ഇപ്രകാരമൊരു കോൺട്രാക്ടറെകൊണ്ട് അപേക്ഷ കൊടുപ്പിച്ചതിന്റെ അടിസ്ഥാനം വ്യക്തമല്ല. ഇപ്രകാരം അപേക്ഷ സമർപ്പിച്ചതിന് Techno Craft എന്ന സ്ഥാപനം ഫീസിനത്തിൽ തുക ഈടാക്കിയിട്ടുണ്ടോ എന്ന കാര്യം വ്യക്തമല്ല. മേൽ കാര്യങ്ങൾക്ക് വ്യക്തത വരുത്തേണ്ടതാണ്.

6. ഈ പദ്ധതിക്ക് അംഗീകാരം നൽകിയ കൗൺസിൽ പഴയ ജനറേറ്റർ ലേലം ചെയ്യാൻ തീരുമാനമെടുത്തിട്ടുണ്ട്. (15.04.16ലെ 29-ാം തീരുമാനം, 30.09.16ലെ 64-ാം തീരുമാനം) ഇതനുസരിച്ച് ടി ജനറേറ്ററിന്റെ വാല്യുവേഷൻ ലഭ്യമാക്കുന്നതിന് ഡി.എൽ.റ്റി.സി.ഇ മെമ്പർമാർക്ക് മുനിസിപ്പാലിറ്റി കത്ത് നൽകിയെങ്കിലും വാല്യുവേഷൻ സർട്ടിഫിക്കറ്റ് ലഭിച്ചതായോ, ലേലം നടന്നതായോ വ്യക്തമാക്കപ്പെട്ടിട്ടില്ല.

മേൽ നിരീക്ഷണങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 23/2017 തീയതി 17.08.17) ലഭ്യമാക്കിയ മറുപടിയിൽ (നം. PW2-9623/16 തീയതി 20.10.17) മേൽ പ്രസ്താവിച്ച അപാകതകൾക്കുള്ള വിശദീകരണങ്ങൾ ഉൾപ്പെടുന്നില്ല. ഈ സാഹചര്യത്തിൽ പ്രസ്തുത പദ്ധതിയുടെ കീഴിൽ ചെലവഴിച്ച 17,15,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയും, ചൂണ്ടിക്കാണിച്ച അപാകതകളിൽ രേഖാപരമായ സാധൂകരണം ലഭ്യമാക്കിയും ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-3 മുള്ളങ്കുഴി ഫ്ലാറ്റിന് ഇലക്ട്രിഫിക്കേഷൻ - പദ്ധതിയംഗീകാരം ലഭിക്കുന്നതിനു മുമ്പ് തുക ഡെപ്പോസിറ്റ് ചെയ്തു.

| പ്രോജക്ട് നം. | ചെലവ് | ബിൽ നം./തീയതി | നിർവ്വഹണോദ്യോഗസ്ഥൻ | ഫയൽ നം. |
|---|---|---|---|---|
| 63/2016-17 | 11,75,000 (SC ഫണ്ട്) | PW1-17001/15 തീയതി 31.01.17 | മുനിസിപ്പൽ എഞ്ചിനീയർ | PW1.17001/15 |

മുള്ളങ്കുഴി ഫ്ലാറ്റ് സമുച്ചയത്തിൽപ്പെടുന്ന 16 ഫ്ലാറ്റുകളുടെ വൈദ്യുതീകരണത്തിനായ് 11,75,000/- രൂപ പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗത്തിന് 24.09.16 ന് ഡിപ്പോസിറ്റ് ചെയ്തിട്ടുണ്ട്. പ്രസ്തുത തുക തനത്ഫണ്ടിൽ നിന്നുമാണ് ചെലവഴിച്ചിട്ടുള്ളത്. പദ്ധതിക്ക് സമയബന്ധിതമായി അംഗീകാരം ലഭിക്കാതിരുന്നതുമൂലമാണ് ആദ്യം തനത്ഫണ്ടിൽ നിന്നും പദ്ധതിച്ചെലവ് നിർവ്വഹിക്കേണ്ടി വന്നതെന്നാണ് ഫയൽ പരിശോധനയിൽ നിന്നും വ്യക്തമാകുന്നത്. നിയമാനുസൃതമുള്ള പദ്ധതിയംഗീകാരം ലഭിക്കുന്നതിനു മുൻപ് തുക ഡെപ്പോസിറ്റ് ചെയ്ത നടപടി ക്രമാനുസൃതമല്ല. പദ്ധതിച്ചെലവ് പിന്നീട് എസ്.സി.പി ഫണ്ടിൽ നിന്നും തനത് ഫണ്ടിലേക്ക് റിക്കൂപ്പ്

ചെയ്തതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. പദ്ധതി നിർവ്വഹണം സംബന്ധിച്ച് നിർവ്വഹണ ഏജൻസിയുമായി മുനിസിപ്പാലിറ്റി നിയമാനുസൃതം കരാർ വച്ചിട്ടില്ലെന്ന് കാണുന്നു. പദ്ധതി പൂർത്തീകരിച്ചതിന്റേയും ഇതേത്തുടർന്ന് പ്രസ്തുത ഫ്ലാറ്റുകളിൽ കറന്റ് കണക്ഷൻ ലഭിച്ചതിന്റേയും രേഖകൾ ഫയലിൽ ഉൾക്കൊള്ളിച്ചിട്ടില്ല.

മേൽ നിരീക്ഷണങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 26/2017 തീയതി 30.08.17) നാളിതുവരെ മറുപടി ലഭ്യമാക്കുകയോ, രേഖകൾ ഹാജരാക്കി സാധൂകരണം വരുത്തുകയോ ചെയ്തിട്ടില്ല. ഈ സാഹചര്യത്തിൽ മേൽ പദ്ധതിയുടെ കീഴിൽ ചെലവഴിച്ച 11,75,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അപാകതകൾ സംബന്ധിച്ച് രേഖാപരമായ സാധൂകരണം ലഭ്യമാക്കിയും തുകയുടെ വിനിയോഗ സാക്ഷ്യപത്രം, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയും ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-4 മുള്ളങ്കുഴി ഫ്ലാറ്റ് നിർമ്മാണം - ബാലൻസ് വർക്ക് - പദ്ധതി നിർവ്വഹണത്തിൽ അപാകതകൾ.

| പ്രോജക്ട് നം. | ചെലവ് | ബിൽ നം. | നിർവ്വഹണോദ്യോഗസ്ഥൻ | ഫയൽ നം. |
|---|---|---|---|---|
| 64/2016-17 | 745259<br>(SCP ഫണ്ട്) | PW1.3531/16<br>തീയതി 29.03.17. | മുനിസിപ്പൽ എഞ്ചിനീയർ | PW1.3531/16 |

കോട്ടയം നഗരസഭയുടെ ഉടമസ്ഥതയിൽ 14-ാം വാർഡിൽ നിലവിലുണ്ടായ കെട്ടിടം പൊളിച്ചുമാറ്റി 3 നിലകളിലായി ആകെ 24 ഫ്ലാറ്റുകൾ പണിയുന്ന പ്രവൃത്തി മുൻവർഷങ്ങളിൽ 1,69,32,000/- രൂപയുടെ എസ്റ്റിമേറ്റിൽ സംസ്ഥാന ഭവന നിർമ്മാണ ബോർഡിനെ ഏൽപ്പിച്ചതും പണി പൂർത്തീകരിച്ചതുമാണ്. പ്രസ്തുത ഫ്ലാറ്റുകളിൽ സാനിട്ടേഷൻ വാട്ടർസപ്ലൈ വർക്കിന് 2014ലെ DSR അവലംബിച്ച് (15% ലാഭവിഹിതവും ഓവർ ഹെഡ്ചാർജ്ജും ഉൾപ്പെടെ) 32,60,000/- രൂപയുടെ എസ്റ്റിമേറ്റ് ഉണ്ടാക്കുകയും വർക്ക് ടെണ്ടർ ചെയ്യുകയും ചെയ്തു. ആരും ടെണ്ടർ നൽകാത്തതിനെത്തുടർന്ന് പ്രസ്തുത വർക്ക് കോട്ടയം ജില്ലാനിർമ്മിതി കേന്ദ്രത്തിനെ ചുമതലപ്പെടുത്തി. എസ്റ്റിമേറ്റിൽ ഉൾക്കൊള്ളിച്ചിരുന്ന 15% ലാഭവിഹിതം + ഓവർ ഹെഡ് ചാർജ് സ്ഥാപനത്തിനുള്ള 8% മാനേജീരിയൽ ചാർജായും 7% ടാക്സ് പ്രൊവിഷനായും കണക്കിലെടുക്കണമെന്ന നിർമ്മിതികേന്ദ്രത്തിന്റെ ആവശ്യം പരിഗണിച്ചാണ് പ്രസ്തുത വർക്ക് നിർമ്മിതികേന്ദ്രത്തിനെ ചുമതലപ്പെടുത്തിയത്. ടി പദ്ധതിയുടെ കീഴിൽ 2015-16 വർഷം 22,50,000/- രൂപ ടി സ്ഥാപനത്തിന് മുൻകൂറായി നൽകിയിരുന്നു. 2016-17 വർഷം പ്രസ്തുത വർക്ക് പൂർത്തീകരിച്ചു. ആകെ വർക്ക് വാല്യൂ 29,95,259/- ആണ്. ഇതിൽ 27,85,591/- രൂപ ജില്ലാ നിർമ്മിതികേന്ദ്രത്തിനും, 2,09,668/- രൂപ ടാക്സിനങ്ങളിലും ചെലവഴിച്ചു. ജില്ലാ നിർമ്മിതികേന്ദ്രത്തിന് 2015-16ൽ മുൻകൂർ നൽകിയ തുക കഴിച്ച് ബാക്കി 5,35,591/- രൂപയും ടാക്സിനങ്ങളിൽ 2,09,668/- രൂപയും ഉൾപ്പെടെ ആകെ 745,259/- രൂപ ടി വർക്കിന് 2016-17 വർഷം ചെലവഴിച്ചു. പദ്ധതി നിർവ്വഹണത്തിൽ ചുവടെ പരാമർശിക്കുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. പ്രസ്തുത വർക്കിന് എസ്റ്റിമേറ്റ് തയ്യാറാക്കിയത് 15% CPOH ഉൾപ്പെടുത്തിയാണ്. പ്രസ്തുത തുക ജില്ലാ നിർമ്മിതി കേന്ദ്രത്തിനു ചെല്ലേണ്ടുന്ന മാനേജീരിയൽ ചാർജ് (8%) ടാക്സ് പ്രൊവിഷൻ (7%) എന്ന നിലയിൽ വകകൊള്ളിക്കാമെന്ന നിർദ്ദേശത്തെത്തുടർന്നാണ് ജില്ലാ നിർമ്മിതി കേന്ദ്രം പ്രസ്തുത വർക്ക് ഏറ്റെടുത്തത്. ഇപ്രകാരമാണ് ടി സ്ഥാപനം ആകെ 27,85,591/- രൂപ (22,50,000/- രൂപ 2015-16 535591/- രൂപ 2016-17 വർഷത്തിലും) കൈപ്പറ്റിയത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അക്രഡിറ്റഡ് ഏജൻസികൾ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പണികളുടെ നിർവ്വഹണം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ (സ.ഉ(എം.എസ്)നം. 133/07 തസ്വഭവ തീയതി 18.05.07, സ.ഉ(അച്ചടി)നം. 311/2014/ഫിൻ തീയതി 30.07.14പ്രകാരം ജില്ലാ നിർമ്മിതി കേന്ദ്രത്തിനു നൽകേണ്ട തുക താഴെപ്പറയും പ്രകാരം 26,64,478/- രൂപ മാത്രമാണ്.

യഥാർത്ഥത്തിൽ വരുന്ന വർക്ക് വാല്യൂ : 2604573

(ആകെ വാല്യൂവിൽ നിന്നും 15% CPOH കിഴിച്ചാൽ വരേണ്ടത്)

+ 2% സെന്റേജ് ചാർജ് : 52091.46

+ 15%സർവ്വീസ് ടാക്സ് (സെന്റേജ് ചാർജിന്റെ) 7813.71

നിർമ്മിതി കേന്ദ്രത്തിന് നൽകേണ്ടത് 2664478.17

7% ടാക്സ് പ്രൊവിഷൻ (വർക്ക് വാല്യൂവിന്റെ) : 182320.11

ആകെ ചെലവ് - 2846798.28

ക്രമപ്പെടുത്തിയാൽ 2846798

========

എന്നാൽ ഇതിനു വിരുദ്ധമായി താഴെപ്പറയും പ്രകാരം 148461/- രൂപ അധികം ചെലവഴിച്ചു

കോട്ടയം ജില്ലാ നിർമ്മിതി കേന്ദ്രത്തിന് നൽകിയത് : 1,21,113 (2785591 – 2664478)

ടാക്സിനത്തിൽ അധികം ചെലവഴിച്ചത് : 27,348 (209668 - 182320)

ആകെ 148461

അധികം തുക ചെലവഴിച്ചതിന് വിശദീകരണം നൽകേണ്ടതാണ്.

2. മേൽ വർക്കിന്റെ നിർവ്വഹണം സംബന്ധിച്ച് മുനിസിപ്പാലിറ്റി കോട്ടയം ജില്ലാ നിർമ്മിതി കേന്ദ്രവുമായി കരാർ വച്ചത് 09.06.16ൽ മാത്രമാണ്. എന്നാൽ കരാർ വയ്ക്കും മുൻപ് തന്നെ എസ്റ്റിമേറ്റ് തുകയുടെ 70% വരുന്ന തുക (22,50,000/- രൂപ) 03/16ൽ തന്നെ മുനിസിപ്പാലിറ്റി ജില്ലാ നിർമ്മിതി കേന്ദ്രത്തിന് കൈമാറി നൽകി. നിയമാനുസൃതം കരാർ വയ്ക്കാതെ ഇപ്രകാരം ഗണ്യമായ തുക മുൻകൂറായി നൽകിയത് ക്രമാനുസൃതമല്ല.

3. പ്രവൃത്തി നിർവ്വഹണം സംബന്ധിച്ച കരാർ വ്യവസ്ഥകൾ പ്രകാരം 09.12.16നകം പ്രസ്തുത നിർമ്മാണം പൂർത്തിയാകേണ്ടതാണ്. എന്നാൽ 23.09.17ൽ മാത്രമാണ് പ്രവൃത്തി പൂർത്തീകരിക്കപ്പെട്ടിട്ടുള്ളത് എന്ന് അളവു പുസ്തകത്തിലെ രേഖപ്പെടുത്തൽ വ്യക്തമാക്കുന്നു. നിർവ്വഹണ ഏജൻസി നിർവ്വഹിച്ച പ്രവൃത്തിയുടെ അളവ്, ഗുണനിലവാരം എന്നിവ സംബന്ധിച്ച് മുനിസിപ്പൽ എഞ്ചിനീയറിംഗ് വിംഗ് പരിശോധന നടത്തുകയോ, അഭിപ്രായം രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. (നിർവ്വഹണ ഏജൻസി രേഖപ്പെടുത്തിയ അളവുകൾ മുനിസിപ്പൽ എഞ്ചിനീയർ ചെക്ക് മെഷർ ചെയ്തിട്ടില്ല.)

4. എസ്റ്റിമേറ്റിൽ ഉൾപ്പെടുന്ന പല പ്രവൃത്തിയിനങ്ങളുടേയും നിരക്ക് ഒബ്സർവ്ഡ് ഡേറ്റാ അടിസ്ഥാനമാക്കിയാണ് തയ്യാറാക്കിയിട്ടുള്ളത്. ഒബ്സർവ്ഡ് ഡേറ്റാ തയ്യാറാക്കുന്നത് സംബന്ധിച്ച ചീഫ് എഞ്ചിനീയറുടെ CE/BL/GL/2014/27.01.15-ാം നമ്പർ സർക്കുലറിലെ നിരക്കിൽ നിന്നും വ്യതിചലിച്ച നിരക്ക് ആണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത്. ഇത് വഴി അധികം ചെലവ് നിർണ്ണയിച്ച് തുക നൽകിയതായി കാണുന്നു. ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തിയിനം | അളവ് | അനുവദിച്ച നിരക്ക് | നിർണ്ണയിച്ച ചെലവ് | മേൽ സർക്കുലർ പ്രകാരം വരുന്ന നിരക്ക് | ഇത് പ്രകാരം വരുന്ന ചെലവ് |
|---|---|---|---|---|---|---|
| 1 | Providing and fixing panelled or panelled and glazed shutters for doors, windows and | 24.64$m^2$ | 3324.03/$m^2$ | 81904.10 | 2578.62/$m^2$ | 63537.20 |

| | | | | | | |
|---|---|---|---|---|---|---|
| | clerestory windows, 30 mm thick shutters.<br>അധികം നൽകിയത് - 18367/- രൂപ<br>(81904-63537.20) | | | | | |
| 2 | Providing and fixing PVC pipes, fittings including fixing the pipe with clamps at 1.00m spacing. This includes jointing of pipes and fittings with one step PVC solvent cement and testing of joints complete as per direction of Engineer in charge 32 mm dia 10 Kgf/cm$^2$ – External work – Exposed on wall<br>അധികം നൽകിയത് - 9813/- രൂപ<br>(254426.15-244613.60) | 1045m | 243.47/m | 254426.15 | 234.08/m | 244613.60 |

മേൽ വർക്കിനങ്ങൾക്ക് അനുവദിച്ചതും, അനുവദിക്കേണ്ടതുമായ നിരക്കുകൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം -എ ആയി ചേർത്തിട്ടുണ്ട്.

മേൽ സർക്കുലറിലെ നിർദ്ദേശത്തിനു വിരുദ്ധമായി ആകെ 28180/- രൂപ (18367 + 9813) അധികം നൽകിയിട്ടുണ്ട്. അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

5. മേൽ വർക്കിന്റെ ബില്ലിൽ നിന്നും 182320/- രൂപ വിവിധ ടാക്സിനങ്ങളിലിൽ അടയ്ക്കുന്നതിനായ് കുറവ് ചെയതിട്ടുണ്ട്. പ്രസ്തുത തുക അടച്ചതിന്റെ ചെലാൻ/ഡി.ഡി പകർപ്പുകൾ ഫയലിൽ ലഭ്യമല്ല.

6. 2012ലെ പൊതുമരാമത്ത് വകുപ്പ് മാന്വൽ ഖണ്ഡിക 7 നിഷ്കർഷിച്ച പ്രകാരം ടി വർക്കിന്റെ എസ്റ്റിമേറ്റ് റിപ്പോർട്ട്, ഡ്രോയിംഗ്സ്, സൈറ്റ് പ്ലാൻ എന്നിവ തയ്യാറാക്കിയതായി കാണുന്നില്ല. ഇവ തയ്യാറാക്കാതെ എസ്റ്റിമേറ്റ് തയ്യാറാക്കിയത് ക്രമാനുസൃതമല്ല.

7. പ്രസ്തുത ഫ്ലാറ്റുകൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല.

മേൽ നിരീക്ഷണങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 27/2017 തീയതി 08.09.17) നാളിതുവരെ മറുപടി ലഭ്യമാക്കുകയോ, രേഖകൾ ഹാജരാക്കി സാധൂകരണം വരുത്തുകയോ ചെയ്തിട്ടില്ല. ഈ സാഹചര്യത്തിൽ മേൽ പദ്ധതിക്കായി 2016-17ൽ ചെലവഴിച്ച 745,259/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

1) സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കു വിരുദ്ധമായി അധികം ചെലവഴിച്ച 1,48,461/- രൂപ പുനക്രമീകരിക്കുക.

2) ഒബ്സർവ്ഡ് ഡേറ്റാ സംബന്ധിച്ച സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി അധികം അനുവദിച്ച 28,180/-

രൂപ തിരികെ ഈടാക്കുക.

3) ടാക്സിനങ്ങളിൽ അടച്ച തുകയുടെ വിശദാംശങ്ങൾ ചെലാൻ നം./ചെക്ക് നം. പകർപ്പുകൾ ഹാജരാക്കി സാധൂകരിക്കുക.

4) പ്രവൃത്തി നിർവ്വഹണത്തിലുണ്ടായ മറ്റ് അപാകതകളിൽ വിശദീകരണം ലഭ്യമാക്കുക.

## 3-5 കുഴൽ കിണർ നിർമ്മാണം - തുക നിക്ഷേപിച്ചത് - വിനിയോഗ വിവരങ്ങൾ ലഭ്യമായിട്ടില്ല.

കോട്ടയം മുനിസിപ്പൽ വാർഡ് നം. 37ൽ വിവിധ ഭാഗങ്ങളിൽ കുഴൽക്കിണർ നിർമ്മിക്കുന്നതിന് ചുവടെ വിവരിക്കും പ്രകാരം തുക ഭൂഗർഭജല വകുപ്പ്, കോട്ടയം ജില്ലാ ഓഫീസറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറി നൽകിയിട്ടുണ്ട്. ഭൂഗർഭജല വകുപ്പ് തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമാണ് തുക നൽകിയിട്ടുള്ളത്.

| പ്രോജക്ട് നം./പേര് | അടങ്കൽ | കൈമാറിനൽകിയ തുക | ബിൽ നം. |
|---|---|---|---|
| 749/17 പാലമൂട് ഭാഗത്ത് കുഴൽകിണർ നിർമ്മാണം | 3,00,000/- (ധനകമ്മീഷൻ വിഹിതം) | 299483 | PW1.4758/17 06.03.17 |
| 750/17 പോളച്ചിറമിഷൻപള്ളി ഭാഗത്ത് കുഴൽകിണർ നിർമ്മാണം | 263500 (ധനകമ്മീഷൻ വിഹിതം) | 263456 | PW1.4759/17 06.03.17 |
| ആകെ | | 562939 | |

കുഴൽ കിണർ നിർമ്മിച്ചാലുള്ള ജല ലഭ്യതയേക്കുറിച്ച് റിപ്പോർട്ട്, പദ്ധതിയുടെ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് എന്നിവ ലഭിച്ചതായി കാണുന്നില്ല. എന്നാൽ സർവ്വേ നടത്തുന്നതിനായി ഭൂഗർഭ ജലവകുപ്പ് രണ്ടു പദ്ധതികളിൽ നിന്നുമായി 3500/- രൂപ ഡിമാന്റ് ചെയ്തിട്ടുണ്ട്. മേൽപദ്ധതികളുടെ പ്രോജക്ട് റിപ്പോർട്ട് പ്രകാരം 2017 മാർച്ച് 30 നകം കുഴൽ കിണർ നിർമ്മാണം പൂർത്തിയാക്കേണ്ടതാണ്. എന്നാൽ പ്രസ്തുത നിർമ്മാണ പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. മുനിസിപ്പാലിറ്റി കൈമാറി നൽകിയ തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമായിട്ടുള്ളതായി കാണുന്നില്ല.

മേൽപ്പറഞ്ഞ രണ്ട് പ്രവൃത്തികളുടേയും എസ്റ്റിമേറ്റ് താരതമ്യം ചെയ്തതിൽ നിന്നും രണ്ടുപദ്ധതികളിലുംപെടുന്ന ഒരേയിനം പ്രവൃത്തികൾക്ക് വ്യത്യസ്തനിരക്ക് ഈടാക്കിയിട്ടുള്ളതായി കാണുന്നു. ഉദാഹരണത്തിന് പമ്പിംഗ് മെയിനിനായി കട്ടപ്പമുള്ള മണ്ണ് വെട്ടിക്കുഴിക്കുന്നതിന് പാലമൂട് ഭാഗത്തി മീറ്ററിന് 91 രൂപ ഈടാക്കിയപ്പോൾ പോളച്ചിറഭാഗത്ത് ഇതിന് 95 രൂപയാണ് ഈടാക്കിയിട്ടുള്ളത്. അതുപോലെ പ്രീഫാബ്രിക്കേറ്റഡ് മെറ്റാലിക് പമ്പ്ഹൗസിംഗ് പാലമൂട് ഭാഗത്തെ പ്രവൃത്തിയിൽ 23961/- രൂപ ഈടാക്കിയപ്പോൾ ഇതേയിനം പ്രവൃത്തിക്ക് പോളച്ചിറഭാഗത്ത് 24934/- രൂപ ഈടാക്കി. ഇതുമൂലം ഒരേയിനം പ്രവൃത്തികൾക്ക് അധികം തുകയാണ് നിർവ്വഹണഏജൻസി ഈടാക്കിയിട്ടുള്ളതെന്ന് കാണുന്നു.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 48/2017 തീയതി 13.11.17) നാളിതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടമെന്റിൽ നിക്ഷേപിച്ച 562939/- രൂപ

ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പദ്ധതിപ്പണത്തിന്റെ വിനിയോഗ സാക്ഷ്യപത്രം, ഫീസിബിലിറ്റി റിപ്പോർട്ട് രണ്ട് പ്രവൃത്തികളിലുംപ്പെട്ട ഒരേ ഇനം പ്രവൃത്തിക്ക് വ്യത്യസ്ത നിരക്ക് നൽകിയതുവഴി അധികം ചെലവിട്ട തുക പുനക്രമീകരിച്ചും ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-6 നാഗമ്പടം റെയിൽവേ മേൽപാല നവീകരണം- പൂർത്തീകരണ രേഖകൾ ഹാജരാക്കിയില്ല.

കോട്ടയം നഗരസഭാ അതിർത്തിയിലുള്ള നാഗമ്പടത്തെ റെയിൽവേ ഫുട്ട് ഓവർബ്രിഡ്ജിന്റെ നവീകരണ പ്രവർത്തനങ്ങൾക്കായി പ്രോജക്ട് നമ്പർ 778/17 ൽ ഉൾപ്പെടുത്തി 22,02,220/- രൂപ വകയിരുത്തിയിട്ടുള്ളതും പ്രസ്തുത തുക റയിൽവേയ്ക്ക് കൈമാറിയിട്ടുള്ളതുമാണ്. പാലത്തിന്റ നവീകരണ പ്രവൃത്തികൾ പൂർത്തിയാക്കി 13.03.17 ൽ ചെയർപേഴ്സൺ പൊതുജനങ്ങൾക്കായി തുറന്നുകൊടുത്തിട്ടുള്ളതുമാണ്.

2000-01 സാമ്പത്തിക വർഷത്തിൽ റെയിൽവേ മുൻസിപ്പാലിറ്റിയ്ക്ക് വേണ്ടി ഡെപ്പോസിറ്റ് പ്രവൃത്തിയായി പൂർത്തീകരിച്ചതായിരുന്നു നാഗമ്പടം റെയിൽവേ മേൽപ്പാലം. സതേൺ റെയിൽവേ സീനിയർ സെക്ഷൻ എൻജിനീയർ (വർക്സ്) 22/02/16 ലെ KTYM/W/14/MISC കത്ത് പ്രകാരം പാലം മെയിന്റനൻസിനുള്ള നിർദ്ദേശം മുന്നോട്ട് വെച്ചിരുന്നു. കത്ത് പ്രകാരം സംയുക്തപരിശോധനയ്ക്കുള്ള തീയതി നിശ്ചയിക്കുകയും 22.06.2016 ൽ സീനിയർ സെക്ഷൻ എൻജിനീയറും നഗരസഭാ അസിസ്റ്റന്റ് എൻജിനീയറും പരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തു.

റിപ്പോർട്ട് പ്രകാരം മേൽപ്പാലത്തിന്റെ മുകളിലെ കോൺക്രീറ്റ് സ്ലാബുകൾ വിള്ളൽ വീണ് അപകടാവസ്ഥയിലാണെന്നും മുഴുവൻ സ്ലാബുകളും മാറ്റി സ്ഥാപിക്കേണ്ടതായി വരുമെന്നും, മുകളിൽ സ്ഥാപിച്ചിട്ടുള്ള ട്രസ്സ് വർക്കുകളിൽ പെയിന്റ് അടിക്കണം എന്നും നിർദ്ദേശിച്ചിരുന്നു. ലെറ്റർനമ്പർ v/w .352 /Bridges/Deposit തീ.22.04.15 പ്രകാരം നിർമ്മാണചെലവുകൾക്കായി 1535169 രൂപ ആവശ്യപ്പെട്ട പ്രകാരം ചെക്ക് നമ്പർ -013080 തീ.12.07.16 (വൗച്ചർ നമ്പർ-108-7/16) നല്കി. എന്നാൽ ലെറ്റർ നമ്പർ V/W.352 /Bridges/Deposit തീ.19.07.16 പ്രകാരം എസ്റ്റിമേറ്റ് പുനർനിശ്ചയിച്ച് 22,02,220 രൂപയായി ഉയർത്തിയപ്പോൾ 6,67,051 രൂപ വീണ്ടും നഗരസഭ നൽകേണ്ടതായി വന്നു. (ചെക്ക് നമ്പർ 013108/22.07.16, വൗച്ചർ നമ്പർ-154-07/16)

റയിൽവേ പ്രസ്തുത പദ്ധതിക്ക് സൂപ്പർവിഷൻചാർജ്ജായി നിശ്ചയിച്ചിട്ടുള്ളത് 13.33 ലക്ഷം രൂപയാണ്. ഈ തുക അടയ്ക്കുന്നതിന് കൗൺസിൽ വിയോജിപ്പ് പ്രകടിപ്പിച്ചു. പ്രസ്തുത വിഷയം സംബന്ധിച്ച് ബഹു.കോട്ടയം എം.പി., സതേൺ റെയിൽവേ ഡിവിഷണൽ മാനേജർ, നഗരസഭ ചെയർപേഴ്സൺ, നഗരസഭാ സ്റ്റാന്റിങ്ങ് കമ്മറ്റി ചെയർമാൻമാർ എന്നിവരെ ഉൾപ്പെടുത്തി 13.07.16 ന് ചർച്ച ചെയ്യാൻ തീരുമാനിച്ചിരുന്നു. ചർച്ചയിൽ പ്രശ്നം പരിഹരിക്കപ്പെട്ടോ എന്നതിന്റെ വിശദാംശം കൂടി ലഭ്യമാക്കുന്നതിനായി 17.08.2017 ൽ 22-ാം നമ്പർ ഓഡിറ്റ് എൻക്വയറി പ്രകാരം ആവശ്യപ്പെട്ടെങ്കിലും നഗരസഭാ അധികൃതർ മറുപടി ലഭ്യമാക്കിയില്ല.

നാഗമ്പടം മുൻസിപ്പൽ ബസ് സ്റ്റാന്റിന് സമീപത്തുള്ള റയിൽ മേൽപ്പാലം നിർമ്മിക്കാൻ വിട്ടു നല്കിയ സ്ഥലത്തിന്റെ വില ഈടാക്കുന്നതിന് 08.07.2016 ലെ 1ാംനമ്പർ തീരുമാനപ്രകാരം കൗൺസിൽ യോഗത്തിൽ അഭിപ്രായപ്പെട്ടിരുന്നു. സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിക്കുന്ന വിശദാംശങ്ങളും കൗൺസിൽ അഭിപ്രായത്തിന്മേൽ എടുത്ത നടപടികളുടെ വിശദാംശങ്ങളും ഓഡിറ്റ് എൻക്വറിയിലൂടെ ആവശ്യപ്പെട്ട പ്രകാരം ലഭ്യമാക്കിയില്ല.

13.03.17 ന് പാലം തുറന്ന് സഞ്ചാരയോഗ്യമായി എന്ന വിവരം പത്രമാധ്യമങ്ങളിലൂടെ ഫോട്ടോ സഹിതം വാർത്ത പ്രചരിച്ചിരുന്നു. എന്നാൽ പണിപൂർത്തിയാക്കിയതുമായി ബന്ധപ്പെട്ട പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ഫയലിൽ ഉൾപ്പെടുത്തുകയോ ഓഡിറ്റ് എൻക്വയറി പ്രകാരം ആവശ്യപ്പെട്ടിട്ടും ലഭ്യമാക്കുകയോ ചെയ്യാത്തതിനാൽ രേഖകൾ ലഭ്യമാക്കുന്നത് വരെ പ്രസ്തുത പദ്ധതിയ്ക്കായി ചെലവഴിച്ച 22,02,220/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 3-7 നഗരസഭയിലെ വിവിധ പ്രവൃത്തികൾക്കായി ബിറ്റുമിൻ - ഇമൽഷൻ വാങ്ങൽ - അധിക തുക ഈടാക്കൽ സംബന്ധിച്ച്.

നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ ടാർ വാങ്ങുന്നതിന് വിലയിനത്തിൽ BPCL, അമ്പലമുകൾ, കൊച്ചി എന്ന സ്ഥാപനത്തിന് 2014-15, 2015-16 വർഷങ്ങളിലായി നഗരസഭ 2048373/- രൂപ അധികമായി ഒടുക്കിയിട്ടുണ്ട്. ടി തുകയ്ക്ക് തത്തുല്യമായ ടാർ ലഭ്യമാക്കുന്നതിന് നഗരസഭയിൽ നിന്നും ടി സ്ഥാപനത്തിന് കത്തുകൾ നൽകിയിട്ടുണ്ട്. കത്ത് നം. (PW.2/29299/14 തീയതി 02.05.17) എന്നാൽ ടാർ ലഭിച്ചതു സംബന്ധിച്ച വിവരമോ, തുടർനടപടികളോ സംബന്ധിച്ച വിവരങ്ങളോ ഫയൽ പരിശോധനയിൽ കാണുന്നില്ല. 2016-17 വർഷത്തെ ട്രാൻസ്പോർട്ടേഷന് ക്വട്ടേഷൻ ക്ഷണിച്ചിരുന്നതിന്റെ വിവരം ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. മേൽപറഞ്ഞവ ഹാജരാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നം. 40/2017 തീയതി 23.10.2017 പ്രകാരം നല്കിയപ്പോൾ ലഭിച്ച മറുപടിയിൽ അധികമായി ഒടുക്കിയതുകയ്ക്ക് നാളിതുവരെ ബിറ്റുമിൻ ലഭിച്ചിട്ടില്ല എന്ന് കാണുന്നു.അധികമായി ഒടുക്കിയതുകക്രമീകരിക്കുന്നതിനായി നഗരസഭ സ്വീകരിച്ച നടപടികൾ അടിയന്തിരമായി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-8 ഐ.കെ.എം പ്രവർത്തനങ്ങൾക്ക് അധിക തുക നല്കിയത് - 55942 രൂപ തടസ്സപ്പെടുത്തുന്നു

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പിന്റെ നം 1228/2016 പ്രകാരം നഗരസഭകൾ തങ്ങൾക്ക് ലഭിക്കുന്ന പ്ലാൻ ഫണ്ടിന്റെ 0.25 % തുക ഐ.കെ.എം. ന്റെ പ്രവർത്തനത്തിനുവേണ്ടി മാറ്റി വെയ്ക്കാൻ ഉത്തരവ് നല്കിയിരുന്നു. അതിൻപ്രകാരം നഗരസഭ പ്രോജക്ട് നമ്പർ 186/2017 പ്രകാരം 414285/- രൂപ (രശീത് നമ്പർ-15876/17.05.2016) വിഹിതമായി നല്കുകയുണ്ടായി. പ്ലാൻ ഫണ്ടിൽ നിന്നും നല്കേണ്ട തുകയേക്കാൾ അധികമായാണ് തുക നല്കിയത്. വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| 2016-17 ൽ പ്ലാൻ ഫണ്ടായി ലഭിച്ച ആകെ തുക | 143337240 |
| ഐ.കെ.എം.ന് ഒടുക്കേണ്ട തുക (0.25%) | 143337240 X 0.25% |
| | 358343 |
| ഒടുക്കിയ തുക | 414285 |
| അധികമായി ഒടുക്കിയ തുക | 55942 |

ഐ.കെ.എം. ന് നൽകേണ്ട തുകയേക്കാൾ 55942/- രൂപ അധികം നല്കിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 17.07.2016 ൽ ഓഡിറ്റ് എൻക്വയറി നമ്പർ – 6 നല്കിയിരുന്നു. എന്നാൽ പ്രസ്തുത ഓഡിറ്റ് എൻക്വയറിയ്ക്ക് വിശദീകരണം ലഭ്യമാക്കിയിരുന്നില്ല. അധികം നല്കിയ തുക തിരികെ ഈടാക്കുന്നത് വരെ അധികമായി നൽകിയ 55942/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 3-9 ഉത്തരവുകളെ മടികടന്നുള്ള വാഹനം വാങ്ങൽ– തുക തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ | 779/17 |
| വികസനഫണ്ട് | 6580557 |
| ചെലവ് | 1329691 |
| ചെക്ക്നമ്പർ/തീയതി | 132969/31.03.17 |

ശുചീകരണ പ്രവർത്തനങ്ങൾക്കായി ജെ.സി.ബി, ജലസംരക്ഷണത്തിനായി പോളവാരുന്നതിനായി എക്സലേറ്റർ/ ജംഗാർ എന്നീ വാഹനങ്ങൾ വാങ്ങുന്നതിന് നഗരസഭ 2016-17 സാമ്പത്തികവർഷം പദ്ധതി ആവിഷ്കരിച്ചു. വികസനഫണ്ടിൽ നിന്നും 6580557 രൂപ വകയിരുത്തുകയും പദ്ധതിപ്രവർത്തനത്തിന്റെ ഭാഗമായി

ആകെ 1329691 രൂപ ചെക്ക് നമ്പർ 132969/31.03.17 പ്രകാരം ചെലവഴിക്കുകയും ചെയ്തു.

പദ്ധതിപ്രകാരമുള്ള വാഹനങ്ങൾ വാങ്ങുന്നതിന്റെ അനുമതിയ്ക്കായി നഗരസഭാസെക്രട്ടറി തദ്ദേശസ്വയംഭരണവകുപ്പ് സെക്രട്ടറിയ്ക്ക് 06.03.17 ൽ (ജി-12-5670/17) കത്ത് എഴുതി. തുടർന്ന് ചെയർ പേഴ്സൺ 10.03.2017ന് തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കും, തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രിക്കും കത്തെഴുതുകയുണ്ടായി. എന്നാൽ 15.03.2017 ലെ സംസ്ഥാന കോർഡിനേഷൻ സമിതി തീരുമാന നമ്പർ 3.79, 3.80 പ്രകാരം കോട്ടയം നഗരസഭയ്ക്ക് വാഹനം വാങ്ങുന്നതിനുള്ള അനുമതി നിരസിച്ചുകൊണ്ട് തീരുമാനം എടുത്തു.

സംസ്ഥാന കോർഡിനേഷൻ സമിതിയുടെ 01.02.2017 ലെ 2.4 തീരുമാനപ്രകാരം തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് വാഹനം വാങ്ങുന്നതിനായി പുതിയ റേറ്റ് തീരുമാനിക്കുന്നതിന് ധനവകുപ്പിന്റെ അനുമതിയ്ക്കായി ഫയൽ കൈമാറാൻ തീരുമാനിച്ചിരുന്നു. ഇതേ തീയതിയിലെ തന്നെ 2.7 നമ്പർ തീരുമാനപ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മാലിന്യ സംസ്കരണത്തിന് സർക്കാർ അനുമതിയില്ലാതെ പുതിയ വാഹനം വാങ്ങാവുന്നതല്ല എന്നും ഈ ആവശ്യത്തിലേക്കായി വാഹനം വാടകയ്ക്ക് എടുത്ത് ഉപയോഗിക്കണം എന്നും നിർദ്ദേശിച്ചിരുന്നു.

സ.ഉ(എം.എസ്)നമ്പർ 86/06 തസ്വഭവ തീ.31.03.2006 ലെ ഉത്തരവുപ്രകാരം ശുചീകരണ ആവശ്യങ്ങൾക്കുള്ള വാഹനം വാങ്ങിക്കാൻ നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. ഈ ഉത്തരവ് പ്രകാരമാണ് നഗരസഭ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയത്. 29.03.17 ലെ നഗരസഭ പർച്ചേസ് കമ്മറ്റിയുടെ 3ാം നമ്പർ തീരുമാനപ്രകാരം ഡി.ജി.എസ്&ഡി റേറ്റ് പ്രകാരം ജെ.സി.ബി ഇൻഡ്യ ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും 2ബി x ബാക്ക് ലോഡർ ജെസി.ബി.വാങ്ങി.നഗരസഭയുടെ ശുചീകരണ ജോലികൾക്ക് വേണ്ടിമാത്രമായി പ്രസ്തുത വാഹനം ഉപയോഗിക്കുന്നതിനാൽ നികുതിയിൽ നിന്ന് ഒഴിവാക്കിത്തരുന്നതിന് കോട്ടയം ആർ.ടി.ഒ യോട് രേഖാമൂലം ആവശ്യപ്പെടുകയും ചെയ്തു. 19125രൂപ മുടക്കി യുണൈറ്റഡ് ഇൻഷുറൻസിൽ നിന്നും വാഹനത്തെ ഇൻഷുർ ചെയ്യുകയും 3200 രൂപ ചെലവഴിച്ച് (ചെക്ക് നമ്പർ-017536 /26.05.2017)വാഹനത്തിന്റെ റജിസ്ട്രേഷൻ നടത്തി നിരത്തിലിറക്കുകയും ചെയ്തു.

കോർഡിനേഷൻ കമ്മറ്റി നഗരസഭയുടെ കത്ത് വിശദമായി പരിശോധിച്ചതിന്മേൽ എടുത്ത 15.03.2017 ലെ തീരുമാനത്തെ മറികടന്നുകൊണ്ടാണ് ശുചീകരണ പ്രവർത്തനങ്ങൾക്കായി നഗരസഭ വാഹനം വാങ്ങിയത്. ക്രമരഹിതമായ നടപടിയിലൂടെ നടത്തിയ വാങ്ങലിന് സാധൂകരണം ലഭിക്കുന്നത് വരെ ആകെ ചെലവഴിച്ച 1352016 രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## **3-10** സോഫ്റ്റ്‌വെയർ ടെക്നോളജി പാർക്ക്- പദ്ധതി ഉപേക്ഷിച്ചിട്ടും പദ്ധതിക്കായി വാങ്ങിയിട്ടുള്ള ഉപകരണങ്ങൾ യഥാസമയം ഏറ്റെടുത്തിരുന്നില്ല-**7,47,623/-** രൂപയുടെ ഉപകരണങ്ങൾ ഉപയോഗശൂന്യമായി-**40760/-** രൂപയുടെ ഉപകരങ്ങൾ ഇതുവരെ ഏറ്റെടുത്തിട്ടില്ല

a) ഉപകരണങ്ങൾ ഏറ്റെടുത്തതിൽ വന്ന കാലതാമസം മൂലം 7,47,623/- രൂപയുടെ ഉപകരണങ്ങൾ ഉപയോഗശൂന്യമായി

1998-99 വർഷത്തെ ജനകീയാസൂത്രണ പദ്ധതിയിലുൾപ്പെടുത്തി നഗരസഭയുടെ കീഴിലുള്ള റസ്റ്റ്ഹൗസിൽ ആരംഭിക്കുവാൻ ഉദ്ദേശിച്ചിരുന്ന സോഫ്റ്റ്‌വെയർ ടെക്നോളജി പാർക്ക് എന്ന പദ്ധതി സ്വകാര്യ സംരംഭകരുടെ അഭാവത്തിൽ നടപ്പിലാക്കുവാൻ സാധിക്കാതെ വരികയും 31.07.04ലെ 18348/ഡി.പി/3/04 ത.സ്വ.ഭ.വ. ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഉപേക്ഷിച്ചിട്ടുള്ളതുമാണ്. എന്നാൽ പദ്ധതിക്കായി വാങ്ങിയിട്ടുള്ള ഉപകരണങ്ങൾ 10 വർഷങ്ങൾക്കുശേഷമാണ് മുനിസിപ്പാലിറ്റി നിർവഹണ ഏജൻസിയിൽ നിന്നും ഏറ്റെടുത്തിട്ടുള്ളത്. ഏറ്റെടുക്കുന്നതിലുണ്ടായ കാലതാമസം മൂലം ഉപകരണങ്ങൾ നിലവിൽ പ്രവർത്തനരഹിതമാണ്. 12-11-98 ലെ 2ാം നമ്പർ മുനിസിപ്പൽ കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അംഗീകാരം ലഭിച്ചിട്ടുള്ള മേൽ പദ്ധതിയുടെ നിർവഹണവുമായി ബന്ധപ്പെട്ട് സോഫ്റ്റ്‌വെയർ ടെക്നോളജി പാർക്ക് ഇൻഡ്യാ പാർക്ക് എന്ന സ്ഥാപനവുമായി 23-12-98 ൽ ഒരു മീറ്റിംഗ് നടത്തുകയും 01-02-99 ൽ അവരുമായി എം.ഒ.യു.(മെമ്മോറാംണ്ടം ഓഫ് അണ്ടർസ്റ്റാന്റിംഗ്) ഒപ്പിടുകയും ചെയ്തിരുന്നു. എന്നാൽ പ്രസ്തുത എം.ഒ.യു. പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഫയൽ പരിശോധിച്ചതിൽ പദ്ധതിയുടെ

വിജയസാധ്യതകളെപ്പറ്റിയോ പദ്ധതി നിർവഹണത്തിൽ ഉണ്ടായേക്കാവുന്ന സാങ്കേതിക ആവശ്യകതകളെപ്പറ്റിയോ യാതൊരു പഠനവും നടത്തിയിട്ടുള്ളതായി കാണുന്നില്ല. പദ്ധതിക്ക് ആവശ്യമായിട്ടുള്ള ഉപകരണങ്ങൾ വാങ്ങി യഥാസമയം വിതരണം നടത്തുന്നതിനായി സോഫ്റ്റ്‌വെയർ ടെക്നോളജി പാർക്ക് ഇൻഡ്യാ എന്ന സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളതായും കാണുന്നില്ല.

സോഫ്റ്റ്‌വെയർ ടെക്നോളജി പാർക്ക് പദ്ധതിക്കായി മുനിസിപ്പാലിറ്റി ആകെ 31,86,813/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 15,00,000/- രൂപ പ്രസ്തുത പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി റൗട്ടർ, മോഡം, സർവർ, യു.പി.എസ് എന്നിവ ഉൾപ്പെടെയുള്ള ഉപകരണങ്ങൾ വാങ്ങുന്നതിലേക്കായി 15.03.99ൽ സോഫ്റ്റ്‌വെയർ ടെക്നോളജി പാർക്ക്സ് ഓഫ് ഇൻഡ്യ (എസ്.റ്റി.പി.ഐ) എന്ന സ്ഥാപനത്തിന് പ്ലാൻ ഫണ്ടിൽ നിന്നും അനുവദിച്ച നൽകിയിട്ടുണ്ട്. പദ്ധതി ഉപേക്ഷിക്കപ്പെട്ടപ്പോൾ മുനിസിപ്പാലിറ്റിയിൽ നിന്നും എസ്.റ്റി.പി.ഐ.-റ്റി. കൈപ്പറ്റിയിട്ടുള്ള 15,00,000/- രൂപയുടെ ചെലവ് രേഖകൾ ആവശ്യപ്പെട്ട് മുനിസിപ്പൽ സെക്രട്ടറി എസ്.റ്റി.പി.ഐ.-റ്റി. യ്ക്ക് 24.11.05ൽ കത്ത് നൽകിയിരുന്നു. (31.07.04ലെ മേൽ സർക്കാർ ഉത്തരവു പ്രകാരം പദ്ധതി ഉപേക്ഷിക്കപ്പെട്ടിരുന്നുവെങ്കിലും 24.11.05 ൽ മാത്രമാണ് തുടർ നടപടികൾ കൈക്കൊണ്ടിട്ടുള്ളത്.) പ്രസ്തുത കത്തിന് മറുപടിയായി 7,47,623/- രൂപ സോഫ്റ്റ്‌വെയർ ടെക്നോളജി പാർക്കിലേയ്ക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനായും 1,26,157/- രൂപ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കായും വിനിയോഗിച്ചിട്ടുണ്ടെന്ന മറുപടിയും ബാക്കിയുള്ള 6,26,220/- രൂപയുടെ ഡി.ഡി. യും എസ്.റ്റി.പി.ഐ.-റ്റി. മുനിസിപ്പാലിറ്റിയിലേയ്ക്ക് അയച്ച നൽകിയിരുന്നു. തുടർന്ന് സോഫ്റ്റ്‌വെയർ ടെക്നോളജി പാർക്കിലേയ്ക്ക് വേണ്ടി വാങ്ങിയിട്ടുള്ള ഉപകരണങ്ങൾ കൈപ്പറ്റുന്നതിന് 21.05.08ൽ മുനിസിപ്പൽ സെക്രട്ടറി മുനിസിപ്പൽ എഞ്ചിനീയർക്ക് കത്ത് മുഖേന നിർദ്ദേശം നൽകിയിരുന്നു. എന്നാൽ 30.06.11ൽ മാത്രമാണ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഓവർസിയർ എന്നിവർ മേൽ സാധനങ്ങൾ കൈപ്പറ്റുന്നതിനായി എസ്.റ്റി.പി.ഐ.-റ്റി. യിൽ പോയിട്ടുള്ളത്. ഉപകരണങ്ങൾ പ്രവർത്തനക്ഷമമല്ല എന്ന കണ്ട് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഓവർസിയർ എന്നിവർ പ്രസ്തുത ഉപകരണങ്ങൾ കൈപ്പറ്റാതെ തിരികെ വരികയും ആയത് എസ്.റ്റി.പി.ഐ-റ്റി.യെ കത്ത് മുഖേന അറിയിക്കുകയും ചെയ്തിട്ടുണ്ട്. ഉപകരണങ്ങൾ വാങ്ങിയിട്ടുള്ളത് 1999-00 വർഷമാണെന്നും, ആയവ ഏറ്റെടുക്കാൻ വൈകിയതിലുള്ള കാലതാമസം മൂലമാണ് ഉപകരണങ്ങൾ നശിച്ചുപോയിട്ടുള്ളതെന്നും ആയതിന് എസ്.റ്റി.പി.ഐ.-റ്റി. ഉത്തരവാദിയല്ലായെന്നും ഉപകരണങ്ങൾ താമസംവിനാ തിരികെ കൈപ്പറ്റണം എന്നും എസ്.റ്റി.പി.ഐ.-റ്റി. മുനിസിപ്പാലിറ്റിയെ മറുപടി കത്തിൽ അറിയിച്ചിട്ടുണ്ട്. ഉപകരണങ്ങൾ വാങ്ങി യഥാസമയം വിതരണം നടത്തുന്നതിനായി എസ്.റ്റി.പി.ഐ.-റ്റി.യുമായി മുനിസിപ്പാലിറ്റി കരാറിൽ ഏർപ്പെട്ടിട്ടില്ലാത്തതിനാൽ പ്രസ്തുത സ്ഥാപനത്തിനെതിരെ നിയമനടപടികൾ സ്വീകരിക്കുവാൻ കഴിഞ്ഞിട്ടില്ല. തുടർന്ന് 16.10.14ൽ അസിസ്റ്റന്റ് എഞ്ചിനീയർ മുനിസിപ്പാലിറ്റിയ്ക്കുവേണ്ടി മേൽ ഉപകരണങ്ങൾ കൈപ്പറ്റിയിട്ടുണ്ട്.

31.07.04ൽ സർക്കാരിന്റെ അനുമതിയോടുകൂടി ഉപേക്ഷിക്കപ്പെട്ടിട്ടുള്ള മേൽ പദ്ധതിക്ക് വേണ്ടി വാങ്ങിയിട്ടുള്ള ഉപകരണങ്ങൾ 10 വർഷങ്ങൾക്കുശേഷമാണ് മുനിസിപ്പാലിറ്റി എസ്.റ്റി.പി.ഐ-റ്റി യിൽ നിന്നും തിരികെ കൈപ്പറ്റുന്നത്. ഉപകരണങ്ങൾ വീണ്ടെടുക്കുന്നതിൽ ഉദ്യോഗസ്ഥതലത്തിലുണ്ടായ കാലതാമസംമൂലം ഉപകരണങ്ങൾ പ്രവർത്തനക്ഷമമല്ലാതാകുകയും അതുവഴി പദ്ധതിപണം നഷ്ടമാകുകയും ചെയ്തിരിക്കുന്നു. ആയത് ഗുരുതരമായ കൃത്യവിലോപമായി ഓഡിറ്റിൽ വിലയിരുത്തുന്നു. 16.10.14ൽ ഉപകരണങ്ങളുടെ പേര് വിവരം, സീരിയൽ നമ്പർ, തുക എന്നിവ മുനിസിപ്പാലിറ്റിക്ക് എസ്.റ്റി.പി.ഐ.-റ്റി. കൈമാറിയിരുന്നു എങ്കിലും നാളിതുവരെ ഇവ ലേലം ചെയ്ത് നൽകിയിട്ടില്ല. ഉപയോഗശൂന്യമായ മേൽ ഉപകരണങ്ങൾ ഇപ്പോൾ നഗരസഭയിൽ പൊടിപിടിച്ച കിടക്കുകയാണെന്നും എക്സിക്യൂട്ടീവ് എഞ്ചിനീയർ 01.03.17ലെ പി.ഡബ്ല്യു.2(ജി.12)-14925/98 നമ്പർ കത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. ഏറ്റെടുത്തിട്ടുള്ള ഉപകരണങ്ങൾ എത്രയും വേഗം ലേലം ചെയ്ത നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഉത്തരവാദികളായ ഉദ്യോഗസ്ഥരുടെ ബാധ്യതയായി കണക്കാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

b) <u>ഉപകരണങ്ങൾ പൂർണ്ണമായും ഏറ്റെടുത്തിരുന്നില്ല-40760/- രൂപയുടെ ഉപകരങ്ങൾ നഷ്ടമായി</u>

മുനിസിപ്പൽ സെക്രട്ടറിയുടെ 06.02.08ലെ ജി.12-14925/97 കത്ത് പ്രകാരം മുനിസിപ്പാലിറ്റിയിൽ നിന്നും കൈപ്പറ്റിയിട്ടുള്ള 15,00,000/- രൂപയിൽ നിന്നും എസ്.റ്റി.പി.ഐ.-റ്റി. സോഫ്റ്റ്‌വെയർ ടെക്നോളജി പാർക്കിനുവേണ്ടി വാങ്ങിയിട്ടുള്ള ഉപകരണങ്ങളിൽ റസ്റ്റ്ഹൗസിൽ സ്ഥാപിച്ചിട്ടുള്ള എയർകണ്ടീഷനർ (2 ടൺ), ഓഫീസ് ഫർണ്ണിച്ചറുകൾ എന്നിവയൊഴികെ ചുവടെ ചേർക്കുന്നവ മുനിസിപ്പാലിറ്റിയ്ക്ക് തിരികെ

ലഭ്യമാക്കണമെന്ന് എസ്.റ്റി.പി.ഐ.-റ്റി. യോട് ആവശ്യപ്പെട്ടിരുന്നു.

| ക്രമ നം. | ഉപകരണങ്ങളുടെ വിശദാംശങ്ങൾ | എണ്ണം | തുക |
|---|---|---|---|
| 1 | Cisco Router with Accessories | 2 Nos | 2,75,370/- |
| 2 | Modem 64 Kbps | 4 Nos | 2,75,515/- |
| 3 | D Limk hub – 16 part | 1 No | 13,955/- |
| 4 | Compaq PC server | 1 No | 6,000/- |
| 5 | UPS (1KVA, 5KVA each) | 2 Nos | 35,260/- |
| 6 | Voltage stabilizer 4 KVA | 1No | 5,500/- |
| ആകെ | | | 6,11,600/- |

എന്നാൽ 16.10.14ൽ അസിസ്റ്റന്റ് എഞ്ചിനീയർ മുനിസിപ്പാലിറ്റിയ്ക്കുവേണ്ടി എസ്.റ്റി.പി.ഐ.-റ്റി. യിൽ നിന്നും ഏറ്റെടുത്തിട്ടുള്ള ഉപകരണങ്ങളിൽ മേൽ കത്തിൽ സൂചിപ്പിച്ചിട്ടുള്ള UPS (1KVA, 5KVA each), Voltage stabilizer 4 KVA എന്നിവ ഉൾപ്പെട്ടിട്ടുള്ളതായി കാണുന്നില്ല. പ്രസ്തുത ഉപകരണങ്ങൾ ഇതിനു മുന്നേ മുനിസിപ്പാലിറ്റിയിൽ ലഭിച്ചിട്ടുള്ളതിന്റേയോ ആയവ സ്റ്റോക്കിൽ എടുത്തിട്ടുള്ളതിന്റേയോ വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. മേൽ അപാകതയ്ക്ക് വിശദീകരണം അവശ്യപ്പെട്ട് 03-11-17 ൽ ഓഡിറ്റ് എൻക്വയറി നം.44 നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിരുന്നില്ല. ഉപകരണങ്ങൾ എസ്.റ്റി.പി.ഐ.-റ്റി. യിൽ നിന്നും ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ഉടനടി സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഉത്തരവാദികളായ ഉദ്യോഗസ്ഥരുടെ ബാധ്യതയായി കണക്കാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## **3-11** <u>കൃഷി ഓഫീസർ നടപ്പിലാക്കിയിട്ടുള്ള നെൽകൃഷി വികസന പദ്ധതി - നെൽ വിത്തുകൾ സർക്കാർ അംഗീകൃത ഫാമുകളിൽ നിന്നും വാങ്ങിയില്ല-വാങ്ങിയ വിത്തുകൾക്ക് ഉയർന്ന തുക നൽകിയിരിക്കുന്നു-**6,17,000/-** രൂപ നിരാകരിക്കുന്നു.</u>

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി 2016-17 വർഷം നടപ്പിലാക്കിയിട്ടുള്ള നെൽകൃഷി വികസന പദ്ധതി (ജനറൽ) എന്ന പ്രോജക്ടിൽ നെൽ വിത്തുകൾ സർക്കാർ അംഗീകൃത ഫാമുകളിൽ നിന്നും വാങ്ങിയിട്ടുള്ളതായോ, വാങ്ങിയ വിത്തുകളുടെ ഗുണനിലവാരം പരിശോധിച്ചിട്ടുള്ളതായോ കാണുന്നില്ല. കൂടാതെ വിത്തുകൾക്ക് സർക്കാർ അംഗീകരിച്ചിട്ടുള്ളതിനേക്കാൾ ഉയർന്ന നിരക്കും നൽകിയിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കൃഷി ഓഫീസർ നടപ്പിലാക്കിയിട്ടുള്ള മേൽ പ്രോജക്ട് പ്രകാരം (പ്രോജക്ട് നം. SO438/17) ആകെ 3512060/- രൂപ ചെലവഴിച്ച് 93790 Kg നെൽ വിത്തുകൾ വാങ്ങി നഗരസഭാ പരിധിയിലുള്ള വിവിധ പാടശേഖര

സമിതികൾക്ക് വിതരണം നടത്തിയിട്ടുണ്ട്. ആയതിൽ 91600 Kgനെൽവിത്തുകൾ നാട്ടകം സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് മുഖേനയും, ബാക്കിയുള്ള 2190 Kg നെൽവിത്തുകൾ കേരള സ്റ്റേറ്റ് സീഡ് അതോറിട്ടി മുഖേനയും ആണ് വാങ്ങി വിതരണം നടത്തിയിട്ടുള്ളത്. ഗുണമേന്മ ഉറപ്പാക്കുംവിധം പ്രസ്തുത വിത്തുകൾ സർക്കാർ ഫാമിൽ നിന്നോ അംഗീകൃത വിത്തുല്പാദകരിൽ നിന്നോ വാങ്ങി കർഷകർക്ക് നൽകേണ്ടതിനു പകരം നാട്ടകം കൃഷിഭവന്റെ പരിധിയിൽ വരുന്ന പാടശേഖര സമിതികൾക്ക് വിത്തുകൾ നാട്ടകം സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് മുഖേന വാങ്ങി വിതരണം ചെയ്തിരിക്കുന്നു. നെൽവിത്തുകൾ സംഭരിച്ച് വിതരണം ചെയ്യുന്നതിന് നാട്ടകം സർവ്വീസ് കോപ്പറേറ്റീവ് ബാങ്കിന് അനുമതി നൽകികൊണ്ടുള്ള സർക്കാർ ഉത്തരവുകളൊന്നും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. കേരള കാർഷിക സർവ്വകലാശാലയുടെ നിർദ്ദേശ പ്രകാരം വിതരണം ചെയ്യുന്ന വിത്തുകൾക്ക് കുറഞ്ഞത് 80 ശതമാനമെങ്കിലും അങ്കുരണ ശേഷി ഉണ്ടായിരിക്കണം. എന്നാൽ നാട്ടകം സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് മുഖേന വിതരണം ചെയ്തിട്ടുള്ള നെൽവിത്തുകളുടെ അങ്കുരണ ശേഷി ശാസ്ത്രീയമായി തെളിയിച്ചിട്ടുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല.

നടീൽ വസ്തുക്കളുടേയും, വിൽപ്പന വസ്തുക്കളുടേയും വിലകൾ പുനർനിർണ്ണയിച്ചുകൊണ്ട് അഗ്രിക്കൾച്ചർ ഡയറക്ടർ 01.08.15ൽ പുറത്തിറക്കിയിട്ടുള്ള വിലവിവര പട്ടിക പ്രകാരം ഒരു കിലോഗ്രാം നെൽവിത്തിനു നൽകാവുന്ന പരമാവധി വില 30/- രൂപ മാത്രമാണ്. എന്നാൽ മേൽ പ്രോജക്റ്റ് പ്രകാരം 30/- രൂപയിൽ കൂടുതൽ തുക ഒരു കിലോഗ്രാം നെൽവിത്ത് വാങ്ങുന്നതിനായി ചെലവഴിച്ചിരിക്കുന്നു. നെൽവിത്ത് വാങ്ങുന്നതിലേക്കായി ചെലവഴിച്ചിട്ടുള്ള തുകയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | നെൽവിത്ത് വിതരണം ചെയ്തിട്ടുള്ള സ്ഥാപനം | വിതരണം ചെയ്തിട്ടുള്ള നെൽവിത്തിന്റെ അളവ് (Kg) | നൽകിയ തുക (₹) | നൽകാവുന്ന തുക (₹) | അധികം നൽകിയ തുക (₹) | ബിൽ നം./തീയതി |
|---|---|---|---|---|---|---|
| | a | b | c | d | e = (c-d) | f |
| 1 | നാട്ടകം സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് | 91600 | 91600 x 36.5 = 3343400 | 91600 x 30 = 2748000 | 5,95,400 | 01/16-17<br>03.03.17 |
| 2 | കേരള സ്റ്റേറ്റ് സീഡ് അതോറിട്ടി | 1260 | 1260 x 40 = 50400 | 1260 x 30 = 37800 | 12,600 | 02/16-17<br>25.03.17 |
| 3 | കേരള സ്റ്റേറ്റ് സീഡ് അതോറിട്ടി | 900 | 900 x 40 = 36000 | 900 x 30 = 27000 | 9,000 | 03/16-17<br>25.03.17 |
| ആകെ | | | | | 6,17,000 | |

സർക്കാർ അംഗീകരിച്ചിട്ടുള്ള നിരക്കിനു വിരുദ്ധമായി നെൽവിത്തുകൾ വാങ്ങിയതുമൂലം 6,17,000/- രൂപ അധികം നൽകേണ്ടിവന്നിരിക്കുന്നു. സർക്കാർ അംഗീകാരമില്ലാത്ത സ്ഥാപനത്തിൽ നിന്നും നെൽവിത്ത് വാങ്ങിയതിനും അധിക നിരക്ക് അനവദിച്ചതിനും വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് 11.08.2017 ൽ

ഓഡിറ്റ് എൻക്വയറി നം.20 നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത തുക 6,17,000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-12 വാഴക്കന്ന് വിതരണം-പദ്ധതി നടത്തിപ്പിൽ അപാകത-33,222/-രൂപ നിരാകരിക്കുന്നു

a)സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ആനുകൂല്യം വിതരണം ചെയ്തു-3,225/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.

2016-17 വർഷം കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി വാഴക്കന്ന് വിതരണം (ജനറൽ വിഭാഗം) എന്ന പ്രോജക്ടിൽ (പ്രോജക്ട് നം. SO442/17) സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ആനുകൂല്യം വിതരണം ചെയ്തിരിക്കുന്നു. 11.01.16ലെ ജി.ഒ(എം.എസ്) 04/16-ാം നമ്പർ സബ്സിഡി മാർഗ്ഗരേഖകൾ പ്രകാരം വാഴക്കന്ന് വാങ്ങി വിതരണം നടത്തുമ്പോൾ ഗുണഭോക്താക്കൾക്ക് നൽകാവുന്ന സബ്സിഡി നിരക്കിന്റെ ഉയർന്ന പരിധി 75% ഉം ഒരു കർഷകന് സബ്സിഡിയിനത്തിൽ അനുവദിക്കാവുന്ന തുക പരമാവധി 2,500/- രൂപയുമാണ്. എന്നാൽ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾക്ക് അനുവദനീയമായ സബ്സിഡി പരിധി കടന്ന് സബ്സിഡി ആനുകൂല്യം നൽകിയിരിക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേരും മേൽവിലാസവും | കൈപ്പറ്റിയിട്ടുള്ള വാഴക്കന്നുകളുടെ എണ്ണം | വാഴക്കന്നുകളുടെ ആകെ തുക (കന്ന് ഒന്നിന് 18/- രൂപ ക്രമത്തിൽ) | നൽകാവുന്ന സബ്സിഡി തുക | നൽകിയിട്ടുള്ള സബ്സിഡി തുക | അധികം നൽകിയിട്ടുള്ള സബ്സിഡി തുക |
|---|---|---|---|---|---|---|
| 1 | കേശവക്കുറുപ്പ്, അമ്പഴത്തുങ്കൽ, ചിങ്ങവനം. | 250 | 250x 18 = 4500 | 2500/- (പരമാവധി സബ്സിഡി തുക) | 3375/- | 875 |
| 2 | സുജാത.പി.നായർ, കറത്തേടം, മൂലവട്ടം. | 200 | 200x18= 3600 | 2500/- (പരമാവധി സബ്സിഡി തുക) | 2700/- | 200 |
| 3 | മാത്യു, കടായിത്തറ, ചിങ്ങവനം. | 200 | 200x18= 3600 | 2500/- (പരമാവധി സബ്സിഡി തുക)2700 | 2700/- | 200 |
| 4 | ഫിലിപ്പ് തോമസ്, കേളചന്ദ്ര, ചിങ്ങവനം. | 200 | 200x18= 3600 | 2500/- (പരമാവധി സബ്സിഡി തുക) | 2700/- | 200 |
| 5 | ചാക്കോ, വാഴച്ചിറ, ചിങ്ങവനം. | 300 | 300x18= 5400 | 2500/- (പരമാവധി സബ്സിഡി | 4050/- | 1550 |

| | | | | | | |
|---|---|---|---|---|---|---|
| | | | | തുക) | | |
| 6 | തോമസ് ജോർജ്, കണ്ണാമ്പുരം, പള്ളം. | 200 | 200x18= 3600 | 2500/- (പരമാവധി സബ്സിഡി തുക) | 2700/- | 200 |
| ആകെ | | | | | | 3,225/- |

അധിക സബ്സിഡിയിനത്തിൽ അനുവദിച്ചിട്ടുള്ള 3,225/- രൂപ സബ്സിഡി മാർഗ്ഗരേഖകൾ അനുസരിച്ച് മേൽ ഗുണഭോക്താക്കളിൽ നിന്നും ഈടാക്കേണ്ടതിനു പകരം വികസനഫണ്ടിൽ നിന്നും പിൻവലിച്ച് ചെലവാക്കിയിട്ടുള്ളതിനു വിശദീകരണം ആവശ്യപ്പെട്ട് 19.08.2017 ൽ ഓഡിറ്റ് എൻക്വയറി നം.24 നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത തുക 3,225/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

b) സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതിക്കു ചെലവായിട്ടുള്ള മുഴുവൻ തുകയും വികസന ഫണ്ടിൽ നിന്നും പിൻവലിച്ചിരിക്കുന്നു

മേൽ പ്രോജക്ടിൽ കർഷകർക്കായി വാങ്ങി വിതരണം ചെയ്യുന്ന വാഴക്കന്നുകളുടെ വിലയുടെ 75% തുക (ഒരു കർഷകന് പരമാവധി 2,500/- രൂപ വരെ) സബ്സിഡി ഇനത്തിൽ വികസനഫണ്ടിൽ നിന്നും ബാക്കി വരുന്ന തുക ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃവിഹിതമിനത്തിലും പിരിച്ചെടുത്ത് തദ്ദേശസ്വയംഭരണ സ്ഥാപനം നൽകണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. എന്നാൽ പ്രസ്തുത വ്യവസ്ഥയ്ക്ക് വിരുദ്ധമായി പദ്ധതിക്കു ചെലവായിട്ടുള്ള മുഴുവൻ തുകയും വികസന ഫണ്ടിൽ നിന്നും പിൻവലിച്ചിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കോട്ടയം മുനിസിപ്പാലിറ്റിയുടെ പരിധിയിൽ വരുന്ന നാട്ടകം, കുമാരനല്ലൂർ, കോട്ടയം എന്നീ കൃഷിഭവനുകൾ വഴി കർഷകർക്ക് വിതരണം ചെയ്യുന്നതിനായി വെജിറ്റബിൾ ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളയിൽ നിന്നും 5000 വാഴക്കന്നുകൾ കന്ന് ഒന്നിന് 18/- രൂപ ക്രമത്തിൽ ആകെ 89,991/- രൂപയ്ക്ക് (90,000/- രൂപയിൽ 89,991/- രൂപ മാത്രമേ നൽകിയിട്ടുള്ളൂ)വാങ്ങിയിട്ടുണ്ട്. കർഷകരിൽ നിന്നുള്ള ഗുണഭോക്തൃ വിഹിതം കിഴിച്ച് സബ്സിഡി ഇനത്തിൽ ഒരു കർഷകന് പരമാവധി 2,500/- രൂപ കണക്കാക്കി വികസന ഫണ്ടിൽ നിന്നും പിൻവലിക്കേണ്ട തുക 64,268/- രൂപ ആണ്. എന്നാൽ വെജിറ്റബിൾ ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളയ്ക്ക് നൽകുന്നതിനായി മുഴുവൻ തുകയും (89,991/- രൂപ) വികസനഫണ്ടിൽ നിന്നും 25.03.17ൽ ബിൽ നം. 06/16-17 പ്രകാരം ട്രഷറിയിൽ നിന്നും പിൻവലിച്ചിരിക്കുന്നു. കൂടാതെ വാഴക്കന്നുകളുടെ വില മേൽ സ്ഥാപനത്തിനു നൽകിയിട്ടുള്ളതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

വാഴക്കന്നുകൾ കൈപ്പറ്റിയിട്ടുള്ള കർഷകരിൽ നിന്നും ഗുണഭോക്തൃവിഹിതമിനത്തിൽ പിരിച്ചെടുത്ത് നഗരസഭയുടെ തനത് ഫണ്ടിൽ ഒടുക്കിയിട്ടുള്ള തുകയിൽ നിന്നും 29,997/- രൂപ ഡി.ഡി. നം. 17512/17.05.17 പ്രകാരം കൃഷി ഓഫീസർ വെജിറ്റബിൾ ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളയിൽ വീണ്ടും ഒടുക്കിയിട്ടുള്ളതായി കാണിച്ചിട്ടുണ്ട്. വിതരണം ചെയ്തിട്ടുള്ള മുഴുവൻ വാഴക്കന്നുകളുടേയും തുക (89,991/- രൂപ) വെജിറ്റബിൾ ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന് നൽകുന്നതിനായി വികസനഫണ്ടിൽ നിന്നും പിൻവലിച്ചു നൽകിയശേഷം ഈ ഇനത്തിൽ തനത് ഫണ്ടിൽ നിന്നും സബ്സിഡി തുക കൂടി പിൻവലിച്ചു നൽകിയിട്ടുള്ളത് ക്രമവിരുദ്ധമാണ്. പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി പണം മുഴുവനും വികസന ഫണ്ടിൽ നിന്നും പിൻവലിച്ച് ചെലവഴിച്ചിട്ടുള്ളതിനും പദ്ധതിക്കായി അധിക തുക പിൻവലിച്ചതും സംബന്ധിച്ച് 19.08.2017 ൽ ഓഡിറ്റ് എൻക്വയറി നം. 24 നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. സബ്സിഡി തുക ഒഴിവാക്കി മുഴുവൻ തുകയും വികസന ഫണ്ടിൽ നിന്നും പിൻവലിച്ചിട്ടുള്ളതിനു ക്ഷമതയുള്ള അധികാരികളിൽ നിന്നും സാധൂകരണം വാങ്ങേണ്ടതാണ്. കൂടാതെ അധികമായി നൽകിയിട്ടുള്ള 29,997/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ഈ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) റൂൾസ്, 2007ലെ റൂൾ 18 പ്രകാരം മുനിസിപ്പാലിറ്റിയിലേക്ക് വരേണ്ടതായ ഏതൊരു വരവും മുനിസിപ്പാലിറ്റി രസീത് മുഖേന മാത്രമേ പിരിക്കുവാൻ പാടുള്ളൂ. എന്നാൽ കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥായായി നടപ്പിലാക്കിയിട്ടുള്ള വാഴക്കന്ന് വിതരണം, ഗ്രോ ബാഗ് വിതരണം എന്നീ പ്രോജക്ടുകളിൽ ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃവിഹിതം പിരിച്ചശേഷം രസീതു നൽകിയിട്ടില്ല. വിതരണ രജിസ്റ്ററിൽ ഗുണഭോക്താവിന്റെ പേരിനു നേരെ പിരിച്ച തുക എഴുതി ചേർക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. തന്മൂലം ഗുണഭോക്തൃവിഹിതമായി പിരിച്ചെടുത്തിട്ടുള്ള തുക, തുക പിരിച്ചെടുത്തിട്ടുള്ള തീയതി എന്നിവയുടെ കൃത്യത, ഓഡിറ്റിൽ ഉറപ്പാക്കാൻ സാധിച്ചിട്ടില്ല. മേലിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതും ഗുണഭോക്തൃവിഹിതം രസീത് മുഖേന പിരിച്ചെടുക്കേണ്ടതുമാണ്.

## 3-13 സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ഐ.സിഡി.എസ് ഓഫീസിലേക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങി-1,49,469/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2016-17വർഷം കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി സി.ഡി.പി.ഒ നടപ്പിലാക്കിയിട്ടുള്ള പ്രോജക്ടിൽ സർക്കാർ ഉത്തരവിനു വിരുദ്ധമായി സാധനസാമഗ്രികൾ ടെണ്ടർ ക്ഷണിക്കാതെ വാങ്ങിയിരിക്കുന്നു. സി.ഡി.പി.ഒ-യുടെ കുമാരനല്ലൂർ ഓഫീസിൽ ഓഡിറ്റ് ടീം നടത്തിയിട്ടുള്ള പ്രാദേശിക പരിശോധനയിൽ ഇവ നാളിതുവരെ ഉപയോഗിച്ചു തുടങ്ങിയിട്ടില്ലായെന്നും കണ്ടെത്തിയിട്ടുണ്ട്.

(പ്രോജക്റ്റ് നം. SO 201/17) പ്രകാരം പള്ളം അഡീഷണൽ ഐ.സിഡി.എസ് ഓഫീസിലേക്ക് കമ്പ്യൂട്ടർ, കമ്പ്യൂട്ടർ ടേബിൾ, ഫോട്ടോ കോപ്പിയർ മെഷീൻ എന്നിവ വാങ്ങുന്നതിനായി അനുമതി ലഭിച്ചിരുന്നു. 14.12.16ൽ കൂടിയ പർച്ചേസിംഗ് കമ്മിറ്റി മേൽ സാധനങ്ങൾ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസിൽ നിന്നും ടെണ്ടർ കൂടാതെ വാങ്ങുന്നതിന് തീരുമാനം എടുത്തിരുന്നു. ആയതനുസരിച്ച് കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് 23.12.16ൽ എയ്സർ കമ്പിനി നിർമ്മിതമായ കമ്പ്യൂട്ടർ, കമ്പ്യൂട്ടർ ടേബിൾ കോയിസേറ കമ്പിനി നിർമ്മിതമായ ഫോട്ടോ കോപ്പിയർ മെഷീൻ എന്നിവ വിതരണം ചെയ്തിട്ടുണ്ട്. ബിൽ തുകയായ 149469/- രൂപ 20.02.17ൽ ട്രഷറിയിൽ നിന്നും ബിൽ നം. MCB-6/16-17/0162 പ്രകാരം മേൽ സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് നൽകിയിട്ടുണ്ട്. പദ്ധതി സംബന്ധിച്ച ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ടെണ്ടർ കൂടാതെ സാധന സാമഗ്രികൾ സർക്കാർ/ അർദ്ധസർക്കാർ/ഗവൺമെന്റ് അംഗീകൃത സ്ഥാപനങ്ങളടക്കം ഉള്ള സ്ഥാപനങ്ങളിൽ നിന്നും വാങ്ങുമ്പോൾ അവർ സ്വന്തമായി നിർമ്മിക്കാത്ത സാധനസാമഗ്രികൾ സ്വകാര്യ സംരംഭകരിൽ നിന്നും വാങ്ങി നൽകുന്ന ഇടനിലക്കാരായി ഇത്തരം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ടെണ്ടർ ഒഴിവാക്കി വാങ്ങുന്ന സാധനസാമഗ്രികൾ മേൽപ്പറഞ്ഞ സ്ഥാപനങ്ങൾ സ്വയം നിർമ്മിക്കുന്നവയ്ക്ക് മാത്രമായി പരിമിതപ്പെടുത്തി 02.12.16ൽ സ.ഉ(സാധാ) നം. 3299/2016 ത.സ്വ.ഭ.വ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതിനുശേഷം ടെണ്ടർ കൂടാതെ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസിൽ നിന്നും മറ്റ് സ്വകാര്യ സംരംഭകരുടെ സാധനസാമഗ്രികൾ വാങ്ങിയിട്ടുള്ളത് ക്രമപ്രകാരമല്ല. ഇതു സംബന്ധിച്ച് 25.07.2017 ൽ നൽകിയിട്ടുള്ള ഓഡിറ്റ് എൻക്വയറി നം.15ന് മറുപടിയായി സ്റ്റോർ പർച്ചേസ് ഡിപ്പാർട്ട്മെന്റിൽ നിന്നും കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസിനു ടെണ്ടർ കൂടാതെ സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിനു 31/08/2018 വരെ റിന്യൂവൽ സർട്ടിഫിക്കറ്റ് ലഭിച്ചിരുന്നതിനാലാണ് ടെണ്ടർ കൂടാതെ സാധനങ്ങൾ വാങ്ങിയിട്ടുള്ളതെന്ന വിശദീകരണം ലഭിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സ്റ്റോർ പർച്ചേസുമായി ബന്ധപ്പെട്ട് മേൽ ഉത്തരവു വന്നിട്ടുള്ളതിനാൽ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസിനു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഒഴികെയുള്ളവയ്ക്ക് ടെണ്ടർ കൂടാതെ സാധനങ്ങൾ സപ്ലൈ ചെയ്യാവുന്നതും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ടെണ്ടർ മുഖേന മാത്രം സാധനങ്ങൾ സപ്ലൈ ചെയ്യേണ്ടതുമാണ്. ആയതിനാൽ മേൽ മറുപടി അംഗീകരിക്കാവുന്നതല്ല. സർക്കാർ ഉത്തരവിനു വിരുദ്ധമായി ചെലവഴിച്ച 1,49,469/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ക്ഷമതയുള്ള അധികാരികളിൽ നിന്നും സാധൂകരണം വാങ്ങി തടസ്സം ഒഴിവാക്കേണ്ടതാണ്.

ആവശ്യമായ ഇലക്ട്രിഫിക്കേഷൻ സംവിധാനങ്ങൾ ഒരുക്കാതെ കമ്പ്യൂട്ടർ, ഫോട്ടോ കോപ്പിയർ എന്നിവ

വാങ്ങിയതു മൂലം ഇവ നാളിതുവരെയായി ഇൻസ്റ്റാൾ ചെയ്തു പ്രവർത്തിപ്പിച്ചിട്ടില്ല. 22.07.17ൽ ഓഡിറ്റ് ടീം നടത്തിയിട്ടുള്ള പ്രാദേശിക പരിശോധനയിൽ ഉപകരണങ്ങൾ ഓഫീസിന്റെ ഒരു മൂലയിൽ സൂക്ഷിച്ചിരിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഇലക്ട്രിഫിക്കേഷൻ വർക്കുകൾക്കായി നഗരസഭയിൽ 2016-17 വർഷം പദ്ധതി തയ്യാറാക്കി ടെണ്ടർ ക്ഷണിച്ചിരുന്നതാണെന്നും ആരും ടെണ്ടർ സമർപ്പിക്കാതിരുന്നതിനാൽ പദ്ധതി 2017-18 വർഷത്തേക്ക് സ്പിൽ ഓവറായി ഉൾപ്പെടുത്തിയിട്ടുണ്ടെന്നും കരാർ എടുത്തിട്ടുള്ള വ്യക്തി പണി ആരംഭിച്ചിട്ടുണ്ടെന്നും മറുപടി ലഭിച്ചിട്ടുണ്ട്. കമ്പ്യൂട്ടർ, ഫോട്ടോ കോപ്പിയർ എന്നിവ നാളിതുവരെ പ്രവർത്തിപ്പിക്കാതിരുന്നതുമൂലം പ്രസ്തുത ഉപകരണങ്ങൾക്ക് വാറണ്ടി പീരിയഡിൽ ലഭിക്കേണ്ടിയിരുന്ന സർവ്വീസ് ആനുകൂല്യങ്ങൾ നഷ്ടമായിരിക്കുന്നു. മേൽ ഉപകരണങ്ങൾ വാങ്ങുന്നതിനു മുന്നേ ഭൗതിക സാഹചര്യങ്ങൾ ഒരുക്കാതിരുന്നത് പദ്ധതി ആസൂത്രണത്തിൽ വന്നിട്ടുള്ള പിഴവായി ഓഡിറ്റിൽ വിലയിരുത്തുന്നു. ഇലക്ട്രിഫിക്കേഷൻ വർക്കുകൾ എത്രയും വേഗം പൂർത്തിയാക്കി കമ്പ്യൂട്ടർ, ഫോട്ടോ കോപ്പിയർ എന്നിവ പ്രവർത്തനസജ്ജമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-14 വയോജന ക്ലബ്ബുകൾക്ക് ഫർണിച്ചർ വാങ്ങൽ - ആവശ്യകതയിൽ കൂടുതൽ കസേരകൾ വാങ്ങി- മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നില്ല

2016-17 വർഷം സി.ഡി.പി.ഒ നടപ്പിലാക്കിയിട്ടുള്ള പ്രോജക്ട് പ്രകാരം മുനിസിപ്പാലിറ്റിയുടെ പരിധിയിൽ പ്രവർത്തിക്കുന്ന അങ്കണവാടികളോട് അനുബന്ധിച്ച് രൂപീകരിച്ചിട്ടുള്ള വയോജന ക്ലബ്ബുകളിലേക്ക് ആവശ്യമായിട്ടുള്ളതിനേക്കാൾ കൂടുതൽ കസേരകൾ വാങ്ങി വിതരണം ചെയ്തിട്ടുള്ളതായി ഓഡിറ്റ് ടീം നടത്തിയിട്ടുള്ള പ്രാദേശിക പരിശോധനയിൽ കണ്ടെത്തി. വയോജന ക്ലബ്ബുകളുടെ, രൂപീകരണവും പ്രവർത്തനവുമായി ബന്ധപ്പെട്ട് സാമൂഹ്യനീതി വകുപ്പ് പുറത്തിറക്കിയിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഒന്നും തന്നെ പാലിക്കപ്പെട്ടതായും കാണുന്നില്ല. നഗരപരിധിയിലെ 3 അങ്കണവാടികളിൽ ഓഡിറ്റ് ടീം നടത്തിയിട്ടുള്ള പരിശോധനയിൽ കണ്ടെത്തിയ അപാകതൾ ചുവടെ ചേർക്കുന്നു.

വയോജന ക്ലബ്ബുകൾക്ക് പേര് നിശ്ചയിക്കുകയോ, പ്രസിഡന്റ്/സെക്രട്ടറി, വൈസ് പ്രസിഡന്റ് എന്നിവരെ തെരഞ്ഞെടുക്കുകയോ ചെയ്തിട്ടില്ല. എല്ലാ അംഗങ്ങളുടേയും പേരും മറ്റ് വിവരങ്ങളും രജിസ്റ്ററിൽ എഴുതി തയ്യാറാക്കിയിട്ടില്ല. കൃത്യമായി യോഗങ്ങൾ ചേരുകയോ, മിനിട്സ് തയ്യാറാക്കുകയോ ചെയ്യുന്നില്ല. മാസത്തിൽ ഒരു തവണ മീറ്റിംഗ് വിളിച്ചുകൂട്ടി പ്രവർത്തന കലണ്ടർ തയ്യാറാക്കുന്നില്ല. വൃദ്ധജനങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന വിരസതയിൽ നിന്നും ഒറ്റപ്പെടലിൽ നിന്നും മോചനത്തിന് വേണ്ട യാതൊരു പ്രവർത്തനങ്ങളും ക്ലബ്ബ് മുഖേന നടത്തപ്പെടുന്നില്ല. ഫലത്തിൽ ലക്ഷ്യം കൈവരിക്കാതെ നിഷ്ക്രിയാവസ്ഥയിൽ ആയിട്ടുള്ള ഈ വയോജന ക്ലബ്ബുകൾക്ക് 2016-17 വർഷം വയോജനങ്ങളുടെ ക്ഷേമം എന്ന പ്രോജക്ട് പ്രകാരം (പ്രോജക്ട് നം. SO 528/17 അടങ്കൽ തുക – 10,00,000/- രൂപ) 2500 കസേരകൾ വാങ്ങി നൽകിയിരിക്കുന്നു. പരിശോധനയ്ക്കായി തെരഞ്ഞെടുത്തിട്ടുള്ള 3 അങ്കണവാടികളിൽ വയോജന ക്ലബ്ബുകൾക്കായി ലഭിച്ചിട്ടുള്ള കസേരകളുടെ എണ്ണവും, ക്ലബ്ബിലെ അംഗങ്ങളുടെ എണ്ണവും താഴെ ചേർക്കുന്നു.

| ക്രമ നം. | അങ്കണവാടിയുടെ നം. | അങ്കണവാടിയുടെ പേര് | വയോജന ക്ലബ്ബിലെ അംഗങ്ങളുടെ എണ്ണം | നൽകിയിട്ടുള്ള കസേരകളുടെ എണ്ണം |
|---|---|---|---|---|
| 1 | 20 | ദേവിശ്രീ | 4 | 35 |
| 2 | 12 | സർവ്വോദയം | 17 | 45 |
| 3 | 75 | ലൗബേർഡ്സ് | 15 | 190 |

ക്രമ നമ്പർ 1ൽ വയോജന ക്ലബ്ബുകൾ രൂപീകരിക്കുന്നതിനായി കുറഞ്ഞത് 60 വയസ്സിനുമേൽ പ്രായമുള്ള 10 വയോജനങ്ങളെങ്കിലും വേണമെന്നുള്ള നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല. ക്രമ നമ്പർ 3ലെ അങ്കണവാടിയിൽ നൽകിയിട്ടുള്ള 190 കസേരകളിൽ 100 എണ്ണം പായ്ക്കിംഗ് പോലും പൊട്ടിക്കാതെ വച്ചിരിക്കുന്നതായി ഓഡിറ്റ് ടീം നടത്തിയ പ്രാദേശിക പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്.

സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെയും, ആവശ്യകത കൃത്യമായി കണക്കാക്കാതെയും ഫർണ്ണിച്ചറുകൾ വാങ്ങി പലതും ഉപയോഗിക്കാതെ പദ്ധതി പണം പാഴാക്കിയതിനു വിശദീകരണം ആവശ്യപ്പെട്ട് 27.07.17 ൽ ഓഡിറ്റ് എൻക്വയറി നം.16 നൽകിയിരുന്നു. വയോജന ക്ലബ്ബുകളുടെ പ്രവർത്തനം പ്രാരംഭ ഘട്ടത്തിലാണെന്നും പരിമിതികൾ ഉടൻതന്നെ പരിഹരിച്ച് വയോജന ക്ലബ്ബുകളുടെ പ്രവർത്തനം ഉടൻ തന്നെ മെച്ചപ്പെടുത്തി ഉദ്ദേശ്യ ലക്ഷ്യം പൂർണ്ണമായി നടപ്പിലാക്കുമെന്നും സെക്ടർ തലത്തിൽ വയോജന ദിനം സംഘടിപ്പിക്കുന്നതിനാണ് മേൽ അംഗൻവാടികളിലേക്ക് കൂടുതൽ കസേരകൾ വാങ്ങി നൽകിയിട്ടുള്ളതെന്നും മറുപടി ലഭിച്ചിട്ടുണ്ട്. വർഷത്തിൽ ഒരിക്കൽ നടത്തുന്ന വയോജന ദിനത്തിന്റെ ആവശ്യത്തിനായാണ് മേൽ അംഗൻവാടികളിലേക്ക് കൂടുതൽ കസേര വാങ്ങി നൽകിയിട്ടുള്ളതെന്ന മറുപടി തൃപ്തികരമല്ല. വയോജന ക്ലബ്ബുകളുടെ പ്രവർത്തനം വിപുലീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും അധികമായി വാങ്ങി ഉപയോഗിക്കാതെ സൂക്ഷിച്ചിട്ടുള്ള കസേരകൾ ആവശ്യകതയ്ക്ക് അനുസരിച്ച് മറ്റു അംഗൻവാടികളിലേക്ക് വിതരണം ചെയ്യേണ്ടതുമാണ്.

## 3-15 <u>അംഗൻവാടികളിൽ പോഷകാഹാര വിതരണം - അധിക ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് നൽകി-**16,086/-** രൂപയുടെ ചെലവ് നിരാകരിക്കുന്നു.</u>

2016-17 വർഷം ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട് ഓഫീസർ നടപ്പിലാക്കിയിട്ടുള്ള "അംഗൻവാടികളിൽ പോഷകാഹാര വിതരണം" എന്ന പ്രോജക്ടിൽ (പ്രോജക്ട് നം. SO195/17) അംഗൻവാടികളിൽ അരിവിതരണത്തിനായി നൽകിയിട്ടുള്ള ട്രാൻസ്പോർട്ടേഷൻ ചാർജ്ജിൽ അധിക തുക നൽകിയിട്ടുള്ളതായി പരിശോധനയിൽ കണ്ടെത്തി. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം അംഗൻവാടികളിൽ വിതരണം നടത്തിയതിനേക്കാൾ കൂടുതൽ അരി വിതരണം നടത്തിയിട്ടുള്ളതായി രേഖപ്പെടുത്തിയാണ് അധിക ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് നൽകിയിട്ടുള്ളത്.

2016-17 വർഷം അംഗൻവാടികളിൽ ഭക്ഷ്യധാന്യങ്ങൾ എത്തിക്കുന്നതിനായി വിളിച്ചിട്ടുള്ള ടെണ്ടറിൽ കുറഞ്ഞ തുക ക്വാട്ട് ചെയ്ത ശ്രീ.ആമ്പ്രോസ് ഫ്രാൻസീസിന്റെ ടെണ്ടർ 28/09/2016 ൽ നടന്ന ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോഗത്തിൽ അംഗീകരിച്ചിട്ടുള്ളതാണ്. കിലോഗ്രാമിനു 2.80/- രൂപാ ക്രമത്തിൽ ഭക്ഷ്യ ധാന്യങ്ങൾ മുനിസിപ്പാലിറ്റിയുടെ പരിധിയിൽ വരുന്ന വിവിധ അംഗൻവാടികളിൽ എത്തിച്ചു നൽകാമെന്ന് ടെണ്ടറിൽ ക്വാട്ട് ചെയ്തിരുന്നു. ആയതിൻപ്രകാരം അംഗൻവാടികളിൽ വിതരണം നടത്തിയിട്ടുള്ള അരിയുടെ അളവും ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് നൽകുന്നതിനായി കണക്കാക്കിയിട്ടുള്ള അരിയുടെ അളവും തമ്മിൽ വ്യത്യാസം കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| അരി വിതരണം നടത്തിയിട്ടുള്ള കാലയളവ് (a) | സ്റ്റോക്ക് രജിസ്റ്റർ പ്രകാരം അംഗൻവാടികളിൽ വിതരണം നടത്തിയിട്ടുള്ള അരിയുടെ അളവ്(kg) (b) | ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് നൽകുന്നതിനായി കണക്കാക്കിയിട്ടുള്ള അരിയുടെ അളവ് (kg) (c) | വ്യത്യാസം (kg) (d=c-b) | അധികമായി നൽകിയിട്ടുള്ള ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് (രൂപ) (dX2.80) | ബിൽ നം/ തീയതി (e) |
|---|---|---|---|---|---|
| 09/07/16 മുതൽ 14/10/16 വരെ | 3950 | 6495 | 2545 | 7,126/- | 01/20.10.16 |
| 28/10/16 മുതൽ 12/11/16 വരെ | 3700 | 5400 | 1700 | 4,760/- | 02/15.12.16 |

| | | | | | |
|---|---|---|---|---|---|
| 09/01/17 മുതൽ 20/01/17 വരെ | 3000 | 4500 | 1500 | 4,200/- | 09/20.02.17 |
| ആകെ | | | | 16,086/- | |

2016-17 വർഷം ആകെ 16,086/- ഇപ്രകാരം അധികമായി ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് ഇനത്തിൽ നൽകിയിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. ആയതിനു വിശദീകരണം ആവശ്യപ്പെട്ട് 21.07.17 ൽ ഓഡിറ്റ് എൻക്വയറി നം.8 നൽകിയിരുന്നുവെങ്കിലും മറുപടി ലഭിച്ചിട്ടില്ല. ആയതിനാൽ അധികമായി നൽകിയിട്ടുള്ള 16,086/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ഈ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-16 സ്കൂളുകളിൽ സാനിട്ടറി നാപ്കിൻ വിതരണം(ഷീപാഡ് പദ്ധതി)പദ്ധതി നാളിതുവരെ നടപ്പിലാക്കിയിട്ടില്ല

2016-17വർഷം മുനിസിപ്പാലിറ്റികളുടെ പരിധിയിൽ വരുന്ന മൂന്ന് ഹയർ സെക്കൻഡറി സ്കൂളുകളിൽ സി.ഡി.പി.ഒ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിരുന്ന 'ഷീ പാഡ്' പദ്ധതി എന്ന പ്രോജക്ടിന്റെ (പ്രോജക്ട് നം. SO 209/17) പദ്ധതി ചെലവുകൾക്കായി 1,00,000/- രൂപ കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷനിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ ഈ പദ്ധതി ആരംഭിച്ചിട്ടില്ല.

25.01.16ലെ സ.ഉ(സാധാ)നം. 280/16 തസ്വഭവ പ്രകാരം കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന് സാനിട്ടറി നാപ്കിനും (ഷീ പാഡ്) മറ്റ് അനുബന്ധ ഉപകരണങ്ങളും കേരളത്തിൽ ഉടനീളം വിതരണം ചെയ്യുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിലെ വനിതാ ഘടകത്തിൽ ഉൾപ്പെടുത്തി പദ്ധതി തയ്യാറാക്കി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നും ഇതിനാവശ്യമായ തുക വിനിയോഗിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം പദ്ധതി അടങ്കലിന്റെ 50% മുൻകൂറായി വനിതാ വികസന കോർപ്പറേഷനു നൽകാവുന്നതും ഈ തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ് ലഭിച്ചതിനുശേഷം ബാക്കി തുക അനുവദിക്കാവുന്നതുമാണ്. മുനിസിപ്പാലിറ്റികളുടെ പരിധിയിൽ വരുന്ന മൂന്ന് ഹയർ സെക്കൻഡറി സ്കൂളുകളിൽ 'ഷീ പാഡ്' പദ്ധതി നടപ്പിലാക്കുന്നതിനായി 2016-17 വർഷം 200,000/- രൂപ അടങ്കൽ തുകയായി നിശ്ചയിച്ച് പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. പ്രാരംഭഘട്ട പ്രവർത്തനങ്ങൾക്കായി പദ്ധതി അടങ്കൽ തുകയുടെ 50% (1,00,000/- രൂപ) ബിൽ നം. MCB-5/16-17/013 തീയതി 20.02.17 പ്രകാരം ട്രഷറിയിൽ നിന്നും മാറി കേരള വനിതാ വികസന കോർപ്പറേഷന്റെ എസ്.ബി.ഐ സ്റ്റാച്യൂ ബ്രാഞ്ചിലെ 35810483408 എന്ന അക്കൗണ്ടിലേക്ക് 20.02.17ൽ ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ വനിതാ വികസന കോർപ്പറേഷൻ നാളിതുവരെ മേൽ പദ്ധതി ആരംഭിച്ചിട്ടില്ല. ആയത് സംബന്ധിച്ച് 25.07.2017- ൽ നൽകിയിട്ടുള്ള ഓഡിറ്റ് എൻക്വയറി നം.14 ന് മറുപടിയായി പദ്ധതി താമസംവിനാ നടപ്പിലാക്കുന്നതിനായി കേരള വനിതാ വികസന കോർപ്പറേഷനുമായി മുനിസിപ്പാലിറ്റി കരാറിൽ ഏർപ്പെട്ടിട്ടുണ്ടെന്നും 2017-18 വർഷം സ്പിൽ ഓവറായി മേൽ പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ടെന്നുമുള്ള വിശദീകരണം ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതി എത്രയും വേഗം പൂർത്തിയാക്കി വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-17 പാലിയേറ്റീവ് കെയർ പദ്ധതി - അപാകതകൾ

കേരളത്തിലെ പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളുടെ അടിസ്ഥാന ലക്ഷ്യം വീടുകൾ കേന്ദ്രീകരിച്ചുള്ള പരിചരണമാണ്. ദീർഘകാല രോഗങ്ങളാലും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമായി വരുന്ന രോഗികൾക്ക് മരുന്ന്, നഴ്സിംഗ് പരിചരണം എന്നിവ ലഭ്യമാക്കുന്നതോടൊപ്പം സാന്ത്വന പരിചരണം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഹോംകെയർ സംവിധാനം നടപ്പാക്കി വരുന്നത്. പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കായി വിശദമായ മാർഗ്ഗരേഖ സ.ഉ.(കൈ)228/12/തസ്വഭവ തീയതി 23.08.2012, സ.ഉ.(സാ)3217/15/തസ്വഭവ തീയതി 29.10.2015 എന്നീ ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

പാലിയേറ്റീവ് കെയർ പദ്ധതിക്കായി 2016 - 17 ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വികസനഫണ്ടിൽ നിന്നും 12,00,000/- രൂപ വകയിരുത്തി മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി പദ്ധതി (നം. 205/17) ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. പാലിയേറ്റീവ് കെയർ പദ്ധതികളുടെ ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

(1) മരുന്നുകൾ ലഭ്യമാകാൻ അവശേഷിക്കുന്നു.

പാലിയേറ്റീവ് കെയർ പദ്ധതിയുടെ ഭാഗമായ ഹോംകെയർ ടീമിന്റെ പ്രവർത്തനങ്ങൾക്കും മരുന്നുകളും മറ്റ് ഉപകരണങ്ങളും വാങ്ങുന്നതിനായും 9,47,345/- രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതിക്ക് മരുന്ന് വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ 23.03.2017 ലെ പി.ആർ.എഫ് 4149-ാം നമ്പർ പ്രൊഫോർമ്മ ഇൻവോയ്സ് പ്രകാരം ബാക്കി പദ്ധതിത്തുകയിൽ നിന്നും 2,52,488/- രൂപ (ബിൽ നം. 13 16-17/29.03.17) കെ.എം.സി.എൽ ന്റെ പഞ്ചാബ് നാഷണൽ ബാങ്കിലെ അക്കൗണ്ടിലേക്ക് (നം. 3624001800000019) ട്രാൻസ്ഫർ ചെയ്തിട്ടുണ്ട് (സാങ്കേതിക പ്രശ്നങ്ങളാൽ ടി ട്രാൻസാക്ഷൻ ഓഡിറ്റ് വർഷം നടക്കാതിരിക്കുകയും 05.07.17 ൽ ബിൽ നം. 1/2017-18 പ്രകാരം നടക്കുകയും ചെയ്തിട്ടുണ്ട്. ആകെ 11,99,833/- രൂപ ചെലവഴിച്ചു. ടി തുകയിൽ മരുന്നുകളും ഉപകരണങ്ങളും വാങ്ങുന്നതിനായി 31.03.17ന് 3,58,875/- രൂപ ബിൽ നം. 11/16-17/31.03.17 പ്രകാരം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ അക്കൗണ്ടിലേക്ക് (നം. 3624001800000019) ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ട്. എന്നാൽ 31.03.17ന് നൽകിയ തുകയായ 3,58,875/- രൂപയുടേയും 05.07.17 ന് നൽകിയ തുകയായ 2,52,488/- രൂപയുടേയും മരുന്നുകൾ നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. സമയബന്ധിതമായി മരുന്നുകൾ ലഭ്യമാക്കാത്തത് സാന്ത്വന പരിചരണം പദ്ധതിയെ സാരമായി ബാധിക്കുന്നതാണ്. മാത്രമല്ല അടുത്ത സാമ്പത്തിക വർഷത്തിൽ പദ്ധതി ആവിഷ്കരിക്കുമ്പോൾ മരുന്നിന്റെ ആവശ്യകത നിർണ്ണയിക്കാൻ സാധിക്കാതെ വരും. മരുന്നുകൾ യഥാസമയം ലഭ്യമാക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

(2) ഹോംകെയർ ടീമിന്റെ ഭക്ഷണച്ചെലവ് – വൗച്ചറുകൾ സുതാര്യമല്ല.

പാലിയേറ്റീവ് കെയർ പദ്ധതിക്കായി 2016 - 17 ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വികസനഫണ്ടിൽ നിന്നും 1200000 രൂപ വകയിരുത്തി മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി പദ്ധതി(നം. 205/17) ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. അടങ്കൽ തുകയായ 1200000 രൂപയിൽ പാലിയേറ്റീവ് നഴ്സുമാരുടെ വേതനം, ഹോംകെയർ ടീമിന്റെ ഭക്ഷണച്ചെലവ്, വാഹനവാടക എന്നിവയ്ക്കായി 588470 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഹോം കെയർ ടീമംഗങ്ങൾക്ക് ഒരു ടീമിലെ 3 പേർക്ക് വീതം ഭക്ഷണച്ചെലവ് അനുവദിച്ച് നൽകിയിട്ടുണ്ട്. എന്നാൽ ഹോംകെയർ രജിസ്റ്ററുകളും പാലിയേറ്റീവ് നഴ്സുമാർ സമർപ്പിച്ച വൗച്ചറുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ലെന്ന് പരിശോധനയിൽ വ്യക്തമായി. ഹോംകെയർ രജിസ്റ്റർ പ്രകാരം ഒരു ദിവസം ഒരു ഹോംകെയർ ടീം മാത്രമേ പരിചരണത്തിനായി ഗൃഹസന്ദർശനം നടത്തുന്നുള്ളൂ. എന്നാൽ പാലിയേറ്റീവ് നഴ്സുമാർ സമർപ്പിച്ച വൗച്ചറിൽ ഒരേ തീയതികളിൽ രണ്ട് ടീം ഗൃഹസന്ദർശനം നടത്തിയതായി രേഖപ്പെടുത്തി ചെലവ് ചെയ്തിരിക്കുന്നു. ഇത് ക്രമപ്രകാരമല്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | മാസം | പാലിയേറ്റീവ് നഴ്സ് 1 | | പാലിയേറ്റീവ് നഴ്സ് 2 | |
|---|---|---|---|---|---|
| | | ഹോം കെയർ രജിസ്റ്റർ അനുസരിച്ച് ഗൃഹസന്ദർശനം നടത്തിയ ദിവസങ്ങളുടെ എണ്ണം | വൗച്ചർ പ്രകാരം ഗൃഹസന്ദർശനം നടത്തിയ ദിവസങ്ങളുടെ എണ്ണം | ഹോം കെയർ രജിസ്റ്റർ അനുസരിച്ച് ഗൃഹസന്ദർശനം നടത്തിയ ദിവസങ്ങളുടെ എണ്ണം | വൗച്ചർ പ്രകാരം ഗൃഹസന്ദർശനം നടത്തിയ ദിവസങ്ങളുടെ എണ്ണം |

| | | | | | |
|---|---|---|---|---|---|
| 1 | ഏപ്രിൽ | 11 | 23 | 12 | 23 |
| 2 | മെയ് | 11 | 23 | 12 | 24 |
| 3 | ജൂൺ | 12 | 25 | 13 | 25 |
| 4 | ജൂലൈ | 10 | 21 | 12 | 23 |
| 5 | ഓഗസ്റ്റ് | 11 | 23 | 12 | 23 |
| 6 | സെപ്റ്റംബർ | 9 | 18 | 8 | 17 |
| 7 | ഒക്ടോബർ | 8 | 19 | 11 | 19 |
| 8 | നവംബർ | 11 | 23 | 13 | 24 |
| 9 | ഡിസംബർ | 13 | 24 | 11 | 24 |
| 10 | ജനുവരി | 9 | 21 | 12 | 22 |
| 11 | ഫെബ്രുവരി | 11 | 21 | 11 | 21 |
| 12 | മാർച്ച് | 12 | 25 | 13 | 25 |

ടി അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് (നം. 50/15.11.17) 30.08.13 ലെ പാലിയേറ്റീവ് കമ്മറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഹോംകെയർ പദ്ധതിയുടെ നടത്തിപ്പിന്റെ ഏകോപനപ്രവർത്തനങ്ങളുടെ ഭാഗമായി നഗരസഭയുടെ ഹോംകെയർ ടീം കൂടാതെ സാമൂഹ്യ സുരക്ഷ മിഷന്റെ വയോമിത്രം ഹോംകെയർ ടീം കൂടി പാലിയേറ്റീവ് പ്രവർത്തനങ്ങൾ നടത്തുന്നതിനും അവർക്ക് ഉച്ചഭക്ഷണം നൽകുന്നതിനും തീരുമാനിച്ചിരുന്നു. കൂടാതെ ഇതിന് ചെലവാകുന്ന തുക നഗരസഭയുടെ പാലിയേറ്റീവ് കെയർ നഴ്സിന്റെ പേരിൽ വൗച്ചർ സമർപ്പിക്കുകയുമാണെന്നാണ് മറുപടി ലഭ്യമാക്കിയത്. എന്നാൽ ഹോംകെയർ രജിസ്റ്റർ പ്രകാരം ഗൃഹസന്ദർശനം നടത്താത്ത വ്യക്തിയുടെ പേരിൽ വൗച്ചർ സമർപ്പിച്ച് തുക മാറുന്നത് അനുവദനീയമല്ല. തുടർന്നും ഇത്തരം പ്രവണതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

(3) പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മറ്റി രൂപീകരിച്ചിട്ടില്ല

പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ ഫലപ്രദമായും, സുഗമമായും മുന്നോട്ടു കൊണ്ടുപോകുന്നതിനായി തദ്ദേശഭരണസ്ഥാപനത്തിന്റെ അദ്ധ്യക്ഷൻ ചെയർപേഴ്സണായും നിർവ്വഹണദ്യോഗസ്ഥനായ പി.എച്ച്.സി മെഡിക്കൽ ഓഫീസർ കൺവീനറുമായി ആരോഗ്യം, ക്ഷേമകാര്യം എന്നീ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻമാർ, തദ്ദേശഭരണസ്ഥാപന സെക്രട്ടറി , ആയുർവേദ, ഹോമിയോ മെഡിക്കൽ ഓഫീസർമാർ, പാലിയേറ്റീവ് കെയർ നഴ്സ്, സി.ഡി.എസ് ചെയർപേഴ്സൺ, എന്നിവർ ഉൾപ്പെടെ പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മറ്റി രൂപീകരിക്കേണ്ടതാണെന്ന് മാർഗ്ഗരേഖ (സ.ഉ.(സാ)3217/15/തസ്വഭവ തീയതി 29.10.2015) ഖണ്ഡിക 2.4ൽ നിഷ്കർഷിച്ചിട്ടുണ്ട്. എല്ലാ മാസവും 5-ാം തീയതിക്ക് മുൻപായി ഈ കമ്മറ്റി ചേർന്ന് പാലിയേറ്റീവ് കെയർ നിർവ്വഹണം വിലയിരുത്തേണ്ടതാണെന്നും പ്രതിമാസ പ്രവർത്തനവലോകന റിപ്പോർട്ടും വരവ് ചെലവ്

കണക്കുകളും ഈ യോഗത്തിൽ കൺവീനർ അവതരിപ്പിക്കേണ്ടതാണെന്നും ടി മാർഗ്ഗരേഖയിൽ പറഞ്ഞിട്ടുണ്ട്. എന്നാൽ നാളിതുവരെ ഇത്തരമൊരു കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മറ്റി രൂപീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ ഹാജർ, മിനട്സ് എന്നിവ ഹാജരാക്കണമെന്നാവശ്യപ്പെട്ട് നല്കിയ എൻക്വയറിക്ക് (നം. 50/15.11.17) മറുപടി ലഭ്യമാക്കിയിട്ടില്ല. പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിന് നിർവ്വഹണ കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.

## 3-18 പാലിയേറ്റീവ് കെയർ - വാഹനവാടക രേഖകൾ ഹാജരാക്കിയില്ല

| | |
|---|---|
| പദ്ധതി നം/ പേര് | 205/17, പാലിയേറ്റീവ് കെയർ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ |
| അടങ്കൽ തുക (വികസന ഫണ്ട്) | 1200000 |
| ചെലവ് തുക | 947345 |

2016 - 17 സാമ്പത്തിക വർഷം മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നഗരസഭയിൽ നടപ്പിലാക്കിയ പാലിയേറ്റീവ് കെയർ പദ്ധതിക്ക് ഗൃഹസന്ദർശനം നടത്തുന്നതിനായി KL03 S 5914 എന്ന നമ്പരിലുള്ള ഓട്ടോറിക്ഷ വാടകയ്ക്ക് ഉപയോഗിച്ചിട്ടുണ്ട്. ഹോംകെയർ രജിസ്റ്റർ പ്രകാരം രാവിലെ 9.30 മുതൽ 4.30 വരെയാണ് വാഹനം ഉപയോഗിച്ചിരിക്കുന്നത്. വാഹനം വാടകയ്ക്കെടുക്കുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ചതിന്റെയും കരാറിൽ ഏർപ്പെട്ടതിന്റെയും രേഖകൾ ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട നൽകിയ എൻക്വയറിക്ക് (നം.43/30.10.17) 2017-18 സാമ്പത്തിക വർഷത്തിലേക്ക് വാഹനം വാടകയ്ക്ക് എടുക്കുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചതിന്റെ പകർപ്പാണ് ലഭ്യമാക്കിയത്. 2016 - 17 സാമ്പത്തിക വർഷം വാഹനം വാടകയ്ക്ക് എടുത്തത് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ ദിവസവാടക വ്യവസ്ഥയിലാണോ കിലോമീറ്റർ അടിസ്ഥാനത്തിലാണോ വാഹന വാടക നൽകിയതെന്നും, വെയിറ്റിംഗ് ചാർജ് നൽകിയിട്ടുണ്ടോയെന്നും പരിശോധനയ്ക്ക് സമർപ്പിച്ച വൗച്ചറുകളിൽ നിന്ന് വ്യക്തമല്ല. പാലിയേറ്റീവ് കെയർ പദ്ധതിക്കായി 2016 -17 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വികസനഫണ്ടിൽ നിന്നും 12,00,000/- രൂപ വകയിരുത്തിയതിൽ 2,54,600/- രൂപ വാഹനവാടകയ്ക്കായി മാത്രം ചെലവഴിച്ചിട്ടുണ്ട്. ഒരു ദിവസത്തേക്ക് 950 രൂപ എന്ന നിരക്കിൽ 268 ദിവസത്തേയ്ക്ക് വാഹന വാടകയ്ക്കായി 2,54,600/- രൂപ ചെലവഴിച്ചിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | മാസം | ഹോംകെയർ നടത്തിയ ദിവസങ്ങളുടെ എണ്ണം | ഒരു ദിവസത്തേക്ക് 950 രൂപ നിരക്കിൽ നൽകിയ തുക |
|---|---|---|---|

| | | | |
|---|---|---|---|
| 1 | ഏപ്രിൽ | 23 | 21850 |
| 2 | മെയ് | 23 | 21850 |
| 3 | ജൂൺ | 25 | 23750 |
| 4 | ജൂലൈ | 22 | 20900 |
| 5 | ആഗസ്റ്റ് | 23 | 21850 |
| 6 | സെപ്റ്റംബർ | 18 | 17100 |
| 7 | ഒക്ടോബർ | 19 | 18050 |
| 8 | നവംബർ | 23 | 21850 |
| 9 | ഡിസംബർ | 24 | 22800 |
| 10 | ജനുവരി | 21 | 19950 |
| 11 | ഫെബ്രുവരി | 22 | 20900 |
| 12 | മാർച്ച് | 25 | 23750 |
| ആകെ | | 268 | 254600 |

ഹോംകെയറിനായി ഒരു ദിവസത്തേയ്ക്ക് 15 മുതൽ 24 കിലോമീറ്റർ വരെ ഓടുന്നതിന് പരമാവധി 800 രൂപ, 25 മുതൽ 34 കിലോമീറ്റർ വരെ ഓടുന്നതിന് പരമാവധി 900 രൂപ, 35മുതൽ 44 കിലോമീറ്റർ വരെ ഓടുന്നതിന് പരമാവധി 1,000/- രൂപ, 45 കിലോമീറ്ററിൽ കൂടുതൽ ഓടുന്നതിന് 1100 രൂപ എന്നിങ്ങനെയാണ് വാഹനവാടകയ്ക്കായി നൽകാവുന്ന തുക സംബന്ധിച്ച് പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖയിൽ (സ.ഉ.(സാ)3217/15/തസ്വഭവ തീയതി 29.10.2015, ഖണ്ഡിക 2.6.5) നിഷ്കർഷിച്ചിരിക്കുന്നത്. ട്രിപ്പ് ഷീറ്റ് ഹാജരാക്കാതെ 950/- രൂപ നിരക്കിൽ വാഹന വാടക അനുവദിക്കുന്നത് അംഗീകരിക്കാനാവില്ല. വാഹനം ഓടിയ ദൂരത്തിനനുസരിച്ചല്ല തുക നല്കിയിരിക്കുന്നത്. ആയതിനാൽ ക്രമാനുസൃതമല്ലാതെ വാഹനവാടകയിനത്തിൽ ആകെ നല്കിയ 2,54,600/- രൂപയുടെ കൃത്യത പരിശോധിക്കാൻ സാധിക്കാത്തതിനാൽ ടി ചെലവ് ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. വാഹനം വാടകയ്ക്കെടുത്തത് സംബന്ധിച്ച ക്വട്ടേഷൻ, കരാർ, ട്രിപ്പ് ഷീറ്റ് ഉൾപ്പെടെയുള്ള രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## **3-19** ദ്വിവർഷ ഭവന നിർമ്മാണ പദ്ധതികൾ നാളിതുവരെ പൂർത്തിയാക്കാത്തത് -പദ്ധതി പ്രവർത്തനത്തിലെ അനാസ്ഥ

2012-13 സാമ്പത്തിക വർഷം മുതൽ നഗരസഭ ആവിഷ്കരിച്ചിട്ടുള്ള ദ്വിവർഷ ഭവന നിർമ്മാണ പദ്ധതികളിൽ ഇപ്പോഴും നിരവധി വീടുകൾ പൂർത്തിയാക്കാതെ അവശേഷിക്കുന്നതായി രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും

വ്യക്തമാകുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര്, അഡ്രസ്സ് | എഗ്രിമെന്റ് തീയതി | വാർഡ് നമ്പർ | കൈപ്പറ്റിയ തുകകളുടെ വിശദാംശം | | കൈപ്പറ്റാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|
| | | | | തുക | ചെക്ക് നമ്പർ തീയതി | |
| 1 | സണ്ണി. പി.ബി<br>പാലത്തിങ്കൽ തോപ്പിൽ<br>പാക്കിൽ | 26.04.13 | 33 | 20000 | 465660/31.07.13 | 80000 |
| | | | | 60000 | 490599/29.03.14 | |
| | | | | 60000 | 940787/26.11.13 | |
| 2 | ഷീന സജികുമാർ<br>കൈതപ്പറമ്പിൽ<br>പള്ളം,കോട്ടയം | 03.06.15 | 34 | 20000 | 859443/28.09.15 | 20000 |
| | | | | 160000 | 239641/17.11.16 | |
| 3 | സുജ .പി.എസ്<br>കുറ്റിച്ചിറയിൽ<br>പള്ളം, നാട്ടകം | 17.06.13 | 35 | 20000 | 233268/31.07.14 | 180000 |
| 4 | അശ്വതി കുഞ്ഞുമോൻ<br>നാട്ടുവഴി പറമ്പിൽ<br>പാക്കിൽ | 13.06.13 | 35 | 20000 | 859447/28.09.15 | 60000 |
| | | | | 60000 | 239056/18.11.16 | |
| | | | | 60000 | ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റി | |
| 5 | പൊന്നമ്മ രാജു.<br>പുളിവേലി പറമ്പ്<br>ചിങ്ങവനം | 03.10.15 | 35 | 20000 | ചെക്ക് നമ്പർ ലഭ്യമല്ല. | 180000 |
| 6 | ലീലാമ്മ ജോസ്<br>കുറ്റിച്ചേരിൽ<br>ചിങ്ങവനം | 18.04.15 | 38 | 20000 | 16174579/30.07.15 | 20000 |
| | | | | 60000 | 881649/ 06.12.16 | |
| | | | | 60000 | 239055/ 18.11.16 | |
| | | | | 40000 | 239942/ 30.01.17 | |
| 7 | മറിയാമ്മ ജോൺ<br>കല്ലുതറയിൽ<br>ചിങ്ങവനം | 18.09.14 | 38 | 20000 | ചെക്ക് നമ്പർ ലഭ്യമല്ല. | 180000 |
| 8 | ഓമന ചാക്കോ | 01.07.14 | 38 | 20000 | 233252/31.07.14 | 20000 |
| | | | | 60000 | 213176/31.03.15 | |

| | | | | | | |
|---|---|---|---|---|---|---|
| | കളത്തിൽ പാറയിൽ ചിങ്ങവനം | | | 60000 | 881810/15.02.16 | |
| | | | | 40000 | 474576/30.07.15 | |
| 9 | സുബദമോൾ പുളിമൂട്ടിൽ പള്ളം | 10.06.13 | 40 | 20000/2 | 33275/ 31.07.14 | 180000 |
| 10 | ശ്രീദേവി പുത്തൻ ചിറ പള്ളെ, നാട്ടകം | 20.10.15 | 40 | 20000 | 863890/02.01.16 | 20000 |
| | | | | 120000 | 881648/06.02.16 | |
| | | | | 40000 | 883727/21.03.16 | |
| 11 | ശാന്തമ്മ രവീന്ദ്രനാഥ് കുമ്പളശ്ശേരിൽ | 05.04.13 | 41 | 20000 | 'ചെക്ക് നമ്പർ ലഭ്യമല്ല. | 20000 |
| | | | | 160000 | 474571/30.07.15 | |
| 12 | കുഞ്ഞമ്മ കുഞ്ഞുമോൻ വരമ്പിനകം പാക്കിൽ | 16.04.13 | 41 | 20000 | 465627/ 31.07.13 | 180000 |
| 13 | മേരിക്കുട്ടി രാജൻ പുത്തൻ പുരയ്ക്കൽ പാക്കിൽ | എഗ്രിമെന്റ് തീയതി വെച്ചിട്ടില്ല. | 41 | 20000 | 627082/ 23.09.14 | 180000 |
| 15 | ഗ്രേസി പോൾ കാരിമറ്റം നാട്ടകം | 20.03.13 | 43 | 20000 | 285441/ 19.04.13 | 120000 |
| | | | | 60000 | 641909/ 13.02.14 | |

എഗ്രിമെന്റ് തീയതി മുതൽ രണ്ട് വർഷത്തിനുള്ളിൽ പൂർത്തീകരിക്കേണ്ട പ്രസ്തുത വീടുകളുടെ നിർമ്മാണം നാളിതുവരെ പൂർത്തിയാക്കിട്ടില്ല. പദ്ധതി മാർഗ്ഗരേഖ പ്രകാരമുള്ള കാലഘട്ടത്തിൽ തന്നെ നിർമ്മാണപ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാത്തതിന്റെ അപര്യാപ്തതകൊണ്ട് നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ സാധിക്കാഞ്ഞത്.ആയതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തി പൂർത്തികരിച്ച് ആയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിനെ അടിയന്തിരപ്രാധാന്യത്തോടെ അറിയിക്കേണ്ടതാണ്.

## 3-20 എസ്.എസ്.എ പദ്ധതി- തുക നൽകുന്നതിൽ മാത്രം പരിമിതപ്പെടുന്നു

6 മുതൽ 14 വയസ്സിനിടയിൽ പ്രായമുള്ള എല്ലാ കുട്ടികൾക്കും പ്രാഥമിക വിദ്യാഭ്യാസം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതിയാണ് സർവ്വ ശിക്ഷാ അഭിയാൻ. എസ്.എസ്.എ-യുടെ ജില്ലാ പ്രൊജക്ട് ഓഫീസർ തയ്യാറാക്കുന്ന വാർഷിക ബഡ്ജറ്റിൽ നിന്നും അതാത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വിഹിതമായ 35 ശതമാനം തുക വകയിരുത്തിയാണ് പദ്ധതി നടപ്പിലാക്കുന്നത്. സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രസ്തുത പദ്ധതിയ്ക്ക് ഓഡിറ്റ് വർഷം 2531000/- രൂപ (ഡി.ഡി.നം.239292 തീ.07.12.16), 140406/- രൂപ (ഡി.ഡി.നമ്പർ-239290 തീ.07.12.16), 1512676/- രൂപ (ഡി.ഡി.നമ്പർ രേഖപ്പെടുത്തിയിട്ടില്ല)

പ്രകാരം ആകെ 4184082/- രൂപ ചെലവഴിച്ചിട്ടുണ്ട്. നിർബന്ധിത പദ്ധതി എന്ന നിലയിൽ എല്ലാ വർഷവും ഈ പദ്ധതി നടപ്പിലാക്കുന്നു എന്നതു മാത്രമായി നഗരസഭയുടെ ചുമതല പരിമിതപ്പെടുന്നു. വ്യക്തമായ ഒരു കർമ്മ പദ്ധതി തയ്യാറാക്കാതെയാണ് തുക ചെലവഴിക്കുന്നത്. നഗരസഭ ഭരണസമിതിയോ ആരോഗ്യ-വിദ്യാഭ്യാസ സ്ഥിരം സമിതിയോ എസ്.എസ്.എ ഫണ്ട് ഉപയോഗിച്ച് നഗരസഭ പരിധിയിലെ സ്കൂളുകളിൽ നടത്തുന്ന വികസന പ്രവർത്തനങ്ങളെ സംബന്ധിച്ച് പരിശോധിക്കുന്നില്ല. പ്രോജക്ട് ഓഫീസർ 14.06.2017ൽ നിർവ്വഹണ ഉദ്യോഗസ്ഥന് നൽകിയ വിനിയോഗ സാക്ഷ്യപത്രത്തിൽ 2016-17ൽ എസ്.എസ്.എ. പ്രവർത്തനങ്ങൾക്ക് 4184082/- രൂപ ചെലവഴിച്ചിട്ടുണ്ട് എന്ന് മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ.

ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ബഡ്ജറ്റ് എസ്റ്റിമേറ്റ് ഉൾപ്പടെ (ഏതെല്ലാം ഘടകങ്ങൾക്കാണ് തുക വിനിയോഗിച്ചത്) ഓഡിറ്റിന് ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നമ്പർ -10 പ്രകാരം ആവശ്യപ്പെട്ടെങ്കിലും വ്യക്തമായ മറുപടി ലഭ്യമാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ പദ്ധതി പ്രവർത്തനങ്ങൾക്ക് ആകെ ചെലവഴിച്ച 4184082/- രൂപയിന്മേൽ ഓഡിറ്റ് തടസ്സവാദം ഉന്നയിക്കുന്നു.

## 3-21 പൈപ്പ് കണക്ഷൻ - സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല,ചെലവ്തുക തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം. 191/17 പൈപ്പ് കണക്ഷൻ

ചെലവ് - 6000/- (SCP)

നിർവ്വഹണ ഉദ്യോഗസ്ഥൻ - പട്ടികജാതി വികസന ഓഫീസർ,

മേൽ പ്രോജക്ട് പ്രകാരം ശ്രീമതി ബിന്ദു. കെ. ആർ. കരുവേലിച്ചിറ, കാരാപ്പുഴ എന്ന വ്യക്തിക്ക് ഗാർഹിക പൈപ്പ് കണക്ഷൻ ലഭിക്കുന്നതിന് 6000/- രൂപ ധനസഹായമായി അനുവദിച്ചിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റിയിൽ നിന്നും 28.03.17ൽ വർക്ക് ഓർഡർ ലഭിച്ചതായി കാണുന്നുണ്ട്. എന്നാൽ പൈപ്പ് കണക്ഷൻ നൽകിയതിന്റെ സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല. ആയതിനാൽ ടി ചെലവ് തടസ്സപ്പെടുത്തുന്നു.സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് അടിയന്തിരമായി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 3-22 സ്വച്ഛഭാരത് - ഒ.ഡി.എഫ് - ലാട്രിൻ നിർമ്മാണം - ഭാരതസർക്കാർ നഗരസഭയെ Open defecation free (O D F) ആയി പ്രഖ്യാപിച്ചിട്ടില്ല.

പ്രോജക്ട് നം. 178/16 (ബഹുവർഷ പ്രോജക്ട്)

അടങ്കൽ തുക - 3084238

സ്വച്ഛഭാരത് പദ്ധതിയിൽപ്പെടുത്തി ലാട്രിനുകൾ (ഗാർഹികം) നിർമ്മിക്കുന്നതിന് 1113 അപേക്ഷകൾ ലഭിച്ചതിൽ അർഹരായ 314 പേർക്ക് ലാട്രിനുകൾ നിർമ്മിക്കുന്നതിന് ധനസഹായം നല്കി. നഗരസഭാ പരിധിക്കുള്ളിൽ 6 ഇടങ്ങളിലായി പൊതുശൗചാലയങ്ങൾ നിർമ്മിക്കുന്നതിന് തീരുമാനിച്ചിരുന്നു എങ്കിലും നടപ്പാക്കിയിട്ടില്ല. സ്കൂളുകൾ പൂർണ്ണമായി ഒ.ഡി.എഫ് ആയിട്ടില്ല. 2016-17, 2017-18 എന്നീ അക്കാഡമിക്ക് വർഷങ്ങളിൽ ശുചിത്വ ശൗചാലയ റജിസ്റ്റർ എല്ലാ സ്കൂളുകളിലും സൂക്ഷിക്കുന്നതിന് കോട്ടയം ഡി.ഡി.ഇ യ്ക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. കോട്ടയം നഗരസഭാ കൗൺസിലിന്റെ 4/1717 ലെ 3-ാം നം .തീരുമാനപ്രകാരം കോട്ടയം നഗരസഭയെ Open defecation free (O D F) ആയി സ്വയം പ്രഖ്യാപിച്ചിട്ടുണ്ട്. എന്നാൽ ഭാരതസർക്കാർ നഗരസഭയെ Open defecation free (O D F) ആയി പ്രഖ്യാപിച്ചിട്ടില്ല.ടി പദ്ധതി ലക്ഷ്യംകൈവരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-23 നഗരസഭയിലെ കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ വിഹിതം മുനിസിപ്പൽ കണ്ടിജന്റ് എംപ്ലോയീസ് പെൻഷൻ ഫണ്ടിൽ നിക്ഷേപിക്കുന്നില്ല.

കേരള മുനിസിപ്പൽ കണ്ടിജന്റ് എംപ്ലോയീസ് (ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ്) റൂൾസ് 1997ലെ ചട്ടം 7 പ്രകാരം മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നീ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന കണ്ടിജന്റ് ജീവനക്കാരുടെ മൊത്തം ശമ്പളത്തിന്റെ 15% പ്രതിമാസ വിഹിതമായി ഈടാക്കി മുനിസിപ്പൽ

കണ്ടിജന്റ് എംപ്ലോയീസ് പെൻഷൻ ഫണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. 2016-17 വർഷം ഇപ്രകാരം പെൻഷൻ വിഹിതം ഒടുക്കിയതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നം. 07/2017 തീയതി 21.07.2017 നല്കിയെങ്കിലും മറുപടി ലഭിച്ചിട്ടില്ല. മേൽ പ്രസ്താവിച്ച നടപടിക്രമം കർശനമായും പാലിക്കുകയും തുക ഒടുക്കിയതിന്റെ വിവരം പരിശോധനയ്ക്ക് ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്.

## 3-24 പ്രവർത്തന സജ്ജമാകാത്ത നഗരസഭ വേ-ബ്രിഡ്ജ് -കറണ്ട് ചാർജിനത്തിൽ തുക ഒടുക്കിയത് സംബന്ധിച്ച്.

ഫയൽ നം. PW1-7409/12

നഗരസഭ വക വേ-ബ്രിഡ്ജ് കറണ്ട് ചാർജിനത്തിൽ (കൺസ്യൂമർ നം. 19724) താഴെപ്പറയുന്ന തുകകൾ ഒടുക്കിയിട്ടുള്ളതായി കാണുന്നു.

| വൗച്ചർ നം. | ചെക്ക് നം. | തുക |
|---|---|---|
| 55/8-16 | 013144/10.08.16 | 7249 |
| 74/12-16 | 015201/09.12.16 | 8651 |
| | ആകെ | 15900 |

നാളിതുവരെ പ്രവർത്തന സജ്ജമാകാത്ത വേ-ബ്രിഡ്ജിൻെറ കറണ്ട് ചാർജിനത്തിൽ മേൽ പ്രസ്താവിച്ച തുകകൾ 2016-17 വർഷം ഒടുക്കിയതിന്റെ വിശദാംശങ്ങൾ പരിശോധിക്കുന്നതിനായി ഫയൽ നം. PW1-7409/12 ഓഡിറ്റ് റിക്വസിഷൻ നം. 22/16.09.17, ഓഡിറ്റ് എൻക്വയറി നം. 54/2017 തീയതി 17.11.2017 എന്നിവ മുഖാന്തിരം ആവശ്യപ്പെട്ടിട്ടും നാളിതുവരെ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ചെലവ് സംബന്ധിച്ച രേഖകളുടെ അഭാവത്തിൽ മേൽപ്പറഞ്ഞ 15,900/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-25 മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല.

2016-17 സാമ്പത്തിക വർഷം വിവിധ ചെലവുകൾക്കായി കൈപ്പറ്റിയ താഴെപ്പറയുന്ന മുൻകൂർ തുകകൾ ക്രമീകരിക്കാത്തതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | മുൻകൂർ കൈപ്പറ്റിയ ഉദ്യോഗസ്ഥൻ | മുൻകൂറിന്റെ ഉദ്ദേശം | മുൻകൂർ തുക | വൗച്ചർ നം./ചെക്ക് നം./തീയതി |
|---|---|---|---|---|
| 1 | അനില അന്ന വർഗ്ഗീസ്,അസ്സിസ്റ്റൻറ് എൻജിനിയർ | 42-ാം വാർഡിലെ അങ്കണവാടി കെട്ടിടത്തിന്റെ ഭിത്തി പൊളിച്ചു മാറ്റുന്നതിന്. | 30000 | 92/6-16<br>012950/16.06.16 |
| 2 | സി. സുനിൽ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ. | വേളൂർ നേഴ്സറി സ്കൂളിന് സമീപം നിൽക്കുന്ന മരം വെട്ടി മാറ്റുന്നതിന്. | 2300 | 93/6-16<br>012950/16.06.16 |

| | | | | |
|---|---|---|---|---|
| | | | | |
| 3 | സുനിൽ. എം, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ -II | റിപ്പയറിംഗ് ചാർജ്<br>A Zone | 4500 | 151/6-16/22.06.16 |
| 4 | ജാൻസി വർഗ്ഗീസ്, യു.ഡി.സി. | SSLC, +2 അവാർഡ് ദാനം. | 50000 | 240/6-16<br>012950/16.06.16 |
| 5 | സുരേന്ദ്രൻ, ഡഫേദാർ. | 5 ദേശീയ പതാകകൾ വാങ്ങുന്നതിന്. | 3750 | 18/7-16/01.07.16<br>013042 |
| 6 | എം.ആർ. സാനു,<br>ഹെൽത്ത് ഇൻസ്പെക്ടർ | പ്രി-മൺസൂൺ സാനിട്ടേഷൻ വർക്ക്. | 10000 | 37/7-16<br>13044/01.07.16 |
| 7 | ബിനു. പി. കെ,<br>ഹെൽത്ത് ഇൻസ്പെക്ടർ,<br>നാട്ടകം. | പ്രി-മൺസൂൺ സാനിട്ടേഷൻ വർക്ക്. | 10000 | 38/7-16/01.07.16 |
| 8 | ആറ്റ്ലി,<br>ഹെൽത്ത് ഇൻസ്പെക്ടർ,<br>ഡി. സോൺ | പ്രി-മൺസൂൺ സാനിട്ടേഷൻ വർക്ക്. | 10000 | 39/7-16/01.07.16 |
| 9 | അനിൽകുമാർ,<br>ഹെൽത്ത് ഇൻസ്പെക്ടർ,<br>ഡി. സോൺ. | പ്രി-മൺസൂൺ സാനിട്ടേഷൻ വർക്ക്. | 10000 | 40/7-16/01.07.16 |

| | | | | |
|---|---|---|---|---|
| | | | | |
| 10 | ശോഭന,<br>ഹെൽത്ത് ഇൻസ്പെക്ടർ -II. | പ്രി-മൺസൂൺ സാനിട്ടേഷൻ വർക്ക്. | 10000 | 13044/01.07.16 |
| 11 | രാജീവ്. പി. ഏബ്രഹാം, | പ്രി-മൺസൂൺ സാനിട്ടേഷൻ വർക്ക്. | 10000 | 13044/01.07.16 |
| 12 | ശ്യാംകുമാർ. പി. കെ,<br>ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ | സക്രമ വാണിഭം. | 45000 | 110/7-16<br>/14.7.16 |
| 13 | പി. കെ. ബിനു,<br>ഹെൽത്ത് ഇൻസ്പെക്ടർ | നാട്ടകം VHSS നു സമീപത്തെ വൃക്ഷത്തിന്റെ ശിഖരം വെട്ടുന്നതിന് | 8000 | 95/7-16<br>13070/13.07.16 |
| 14 | രാജേഷ്. എം. ആർ,<br>ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ. | അപകടകരമായ വിധത്തിലുള്ള മരം മുറിക്കുന്നതിന്. | 5000 | 96/7-16<br>13070/13.07.16 |
| 15 | സുനിൽ. എം,<br>ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ. | സാനിട്ടേഷൻ ലേബർ. | 7000 | 105/7-16<br>13078/13.07.16 |
| 16 | അജിത്കുമാർ, | 39-ാം വാർഡ് ചിങ്ങവനം | 5000 | 177/7-16/30.07.16 |

| | | | | |
|---|---|---|---|---|
| | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ. | മാർക്കറ്റ് കെട്ടിട വളപ്പിലെ അപകടാവസ്ഥയിലുള്ള മരം മുറിക്കുന്നതിന്. | | |
| 17 | പി. കെ. ബിന്ദു, ഹെൽത്ത് ഇൻസ്പെക്ടർ. | 39-ാം വാർഡിൽ പള്ളം പുറമ്പോക്കിലുള്ള മരം മുറിക്കുന്നതിന്. | 10000 | 178/7-16/30.07.16 |
| 18 | രഞ്ജിത്കുമാർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ. | 35-ാം വാർഡിൽ പന്നിമറ്റം കോളനിയിലെ സെപ്റ്റിക്ക് ടാങ്ക് ക്ലീൻ ചെയ്യുന്നതിന്. | 22000 | 179/7-16/30.7.16 |
| 19 | അജിത്. എസ്, | സ്വാതന്ത്ര്യ ദിനാഘോഷം ചെലവ്. | 20000 | 73/8-16/12.08.16 |
| 20 | സുലഭ, റവന്യൂ ഇൻസ്പെക്ടർ -II | റവന്യൂ നികുതി പരിവ് മൈക്ക് അനൗൺസ്മെന്റ്. | 9000 | 52/2-17/07.02.17 |

മേൽ തുകകൾ ക്രമീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ഹാജരാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നം. 36/2017 തീയതി 11.10.2017 നൽകിയെങ്കിലും മറുപടി ലഭിച്ചിട്ടില്ല. കേരള ഫിനാൻഷ്യൽ കോഡ് വാല്യം.1 ആർട്ടിക്കിൾ 99, ജി.ഒ(പി) നം. 419/11ഫിൻ തീയതി 4/10/11 എന്നിവ പ്രകാരം മുൻകൂർ തുകകൾ 3 മാസത്തിനകം ക്രമീകരിക്കേണ്ടതും മുൻകൂർ തുക ചെലവഴിക്കാത്തതുണ്ടെങ്കിൽ മുൻകൂർ തുക ഒട്ടാകെ 18% പലിശ സഹിതം ഈടാക്കേണ്ടതുമാണ്.

## **3-26** മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണം നടത്തിയ ഫയലുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക തടസ്സപ്പെടുത്തുന്നു

2016-17 സാമ്പത്തിക വർഷം മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഫയലുകളും, ബന്ധപ്പെട്ട രേഖകളും ഓഡിറ്റിന് ലഭ്യമാക്കുന്നതിന് 05/2016-17 തീയതി 09.06.17, 17/2016-17 തീയതി 09.08.17 എന്നീ ഓഡിറ്റ് റിക്വിസിഷനുകളിലൂടെ ആവശ്യപ്പെട്ടിരുന്നു. ഫയലുകൾ ഓഡിറ്റിന് ലഭ്യമാക്കാത്തതിന് കെ.എസ്.എ-കെ.എം.എം.3/402/17 തീയതി 06.10.17 പ്രകാരം മുനിസിപ്പൽ എഞ്ചിനീയറോട് വിശദീകരണം തേടുകയും മറുപടി ഹാജരാക്കാത്തിനാൽ 11.10.17ൽ സമൻസ് [കേരള ലോക്കൽഫണ്ട് ഓഡിറ്റ് ആക്ട് സെക്ഷൻ 11(1)(b), കേരള ലോക്കൽഫണ്ട് ഓഡിറ്റ് റൂൾസ് ചട്ടം 8ഉപചട്ടം (2)] പുറപ്പെടുവിക്കുകയും ചെയ്തു. എന്നാൽ താഴെക്കൊടുത്തിരിക്കുന്ന ഫയലുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

ഫയലുകൾ ഓഡിറ്റിനു ലഭ്യമാക്കുകയോ, വ്യക്തമായ വിശദീകരണം ലഭ്യമാക്കുകയോ ചെയ്യാത്തപക്ഷം കേരള മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 12(2) ൽ അനുശാസിക്കുന്ന പ്രകാരം ഫയലുകൾ നിലവിലില്ലാ എന്ന നിഗമനത്തിൽ മുനിസിപ്പൽ എഞ്ചിനീയർക്കെതിരെ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. ബിൽബുക്കിൽ പ്രവൃത്തിയുടെ പേര് രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഓരോ പ്രവൃത്തിക്കും ചെലവഴിച്ച തുകയുടെ ബിൽ നമ്പർ രേഖപ്പെടുത്താൻ സാധിച്ചിട്ടില്ല.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ തുക |
|---|---|---|---|
| 1 | 21 | 24-ാം വാർഡിൽ തിരുവാതുക്കൽ മൈതാനത്ത് വനിതാ വ്യവസായ പരിശീലനകേന്ദ്രം നിർമ്മാണം. | 85922095 |
| 2 | 23 | വാർഡ് 17ലെ വടക്കേനട റോഡ് നവീകരണം | 1466522 |
| 3 | 24 | 45-ാം വാർഡിലെ പതിനഞ്ചിൽകടവ് മസ്ജിദ് റോഡ് പുനരുദ്ധാരണം. | 99809 |
| 4 | 28 | ചെങ്കോട്ട മടക്കമുകളേൽ റോഡ് കോൺക്രീറ്റിംഗ് വാർഡ് -2 | 299021 |
| 5 | 29 | 17-ാം വാർഡിലെ ജൂബിലി റോഡ് പുതുപ്പള്ളി റോഡിൽ നിന്നും തുടങ്ങി തെക്കോട്ട് പുനരുദ്ധാരണം. | 1596884 |
| 6 | 32 | കുവപ്പാടം കാരിയിൽ ലൈൻ അഴുക്കുചാലും നടപ്പാതയും നവീകരണം വാർഡ് - 29 | 1023628 |
| 7 | 33 | കോട്ടൂർ ഹൗസ് പ്ലോട്ടിന് ഇടയിലൂടെയുള്ള റോഡുകളുടെ പുനരുദ്ധാരണം വാർഡ് - 29 | 5175920 |

| | | | |
|---|---|---|---|
| 8 | 34 | മാർക്കറ്റ് ഇ & എഫ് കെട്ടിടത്തിന ചോർച്ച് തടയുന്നതിനുള്ള ഷീറ്റ് റൂഫിംഗ് വാർഡ് - 20 | 1328661 |
| 9 | 35 | വാർഡ് 46ലെ വല്യമൂപ്പത് റോജ് സൈഡ് പ്രൊട്ടക്ഷൻ & മണ്ണ് ഫില്ലിംഗ്. | 174765 |
| 10 | 36 | 41-ാം വാർഡിലെ മുണ്ടകത്തിൽ കടവ് - കൊട്ടൂർ റോഡ് പാർശ്വഭിത്തി നിർമ്മാണം മണ്ണ് ഫില്ലിംഗ്. | 287096 |
| 11 | 44 | അമ്പലക്കടവ് മാന്താർ, പള്ളിക്കോണം തോട് ക്ലീനിംഗ് | 766836 |
| 12 | 45 | ചെറുവള്ളി തടത്തിൽപ്പറമ്പ് റോഡ് പുനരുദ്ധാരണം<br>വാർഡ് - 36 | 420960 |
| 13 | 46 | സൈഡ് പ്രൊട്ടക്ഷൻ ചിറയിൽ കലുങ്ക് തെക്കേതലയ്ക്കൽ ബണ്ട് റോഡ് വാർഡ് - 27 | 2062252 |
| 14 | 48 | വെട്ടിത്തറ ചിങ്ങവനം പുഴക്കര കനാൽ സംരക്ഷണം വാർഡ് - 37 | 1566000 |
| 15 | 49 | കാവനാടിപ്പാലം പുത്തൻതോട് കനാൽആഴംകൂട്ടി മണ്ണ് സംരക്ഷണം വാർഡ് - 37 | 466000 |
| 16 | 50 | 19-ാം വാർഡിലെ റെയിൽവേ എസ്.സി കോളനി ഡ്രെയിനേജ് വർക്ക് മെയിന്റനൻസ്. | 425368 |

| | | | |
|---|---|---|---|
| 17 | 51 | ഇല്ലിക്കൽ പാറപ്പാടം തോട്ടിലെ മണ്ണ് സംരക്ഷണം, പോള നീക്കൽ വാർഡ് - 45, 46, 47, 26 | 1150000 |
| 18 | 52 | സ്ട്രീറ്റ് ലൈൻ വലിക്കൽ | 1494258 |
| 19 | 60 | തിരുനക്കര ബസ് സ്റ്റാന്റ് പുനരുദ്ധാരണം | 4236418 |
| 20 | 62 | നഗരസഭയ്ക്ക് 52 വാർഡുകളിലും തെരുവ് വിളക്ക് സ്ഥാപിക്കുക. | 1021800 |
| 21 | 69 | വാർഡ് 23ലെ സിംഹാസനപ്പള്ളി റോഡ് നവീകരണം. | 311161 |
| 22 | 130 | 27-ാം വാർഡ് അമ്പലക്കടവ് റോഡ് ഗുരുമന്ദിരം റോഡ് മദ്ധ്യഭാഗം ഉയർത്തി ടാർ ചെയ്യുന്ന വേല. | 273506 |
| 23 | 138 | അമ്പലക്കടവ് കവലയിൽ നിന്നും പറയൻതറ ജെട്ടി വരെയുള്ള റോഡിന്റെ റീ ടാറിംഗും ഓട പുനരുദ്ധാരണവും വാർഡ് -27, 28. | 804146 |
| 24 | 140 | ഒരപാപൻ കുഴി നടപ്പാത പുനരുദ്ധാരണം വാർഡ് - 16 | 220216 |
| 25 | 143 | നാട്ടകം പി.എച്ച്.സി സെന്റർ അറ്റകുറ്റപ്പണി. | 393518 |
| 26 | 152 | ഗവൺമെന്റ് ആയുർവ്വേദ ആശുപത്രി പുനരുദ്ധാരണം വാർഡ് - 40. | 225877 |

| | | | |
|---|---|---|---|
| 27 | 154 | 28-ാം കവല ഇല്ലിക്കൽ റോഡ് സംരക്ഷണം. | 448843 |
| 28 | 182 | 46, 25, 26 വാർഡുകളിലെ പാണംപടി-കൊണ്ടക്കേരി-പെരുമ്പള്ളി-കല്ലുപാലം റോഡി പുനരുദ്ധാരണം. | 833004 |
| 29 | 211 | മട്ടക്കാനി - ദേവലോകം പുനരുദ്ധാരണം റീടാറിംഗ്/ ഐറിഷ് ഡ്രയിൻ | 386206 |
| 30 | 214 | ഹാല്യകുര്യാൻ റോഡ് പുനരുദ്ധാരണം - റീ ടാറിംഗ് വാർഡ് -18 | 244004 |
| 31 | 215 | നാരായണദേവ് റോഡ് പുനരുദ്ധാരണം - റീ ടാറിംഗ് വാർഡ് -18 | 241580 |
| 32 | 216 | അജി എം റോഡ് റീ ടാറിംഗ് റീ കോൺക്രീറ്റിംഗ് വാർഡ് - 31. | 313774 |
| 33 | 227 | കൊപ്രത്ത് അമ്പലം ബൈ ലൈൻ ഫില്ലിംഗ് ഇന്റർലോക്കിംഗ് റീ കോൺക്രീറ്റിംഗ് വാർഡ് - 19. | 367586 |
| 34 | 241 | കുന്നികുഴിച്ചിറ – റബ്ബർബോർഡ് റോഡ് പുനരുദ്ധാരണം വാർഡ് - 15. | 442832 |
| 35 | 246 | ജനശക്തി റോഡ് - ഐറിഷ് ഓട പുനരുദ്ധാരണം വാർഡ് - 15. | 258991 |

| | | | |
|---|---|---|---|
| 36 | 251 | പുല്ലരിക്കുന്ന് - ചെമ്പകശ്ശേരി റോഡ് റീടാറിംഗ് വാർഡ് - 10 | 641018 |
| 37 | 261 | വെടിപ്പുര റോഡ് റീ ടാറിംഗ് ഐറിഷ് ഓട നിർമ്മാണം വാർഡ് - 20, 19. | 162826 |
| 38 | 263 | ഔഗേൻ സ്ട്രീറ്റ് പുനരുദ്ധാരണം വാർഡ് - 20 | 473118 |
| 39 | 267 | റ്റി. ബി. റോഡ്, എം.സി റോഡ് ലൈൻ പുനരുദ്ധാരണം വാർഡ് - 20 | 381480 |
| 40 | 278 | മില്ലേനിയം റോഡ് റീടാറിംഗ് വാർഡ് - 51 | 129297 |
| 41 | 294 | മദ്രസ ഇല്ലത്തുകടവ് റോഡ് നവീകരണം വാർഡ് - 22 | 297075 |
| 42 | 305 | ശാസ്താംകാവ് പാറക്കുളം റോഡ് റീടാറിംഗ് വാർഡ് - 28 | 132899 |
| 43 | 319 | വാർഡ് - 1 കലുങ്ക് ഗുരുമന്ദിരം - പ്ലാമറ്റത്തുമുക്ക് റോഡ് റീടാറിംഗ്. | 400472 |
| 44 | 322 | വാർഡ് - 2 സംക്രാന്തി - വാഴക്കാല – കാലടിമന റോഡ് റീടാറിംഗ് & ഇന്റർലോക്കിംഗ്. | 102595 |
| 45 | 354 | എട്ടൂർ ലെയിൻ പുനരുദ്ധാരണം വാർഡ് - 26 പന്തപ്പാട്ടപാലം കൈവരി അറ്റകുറ്റപ്പണി | 211496 |
| 46 | 365 | കാരാപ്പുഴ എച്ച്.എസ്.എസ് അറ്റകുറ്റപ്പണി വാർഡ് - 23 | 964717 |

| | | | |
|---|---|---|---|
| | | | |
| 47 | 366 | കാരാപ്പുഴ എച്ച്.എസ്. അറ്റകുറ്റപ്പണി വാർഡ് - 23 | 894857 |
| 48 | 377 | വാർഡ് - 20ലെ വയസ്ക്കര മോഡൽ ഹയർസെക്കൻഡറി സ്കൂൾ ടോയ്‌ലെറ്റ് അറ്റകുറ്റപ്പണി - സ്കൂൾ മെയിന്റനൻസ്. | 2198686 |
| 49 | 378 | വാർഡ് - 20ലെ വയസ്ക്കര ഗവൺമെന്റ് യു.പി. സ്കൂൾ മെയിന്റനൻസ്. | 598782 |
| 50 | 379 | വാർഡ് - 20ലെ വയസ്ക്കര പ്രീപ്രൈമറി സ്കൂൾ മെയിന്റനൻസ്. | 374900 |
| 51 | 381 | റബ്ബർ ബോർഡിനു സമീപമുള്ള അങ്കണവാടി മെയിന്റനൻസ് വാർഡ് - 15 | 349491 |
| 52 | 382 | കരിപ്പുറം ലെയിൻ നവീകരണം വാർഡ് - 20 | 353884 |
| 53 | 390 | വി.എച്ച്.എസ്.എസ് കോളേജ് റോഡ് റീകോൺക്രീറ്റിംഗ് ഇൻ വാർഡ് - 42 | 119541 |
| 54 | 394 | റീടാറിംഗ് പുഞ്ച ചേരിക്കൽ റോഡ് വാർഡ് - 34 | 171908 |
| 55 | 404 | എബനസർ റോഡിനു ഐറിഷ് ഡ്രയിൻ വാർഡ് - 17 | 304145 |
| 56 | 411 | വാർഡ് - 6 വെട്ടിക്കുഴി - ചവിട്ടുവരി റോഡ് റീടാറിംഗ്. | 104746 |

| | | | |
|---|---|---|---|
| 57 | 425 | പാക്കിൽ അറക്കപ്പടി സ്കൂൾ - അങ്കണവാടി നടപ്പാത റീകോൺക്രീറ്റ് വാർഡ് - 34 | 87832 |
| 58 | 435 | തച്ചുകുന്ന് കുന്നുപറമ്പിൽ റോഡ് റീടാറിംഗ് വാർഡ് - 31 | 164289 |
| 59 | 482 | ഫോളച്ചിറ കനാൽ കവർ സ്ളാബ് വാർഡ് - 36 | 497490 |
| 60 | 514 | വാർഡ് - 18 അയ്യപ്പൻപിള്ള റോഡിന്റെ സൈഡ് ഭിത്തി നിർമ്മാണം. | 198263 |
| 61 | 518 | വാർഡ് - 17 മുട്ടമ്പലം യു.പി. സ്കൂൾ അങ്കണവാടി അറ്റകുറ്റപ്പണി. | 172955 |
| 62 | 520 | വാർഡ് - 17 സാംസ്കാരികനിലയം അങ്കണവാടി അറ്റകുറ്റപ്പണി. | 327437 |
| 63 | 521 | വാർഡ് - 17 മുട്ടമ്പലം ലൈബ്രറി അറ്റകുറ്റപ്പണി. | 228575 |
| 64 | 522 | വാർഡ് - 18 അങ്കണവാടി നമ്പർ അറ്റകുറ്റപ്പണി. | 154708 |
| 65 | 523 | വാർഡ് - 19 അങ്കണവാടി നമ്പർ നിയർ മുനിസിപ്പൽ ക്വാർട്ടേഴ്സ് അറ്റകുറ്റപ്പണി. | 109635 |
| 66 | 524 | മുള്ളങ്കുഴി ഫ്ലാറ്റ് നിർമ്മാണം രണ്ടാം ഘട്ടം ഇൻ വാർഡ് - 14 | 10000000 |
| 67 | 536 | മൂലങ്കുളം മാലത്തുശ്ശേരി കൊച്ചുമംഗലം റോഡ് റീ കോൺക്രീറ്റ് വാർഡ് - 36 | 204881 |

| | | | |
|---|---|---|---|
| 68 | 537 | സെമിനാരി കാവനാടി റോഡ് ഐറിഷ് ഡ്രയിൻ പുനരുദ്ധാരണം വാർഡ് - 37 | 160594 |
| 69 | 541 | ഫെഡറൽ ബാങ്ക്-ഈട്ടി വെജിറ്റൽ റെയിൽവേ ലൈൻ റോഡ് നിർമ്മാണം വാർഡ് - 37 | 462341 |
| 70 | 544 | ഫാക്ട് കോളനി റോഡ് ഫില്ലിംഗ് & കോൺക്രീറ്റ് വാർഡ് - 38 | 750534 |
| 71 | 545 | നക്കര ഫാക്ട്കുളത്തുങ്കൽ റോഡ് റീ ടാറിംഗ് | 229632 |
| 72 | 549 | SNDP നാൽപ്പതിൽ ചിറ റോഡ് റീ കോൺക്രീര്റിംഗ് വാർഡ് - 39 | 198642 |
| 73 | 552 | കുന്നേൽ റെസിൽ വർക്കേഴ്സ് കോർട്ടേഴ്സ് റോഡ് കോൺക്രീറ്റിംഗ് വാർഡ് - 38 | 387878 |
| 74 | 556 | വടക്കേപ്പറമ്പ് റോഡ് റീ കോൺക്രീറ്റിംഗ് വാർഡ് - 40 | 125933 |
| 75 | 562 | എം.സി. റോഡ് കണിയാംകുളം റോഡ് റീ കോൺക്രീറ്റിംഗ് വാർഡ് - 41 | 157106 |
| 76 | 592 | മുക്കാലിൽ ഭുവനേശ്വരി അമ്പലം റോഡ് വാർഡ് - 24 | 991158 |
| 77 | 594 | തൃക്കയിൽ ടെമ്പിൾ തോട്ടം - റോഡ് റീ കോൺക്രീറ്റിംഗ് വാർഡ് - 30 | 495377 |

| | | | |
|---|---|---|---|
| 78 | 595 | തൃക്കയിൽ താഴവന റോഡ് റീ കോൺക്രീറ്റിംഗ് ബൈ ലൈൻ വാർഡ് - 30 | 456041 |
| 79 | 598 | ചിങ്ങവനം സ്കൂൾ മെയിന്റനൻസ് | 457588 |
| 80 | 638 | പോളച്ചിറ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ വാർഡ് - 37 | 755000 |
| 81 | 654 | നഗരസഭയുടെ കുടിവെള്ള കുടിശ്ശിക വാട്ടർ അതോറിറ്റിയിൽ അടക്കുന്നതിനുള്ള പദ്ധതി | 11117543 |
| 82 | 712 | അറയ്ക്കൽ റോഡ് കോൺക്രീറ്റിംഗ് വാർഡ് - 40 | 222786 |
| 83 | 749 | കുഴൽക്കിണർ നിർമ്മാണം പാലമൂട് ഭാഗം വാർഡ് - 37 | 299483 |
| 84 | 750 | കുഴൽക്കിണർ നിർമ്മാണം പോളച്ചിറ മിഷൻപള്ളി ഭാഗം<br>വാർഡ് - 37 | 263456 |
| 85 | 754 | വിവിധ വാർഡുകളിലെ കുടിവെള്ള പദ്ധതി (ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് മുഖാന്തിരം) | 12859000 |
| 86 | 762 | വിവിധ വാർഡുകളിലെ സ്ട്രീറ്റ്ലൈൻ വലിക്കൽ | 7137342 |
| 87 | 764 | വിവിധ വാർഡുകളിലെ പൈപ്പ് ലൈൻ വലിക്കൽ, കുടിവെള്ള വിതരണം (വരൾച്ച നേരിടുന്നതിനായി ജല വിതരണം ഉറപ്പുവരുത്തൽ കെ.ഡബ്ല്യൂ. ഡിപ്പോസിറ്റ് വർക്ക്) | 12361200 |

| | | | |
|---|---|---|---|
| 88 | 769 | നഗരസഭാ ഓഫീസിൽ ലാപ്ടോപ്പ്, പ്രൊജക്ടർ, സ്കാനർ അനുബന്ധ ഉപകരണങ്ങൾ | 249285 |
| 89 | 775 | നാഗമ്പടം മൈതാനം, നെഹ്റുസ്റ്റേഡിയം, കഞ്ഞിക്കുഴി മെയിൻ ഓഫീസ്, തിരുവാതുക്കൽ എന്നിവിടങ്ങളിലെ കുഴൽക്കിണർ (ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് മുഖേന) | 1000000 |
| | | ആകെ | 18,94,01,454 |

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | വിവിധ വാർഡുകളിൽ സ്ട്രീറ്റ്ലൈൻ വലിക്കുക | | 7137342 | 7137342 | |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | നാഗമ്പടം മൈതാനം നെഹ്റുസ്റ്റേഡിയം കഞ്ഞിക്കുഴി ഓഫീസ്, തിരുവാതുക്കൽ | | 10,00,000 | 10,00,000 | |

| | | | | | |
|---|---|---|---|---|---|
| | കുഴൽക്കിണർ നിർമ്മാണം | | | | |
| കേരള വാട്ടർ അതോറിറ്റി | വിവിധ വാർഡുകളിൽ കുടിവെള്ള പദ്ധതി | | 128,59,000 | 128,59,000 | |
| മൈനർ ഇറിഗേഷൻ | അമ്പലക്കടവ്-മാന്താർ-പള്ളിക്കോണം തോട് ക്ലീനിംഗ് | | 15,00,000 | 15,00,000 | |
| മൈനർ ഇറിഗേഷൻ | ഇല്ലിക്കൽ-പാറപ്പാടം തോട്ടിലെ മണ്ണുവാരൽ-പോളനീക്കം ചെയ്യൽ | | 15,00,000 | 15,00,000 | |
| കേരള വാട്ടർ അതോറിറ്റി | നിലവിലുള്ള പൈപ്പ്ലൈൻ ദീർഘിപ്പിച്ച് വിവിധ വാർഡുകളിൽ കുടിവെള്ളം എത്തിക്കൽ | | 124,15,200 | 123,61,200 | 54,000 |
| കെൽട്രോൺ | നഗരസഭാ മെയിൻ ഓഫീസ് കോമ്പൗണ്ടിൽ സോളാർ പാനൽ സ്ഥാപിക്കൽ | | 15,56,700 | 6,22,680 | 9,34,020 |
| പൊതുമരാമത്ത് വകുപ്പ് | ഗവൺമെന്റ് മുഹമ്മദൻസ് യു.പി. സ്കൂൾ ഇലക്ട്രിഫിക്കേഷൻ | | 1,12,371 | 1,12,371 | |

വിവിധ ഏജൻസികളിൽ നിക്ഷേപിച്ച തുകകളുടെ വിനോയോഗ സാക്ഷ്യപത്രം ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

കെ.യു.ആർ.ഡി.എഫ്.സി ലോൺ ഫയലിൽ നിന്നും ലഭിച്ച വിവരങ്ങൾ പ്രകാരംഓഡിറ്റ് വർഷം നഗരസഭയ്ക്ക് വായ്പയിനത്തിൽ വരവില്ല.മുതൽ,പലിശ ഉൾപ്പെടെ ആകെ 304483/-രൂപ തിരിച്ചടച്ചിട്ടുണ്ട്.ലോൺ ക്ലോസ് ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| കെ.യു.ആർ.ഡി.എഫ്.സി | -- | --- | 287827 | 287827 | 16656 | ഇല്ല |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപതുക | 5873530 |
| തൻവർഷം നിക്ഷേപിച്ച തുക | 587350 |
| ആകെ | 11747060 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ---- |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 11747060 |

സ്ഥിരനിക്ഷേപങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.ആയതിനാൽ കൃത്യത വിലയിരുത്താനായിട്ടില്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 346833/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2014-15 | 3-4 | 22815 | കെ.എസ്സ്.അജയൻ, കോൺട്രാക്ടർ | 01/11601102832/24-06-16 |
| 2014-15 | 3-9 | 9814 | കെ.കെ.അനിരുദ്ധൻ, കോൺട്രാക്ടർ | 124660/23-6-16 |

| | | | | |
|---|---|---|---|---|
| 2014-15 | 3-20 | 16867 | എം .മുരളീകൃഷ്ണൻ, റിട്ട.എക്സിക്യൂട്ടീവ് എൻജിനിയർ | 01/11601500204/18-08-16 |
| 2014-15 | 3-23 | 37260 | കെ.വി.സ്കറിയ, കോൺട്രാക്ടർ | ചെലാൻ നം.50/21-04-16 ട്രഷറിയിൽ ഒടുക്കി |
| 2014-15 | 3-26 | 170588 | എം .മുരളീകൃഷ്ണൻ, റിട്ട.എക്സിക്യൂട്ടീവ് എൻജിനിയർ | 01/11601500212/19-08-16 |
| 2014-15 | 3-28 | 63621 | എം .മുരളീകൃഷ്ണൻ, റിട്ട.എക്സിക്യൂട്ടീവ് എൻജിനിയർ | 01/1601500212/19-08-16 |
| 2014-15 | 3-3 | 16422 | ദീപ എൽ.എസ്സ്, മുനിസിപ്പൽ സെക്രട്ടറി | 11601101755/23-05-16(Rs.10000/-)<br>11601102564/19-06-2016(Rs.5000/-)<br>11601103657/19-07-16(Rs.1422) |
| 2014-15 | 3-22 | 9446 | എ. ജയകുമാർ, അസ്സിസ്റ്റൻറ് എൻജിനിയർ | 126163/09-07-16 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2008-09 | 2.7 | 2012-13 | 4.4.3 | മതിപ്പുവില പോലും ഈടാക്കാതെ കെ.എസ്.ഇ.ബി.ക്ക് വസ്തു കൈമാറി | |
| 2008-09 | 3.1 | 2012-13 | 4.4.4 | ആദായകരമായ പദ്ധതിയായി നിർമ്മിച്ച സംഗീത ജലധാര പ്രവർത്തന രഹിതം-28.34 ലക്ഷം രൂപ പാഴായി | |

## **4-8** ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 600409399 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 586067579 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 204950 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 694488 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 207754056 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-2 | 4650 | | സെക്ഷൻ ക്ലർക്ക് |
| | | | റവന്യൂ ഇൻസ്‌പെക്ടർ |
| | | | ശ്രീ. പി. പി. മോഹനൻ,<br>പി.എ ടു സെക്രട്ടറി<br>(സെക്രട്ടറി ഇൻ -ചാർജ്) |

| | | | |
|---|---|---|---|
| 2-7 | 196800 (82580+114220) | | ശ്രീമതി രാജലക്ഷ്മി എം ആർ,<br>സെക്ഷൻ ക്ളാർക്ക് |
| | | | പി വി തോമസ്, റവന്യൂ ഓഫീസർ (മരണപ്പെട്ടു) |
| | | | ശ്രീ. എ. പി. സതീശൻ,<br>റവന്യൂ ഓഫീസർ |
| 2-19 | 3500 | | ശ്രീ. റ്റി. ജി. പ്രതാപൻ, എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-4 | | 28180 | ശ്രീ. റ്റി. ജി. പ്രതാപൻ, എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-11 | | 617000 | ശ്രീമതി ഗീത അലക്സാണ്ടർ,<br>കൃഷി ഓഫീസർ |
| 3-12 | | 33222 | ശ്രീമതി ഗീത അലക്സാണ്ടർ,<br>കൃഷി ഓഫീസർ |
| 3-15 | | 16086 | ശ്രീമതി സാറാമ്മ എബ്രഹാം,<br>സി.ഡി.പി.ഒ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 7500000 | ശ്രീ. റ്റി. ജി. പ്രതാപൻ, എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-2 | 171500 | ശ്രീ. റ്റി. ജി. പ്രതാപൻ, എക്സിക്യൂട്ടീവ് എഞ്ചിനീയർ |

| | | |
|---|---|---|
| 3-3 | 1175000 | ശ്രീ. റ്റി. ജി. പ്രതാപൻ, എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-4 | 745259 | ശ്രീ. റ്റി. ജി. പ്രതാപൻ, എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-5 | 562939 | ശ്രീ. റ്റി. ജി. പ്രതാപൻ, എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-6 | 2202220 | ശ്രീ. റ്റി. ജി. പ്രതാപൻ, എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-8 | 55942 | ശ്രീ. എ. സി. കുര്യാക്കോസ്, സെക്രട്ടറി |
| 3-9 | 1329691 | ശ്രീ. പി. പി. മോഹനൻ,<br>പി.എ ടു സെക്രട്ടറി (സെക്രട്ടറി ഇൻ -ചാർജ്ജ്) |
| 3-13 | 149469 | ശ്രീമതി സാറാമ്മ എബ്രഹാം, സി.ഡി.പി.ഒ |
| 3-18 | 254600 | ഡോ: അനുഷ്, മെഡിക്കൽ ഓഫീസർ ,<br>പി എച്ച്.സി. നാട്ടകം |
| 3-20 | 4184082 | ശ്രീ. പി. പി. മോഹനൻ,<br>പി.എ ടു സെക്രട്ടറി (സെക്രട്ടറി ഇൻ -ചാർജ്ജ്) |
| 3-21 | 6000 | ശ്രീ. ജി. എസ്സ്. ഡായിമോൻ, എസ്സ്.സി.ഡി.ഒ |
| 3-24 | 15900 | ശ്രീ. പി. പി. മോഹനൻ,<br>പി.എ. ടു സെക്രട്ടറി (സെക്രട്ടറി ഇൻ -ചാർജ്ജ്) |
| 3-26 | 189401454 | ശ്രീ. റ്റി. ജി. പ്രതാപൻ, എക്സിക്യൂട്ടീവ് എഞ്ചിനീയർ |

